Reg. No. 101, M. 2293

ഒറ്റപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | 1125 കർക്കടകം 10—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്—എറണാകുളം 1950 ജൂലൈ 26 | ലക്കം 46

## യാക്കോബായസഭയിൽ
# സമാധാനം സാദ്ധ്യമോ?

( * ജേക്കബ് കിഴക്കഞ്ചേരി, രാമമംഗലം)

നാം അംഗീകരിക്കുന്ന മൂന്നു പൊതു സുനഹദോസുകളിൽ വച്ച് സഭയുടെ നിയമങ്ങളെല്ലാം നിർമ്മിക്കപ്പെട്ടുവെന്നും ആ നിയമങ്ങളനുസരിച്ച് ജീവിക്കേണ്ട ചുമതലയേ നമുക്കുള്ളുവെന്നുമാണല്ലോ യാക്കോബായസഭ നമ്മെ പഠിപ്പിക്കുന്നത്. ഒരു പൊതു സുനഹദോസിനാൽ നിർണ്ണയം ചെയ്യപ്പെട്ടിട്ടുള്ളവ മറ്റൊരു പൊതുസുനഹദോസിനാൽ ഭേദഗതിചെയ്യപ്പെടാമെന്നല്ലാതെ ഓരോ പാത്രിയർക്കീസന്മാർക്കു തനിച്ച് അങ്ങനെ ചെയ്യുവാൻ പാടില്ല. ഇതിനാലാണ് നമ്മുടെ നോമ്പിലും മറ്റും യാതൊരു ഭേദഗതിയും ചെയ്യപ്പെടാതിരിക്കുന്നത്.

നമ്മുടെ മൂന്നു പൊതുസുനഹദോസുകളുടെ കാനോനകളെല്ലാം കൂട്ടിച്ചേർത്ത് ഉണ്ടാക്കിയിട്ടുള്ളതാണ് ഹൂദായ കാനോൻ. ഹൂദായകാനോൻ അനുസരിച്ചാണ് നോമ്പുകൾ നാം ആചരിക്കുന്നതും പള്ളി പടിഞ്ഞാറോട്ടഭിമുഖമായി വയ്ക്കുന്നതും മറ്റും. ഈ ഹൂദായ കാനോനകളിൽ പെട്ട ഒരു കാനോനായാണ് ലോകത്തിന്റെ നാലു ഭാഗത്തിനൊപ്പിച്ച് നാലു പാത്രിയർക്കീസന്മാരുണ്ടായിരിക്കണമെന്നും അവരുടെ എല്ലാം വലിയ തലവൻ റോമ്മായിലിരിക്കുന്ന ആളായിരിക്കണം എന്നും ഉള്ളത്. നാം ഇപ്പോഴും സ്വീകരിക്കുന്ന ഈ പരിശുദ്ധ കാനോനാ അനുസരിച്ച് നമ്മുടെ റീശ് അഥവാ തലവൻ പാത്രിയർക്കീസിനെ നാം അനുസരിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്? അനുസരണമില്ലാതെ എത്ര നൊയമ്പും ഉപവാസവും അനുഷ്ഠിച്ചാലും നമുക്ക് വല്ല പ്രയോജനവും സിദ്ധിക്കുമോ? ഈ കാനോനാ നമുക്കില്ലായിരുന്നുവെങ്കിൽ റീശ് പാത്രിയർക്കീസിനെ അനുസരിക്കാത്തതിലുള്ള പാപം ഇത്ര സ്പഷ്ടമായിരിക്കയില്ലായിരുന്നു. നമ്മുടെ പാത്രിയർക്കീസന്മാരും മെത്രാന്മാരും മറ്റും ഈ പരിശുദ്ധ കാനോനാ നമ്മിൽനിന്നും മറച്ചുവച്ചുകൊണ്ടാണ് നമ്മെ ഇത്രയും നാളും ഭരിച്ചിട്ടുള്ളത്. അനേകകാലത്തെ അക്ഷീണപരിശ്രമത്തിനുശേഷവും നമ്മുടെ സഭയിൽ സമാധാനമുണ്ടാകാതിരിക്കുന്നതിനു കാരണം ഇതുതന്നെയാണെന്നാണ് എന്റെ ദൃഢമായ വിശ്വാസം. അതിനാൽ നമ്മുടെ സഭയിൽ സമാധാനമുണ്ടാകുവാൻ നാം യഥാർത്ഥമായി ആഗ്രഹിക്കുന്നുവെങ്കിൽ ഈ പരിശുദ്ധ കാനോനാ അനുസരിച്ച് തലവനായ റോമ്മാ പാത്രിയർക്കീസിനെ നാം അനുസരിക്കതന്നെ വേണം.

നിക്യായിലെ പൊതുസുനഹദോസിൽവച്ച് അന്നത്തെ പരിശുദ്ധ പിതാക്കന്മാർ റീശ് പാത്രിയർക്കീസായി അംഗീകരിച്ച റോമ്മാപാത്രിയർക്കീസിനെ മറ്റൊരു പൊതുസുനഹദോസിൽവച്ച നാം നിരാകരിച്ചിട്ടില്ല ...... എന്നാൽ പൊതുസുനഹദോസ് റീശ് പാത്രിയർക്കീസായി പ്രഖ്യാപനം ചെയ്യുന്ന ലെ



അടുത്ത വെള്ളിയാഴ്ച നാലാമത്ത ചരമവാർഷികം

യോൻ മാർപ്പാപ്പയെ നമ്മുടെ പട്ടംകൊടശുശ്രൂഷയിൽ നാം ശപിക്കയും ചെയ്യുന്നു. ഏതു പൊതുസുനഹദോസിൽവെച്ചാണ് ഈ ശാപം നടന്നിട്ടുള്ളത് എന്നു നമ്മുടെ വന്ദ്യമെത്രാന്മാരോ വൈദികരോ നമ്മോടു പറഞ്ഞുതരുമോ? ആരിയൂസ്, മക്കദോനിയസ് എന്നി പട്ടക്കാരേയും കുസ്തന്തിനോപ്പോലീസിലെ നെസ്തോറിയസ് പാത്രിയർക്കീസിനേയും മുടക്കുവാൻ നമുക്ക് ഓരോ പൊതുസുനഹദോസ് വിളിച്ചുകൂട്ടേണ്ടിവന്നു. നമ്മുടെ റീശ് പാത്രിയർക്കീസിനെ മുടക്കുവാൻമാത്രം ഒരു പൊതുസുനഹദോസു നമുക്കാവശ്യമില്ലായിരുന്നു * കീഴുള്ള ഒരു പാത്രിയർക്കീസിനു തനിച്ച് ഈ മുടക്കു കല്പിക്കാം. 451-ൽ കൽക്കദോനിയായിൽ സമ്മേളിച്ച പൊതുസുനഹദോസിൽവച്ച് അന്നുണ്ടായിരുന്ന മൂന്നു പാത്രിയർക്കീസന്മാരും 630 പിതാക്കന്മാരുംകൂടി അലക്സാന്ത്രിയായിലെ ദീയസ്കോറസ് പാത്രിയർക്കീസിനെ മുടക്കിയപ്പോൾ അദ്ദേഹം മുടക്കു വകവയ്ക്കാതെ മുടക്കിയവരെ മുടക്കിയമുടക്കല്ലയോ നാം സ്വീകരിക്കുന്നത്? ഇത് യഥാർത്ഥമെങ്കിൽ എത്ര ധിക്കാരമായ ഒരു പ്രവൃത്തിയാണ്. ഇക്കൂട്ടർക്ക് എങ്ങനെ ദൈവാനുഗ്രഹം സിദ്ധിക്കും? എങ്ങനെ ഇവരുടെ സഭയിൽ സമാധാനമുണ്ടാകും? അപ്പനെ ശപിക്കുന്ന മക്കൾക്കു ഗുണമുണ്ടാകുമോ?

കൽക്കദോനിയായെ ഒരു പൊതുസുനഹദോസായി 43 കോടിയോളമുള്ള കത്തോലിക്കർ മാത്രമല്ല സ്വീകരിക്കുന്നത്, പിന്നെയോ 18 കോടിയോളമുള്ള ഗ്രീക്ക് ഓർത്തഡോക്സ്കാരും 22 കോടിയോളമുള്ള പ്രോട്ടസ്റ്റന്റുകാരും, സ്വീകരിക്കുന്നു. അബീസീനിയാ, അർമ്മേനിയാ മുതലായ സ്ഥലങ്ങളിലെ കുറെ ഏകസ്വഭാവവാദികളും $4\frac{1}{2}$ ലക്ഷം മാത്രമുള്ള യാക്കോബായക്കാരും മാത്രമെ ഇതിനെ സ്വീകരിക്കാതിരിക്കുന്നുള്ളൂ. നാം സ്വീകരിക്കാത്തതുകൊണ്ടുമാത്രം കൽക്കദോനിയായുടെ വില കുറയുമോ? അതിനാൽ 630 മെത്രാന്മാരും 3 പാത്രിയർക്കീസന്മാരുംകൂടി മുടക്കിയ മുടക്ക് മുടക്കല്ലെന്നും നാംമാത്രം ഒരു പരിശുദ്ധനായി സ്വീകരിക്കുന്ന ദീയസ്കോറസിന്റെ മുടക്കാണ് സാക്ഷാൽ മുടക്കെന്നും പറയുവാൻ നാം എങ്ങനെ ധൈര്യപ്പെടും?

യേശുമിശിഹാ സ്ഥാപിച്ച സഭ ഏകവും, കാതോലികവും, അപ്പോസ്തോലികവും, വിശുദ്ധവുമാണെന്നു നാം നമ്മുടെ വിശ്വാസപ്രമാണത്തിൽ ഏറ്റുപറയുന്നുണ്ടല്ലോ. സഭ ഏകവും കാതോലികവുമാണെങ്കിൽ അത് ഏകഭരണാധികാരിയുടെ കീഴിൽ ലോകമെങ്ങും ഉൾക്കൊള്ളുന്നതായിരിക്കണം. ഇതിനാലാണല്ലോ ആദിമസഭയിലെ പരിശുദ്ധപിതാക്കന്മാർ റോമ്മാപാത്രിയർക്കീസന്മാരെ റീശ്പാത്രിയർക്കീസന്മാരായി സ്വീകരിച്ചിരുന്നത്. ശ്ലീഹന്മാരുടെ തലവനായ വി. പത്രോസ് റോമ്മിൽ തന്റെ പരമാധികാരസിംഹാസനം സ്ഥാപിച്ചതിനാലാണ് ആദിമക്രൈസ്തവരും അന്നുമുതൽ ഇന്നുവരെയുള്ള ക്രൈസ്തവരിൽ വലിയ ഭൂരിപക്ഷവും അദ്ദേഹത്തിന്റെ പിൻഗാമികളായ റോമ്മാ മാർപ്പാപ്പാമാരെ റീശ്പാത്രിയർക്കീസന്മാരായി സ്വീകരിക്കുന്നത്. "ശ്ലീഹന്മാർ സുവിശേഷം പ്രസംഗിക്കുവാനായി പുറപ്പെട്ടപ്പോൾ ചീട്ടിയിട്ടു. അതിൻപ്രകാരം പത്രോസ് റോമിലെത്തി" എന്നാണല്ലോ നാം നമ്മുടെ കർബാനക്രമത്തിൽ പാടുന്നത്. (വലിയ കു. ക്രമം പു. 242) അതിനാൽ അന്ത്യോക്യായിലല്ല റോമ്മിലാണ് വിശുദ്ധ പത്രോസ് തന്റെ പരമാധികാരസിംഹാസനം സ്ഥാപിച്ചിട്ടുള്ളത് എന്നു വ്യക്തമാകുന്നുണ്ടല്ലോ. വി. പൗലോസ് അനേകസ്ഥലങ്ങളിൽ സുവിശേഷം പ്രസംഗിക്കുകയും മെത്രാന്മാരെ വാഴിക്കയും ചെയ്തിട്ടുള്ളതുപോലെ വി. പത്രോസും റോമിലേക്കുള്ള തന്റെ യാത്രയിൽ അന്ത്യോക്യായിലും സുവിശേഷം പ്രസംഗിക്കയും അവിടെ ഒരു മെത്രാനെ വാഴിക്കയുംചെയ്തുവെന്നേയു

(ശേഷം 12-ാം പേജിൽ)

* ലേഖകൻ ഒരു യാക്കോബായക്കാരനാണ്.

* പൊതുസുനഹദോസ് തിരുസ്സഭാദ്ധ്യക്ഷൻ വിളിച്ചുകൂട്ടേണ്ടതും, അദ്ദേഹംതന്നെ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി അതിൽ അദ്ധ്യക്ഷത വഹിക്കേണ്ടതും, അതിലെ നടപടികൾ സാധുവാകാൻ അവയെല്ലാം അദ്ദേഹം അംഗീകരിക്കേണ്ടതുമാണ്. ആകയാൽ തിരുസ്സഭാദ്ധ്യക്ഷനെ മുടക്കുവാൻ പൊതുസുനഹദോസിനു സാദ്ധ്യമല്ലെന്നുള്ളതു സ്മരണീയമത്രെ. ഈ സംഗതി ലേഖകൻതന്നെ പിന്നീട് വിശദമാക്കുന്നുണ്ട്. (പത്രാധിപർ)

ജോസഫും മത്തപ്പനും ഉത്തമസഖികളായിരുന്നു. ഒരേ ഞെട്ടിൽ വിടർന്ന രണ്ടു മനോജ്ഞകുസുമങ്ങൾപോലെ ആ കുട്ടികൾ ഒന്നിച്ചു വളർന്നു. കളരിയിലും, തേന്മാവിൻചുവട്ടിലും, ശിക്ഷാദണ്ഡിനുമുൻപിലും അവർ പിരിയാറില്ല. ജീവിതം എന്താണെന്നറിയാതെ ആ സ്നേഹഭാജനങ്ങൾ വളർന്നുവന്നു. ജോസഫ് പാവപ്പെട്ട ഒരു കൃഷിക്കാരന്റെ മകനാണു്. മത്തപ്പൻ ധനസ്ഥിതിയുള്ള ഒരു കുടുംബത്തിലെ ഏകാവകാശിയും. എന്നാൽ ഈ ഭൗതികാസമത്വങ്ങളൊന്നും അവരുടെ പാവനമായ സൗഹൃദബന്ധത്തിൽ ഉച്ചനീചത്വങ്ങളുണ്ടാക്കിയില്ല.

ഇളംകാററു വീശിയാൽ രണ്ടുപേരും മാഞ്ചുവട്ടിൽ എത്തുകയായി. ചാഞ്ഞു നിലംപാററി പടർന്നുകിടക്കുന്ന തേന്മാവിൻകൊമ്പുകളിൽ കയറി അലസമായി ചാഞ്ചാടുകയായിരുന്നു അവരുടെ പ്രധാനവിനോദം. അന്യോന്യം കഥകൾ പറയും; ഇടയ്ക്കിടെ പാടും; പൊട്ടിച്ചിരിക്കും; ചിലപ്പോൾ പരിഭവംപൂണ്ടു പിറുപിറുക്കും; തമ്മിൽ വഴക്കുകൂടും; ഉത്തരക്ഷണത്തിൽ അവയെല്ലാം മറക്കും. ഇങ്ങനെ ആ കൊച്ചുജീവിതങ്ങൾ മുന്നോട്ടുനീങ്ങി. പണവും പ്രതാപവും ലഭിക്കുവാനുള്ള ദുരയോ, ജീവിതാവശ്യങ്ങൾ നിർവ്വഹിക്കുന്നതിലുള്ള വ്യഗ്രതയോ ഒന്നുംതന്നെ അവരുടെ ജീവിതയവനികയിൽ വിഷാദത്തിന്റെ കരിനിഴൽ വീഴിച്ചില്ല. സ്ഫടികംപോലെ നിർമ്മലമായ ജീവിതം! ഹാ! ശൈശവമേ! ലോകരക്ഷകനായ ക്രിസ്തുനാഥൻപോലും നിന്റെ അത്യധികമായ മാഹാത്മ്യത്തെ ആദരിച്ചു; ശ്ലാഘിച്ചു. കാപട്യംനിറഞ്ഞ ഇന്നത്തെ ലോകം ശിശുഹൃദയങ്ങളുടെ ആത്മാർത്ഥതയുള്ളനുന്ന, വഞ്ചനയറിയാത്ത പരസ്പരസ്നേഹത്തെ കണ്ടുപഠിച്ചിരുന്നെങ്കിൽ!

അവർ കൗമാരാവസ്ഥയിലേക്കു് കടന്നു. കഥകൾ വായിക്കുവാൻ അവർക്കു് വളരെ ഇഷ്ടമാണു്. ഒരിക്കൽ മത്തപ്പൻ ഒരു ചെറിയകഥ ജോസഫിനെ വായിച്ചുകേൾപ്പിച്ചു. ഒരു പക്ഷി ഒരു മരക്കൊമ്പത്തു കൂടുകെട്ടി. അതിൽ മുട്ടയിട്ടു. മുട്ടകൾ വിരിഞ്ഞു് പക്ഷിക്കുഞ്ഞുങ്ങൾ പുറത്തുവന്നു. തള്ളപ്പക്ഷി ആഹാരംതേടി പുറത്തുപോയാൽ തിരികെവരുന്നതുവരെ കുഞ്ഞുങ്ങൾ അക്ഷമരായി കാത്തിരിക്കും. വേനൽവന്നു. മരക്കൊമ്പിന്റെ ഇലകൾ എല്ലാം പൊഴിഞ്ഞുപോയി. ചിറകുമുളയ്ക്കാത്ത കുഞ്ഞുപക്ഷികൾ സൂര്യന്റെ ഉഗ്രമായ ചൂടേററു് തളർന്നുതുടങ്ങി. ക്ഷീണവും ദാഹവുംകൊണ്ടു് കുഞ്ഞുങ്ങൾ വിലപിച്ചു. ഈ ദുരവസ്ഥയിൽ തള്ളപ്പക്ഷിയുടെ ഹൃദയം തകർന്നുപോയി. അവൾ വളരെയേറെ ചിന്തിച്ചു ഇതിനു് ഒരു പ്രതിവിധി കണ്ടുപിടിക്കാൻ. അവസാനം അവൾ ഒരു സൂത്രം പ്രയോഗിച്ചു. തന്റെ ചിറകുകൾ വിരിച്ചുപിടിച്ചു് കുഞ്ഞുങ്ങളുടെ കൂടിനുമുകളിലായി പറന്നുപറന്നു നില്ക്കുക. വെയിലാറുന്നതുവരെ അവൾ അങ്ങനെ ചെയ്തു. ആ തള്ള വല്ലാതെ ക്ഷീണിച്ചു; ചിറകുകൾ തളർന്നു. എന്നിട്ടും ആ ത്യാഗിനി തന്റെ ജോലി ദിവസവും തുടർന്നുകൊണ്ടേയിരുന്നു.

അങ്ങനെ കുഞ്ഞുങ്ങൾ വളർന്നു. അവയ്ക്കു് ചിറകുകൾ മുളച്ചു. എങ്കിലും വേണ്ടത്ര പ്രായമാകാത്തതിനാൽ തള്ള അവരെ പറക്കുവാൻ അനുവദിച്ചില്ല. അതിനാൽ അവർക്കു കോപമായി. തങ്ങൾക്കു് സ്വാതന്ത്ര്യം അനുവദിക്കാത്ത ആ തള്ളപ്പക്ഷി ഒരു പഴമക്കാരിതന്നെയെന്നു് അവർ നിർവ്വിശങ്കം വിധികല്പിച്ചു. അവളെ കൂട്ടിൽനിന്നും ഓടിക്കേണ്ടതാണെന്നു് അവർ തീരുമാനിച്ചു. ആഹാരംതേടി വെളിയിൽപോയിരുന്ന തള്ള കൂടിന്റെ വാതില്ക്കൽ വന്നപ്പോൾ ആ മക്കൾ ഒന്നടങ്കം സംഘം ചേർന്നു് തള്ളയെ കൊത്തിയോടിക്കുതന്നെ ചെയ്തു. ആ തള്ള ഹൃദയം തകർന്നു് അവിടെ വീണു മരിച്ചു.

കഥ വായിച്ചുതീർന്നു. ജോസഫിന്റെ ഹൃദയത്തിൽ വികാരത്തിന്റെ ഒരു വേലിയേററം ഉണ്ടായി. അവൻ ആ തള്ളപ്പക്ഷിയുടെ പരിത്യാഗത്തെയും അതിനുപകരമായി അവൾക്കു് ലഭിച്ച നിന്ദ്യമായ നന്ദിഹീനതയേയും ഓർത്തു് നെടുവീർപ്പിട്ടു. ത്യാഗസുരഭിലമായ സേവനം ജീവിതത്തിൽ എത്ര മഹത്തരമാ

ചെറുകഥ

# സ്നേഹിതൻ

(പി. ടി. ജോൺ, പാറമ്പുഴ)


ണെന്നു് അവർ മനസ്സിലാക്കി. ആ കഥ ആ നിർമ്മലഹൃദയത്തിൽ മനോജ്ഞമായ ചില നൂതനാശയങ്ങൾക്കു വിത്തുപാകി.

കാലങ്ങൾ മുന്നോട്ടുനീങ്ങി. അനേകം പരിവർത്തനങ്ങൾക്കു സാക്ഷ്യം വഹിച്ചുകൊണ്ടു് വത്സരങ്ങൾ ഒന്നൊന്നായി കടന്നുപോയി. ജോസഫ് സാമാന്യവിദ്യാഭ്യാസം കഴിഞ്ഞു് ഒരു കൃഷിക്കാരനായിമാറി. കൂടുതൽ പഠിക്കുവാൻ അവന്റെ ധനസ്ഥിതി അവനെ അനുവദിച്ചില്ല. തന്റെ പൂർവ്വികന്മാർ ചെയ്തുപോന്ന പാവനമായ തൊഴിലിൽ അവൻ അഭിമാനംപൂണ്ടു. മത്തപ്പനാകട്ടെ, ഉന്നതവിദ്യാഭ്യാസംചെയ്തു് ഒരു ഒന്നാംതരം പരിഷ്കാരിയുവാവായിത്തീർന്നു. പഠനശേഷം അയാൾ ഒരു ബാങ്കുമാനേജരായി ഉദ്യോഗം സ്വീകരിച്ചു.

അങ്ങനെ ഇരുവരും വ്യത്യസ്തങ്ങളായ രണ്ടു ജീവിതമാർഗ്ഗങ്ങൾ അവലംബിച്ചു. രണ്ടുപേരുടെയും ചിന്താമണ്ഡലങ്ങളും വിഭിന്നങ്ങളായി.

ജീവിതവ്യഗ്രതകൾ സൂര്യോദയത്തിന മുൻപുതന്നെ ജോസഫിനെ വിളിച്ചുണർത്തും. ലോകരംഗിയിൽ തന്നെക്കാൾ അല്പംമാത്രം താണ രണ്ടു കാളകളെ മുമ്പിൽ നടത്തി ആ അദ്ധ്വാനശീലൻ കലപ്പയുമായി വയലിലേക്കു പോകും. അവിടെ അയാൾ സായാഹ്നസന്ധ്യവരെ പണിയെടുക്കും. അയാളുടെ വിയർപ്പിന്റെ ഫലമായി നെല്ലും, വാഴയും, പച്ചക്കറികളും തഴച്ചു വളർന്നു. വിശ്രമദിവസങ്ങളിൽ സായംകാലത്തു് അവൻ തന്റെ കൃഷികളെ നോക്കി നോക്കി അഭിമാനം കൊള്ളാറുണ്ടു്, ആനന്ദിക്കാറുണ്ടു്. സമ്പത്തും പ്രതാപവും ഇല്ലെങ്കിലും അവനു് എന്തെന്നില്ലാത്ത ഒരു ആത്മസംതൃപ്തി അനുഭവപ്പെടാറുണ്ടു്. ചിലപ്പോൾ അവൻ വയൽവക്കത്തു് പുൽത്തകിടിയിലിരുന്നു് തന്റെ ചെറുപ്പകാലത്തെപ്പററി ചിന്തിക്കും. ഇന്നു മത്തപ്പന്റെ സ്ഥിതി എന്തു്? അവൻ എന്തു പ്രതാപത്തോടുകൂടി ജീവിക്കുന്നു! അവന്റെ ഹിതാനുവർത്തികളായി പരിജനങ്ങളുണ്ടു്; യാത്രചെയ്യുവാൻ കാറുണ്ടു്; താമസിക്കുവാൻ വന്മാളികയുണ്ടു്. എന്നാൽ തന്റെ സ്ഥിതിയോ? മുകളിൽ താരകാലംകൃതമായ നീലാകാശവും താഴെ പച്ചപ്പട്ടു വിരിച്ച വയലുകളും മാത്രം! ആത്മാർത്ഥതയുടെ ചിതാഭസ്മം പൂശി പുതുമ ചേർത്തു് പ്രദർശിപ്പിക്കുന്ന അഭിനവപരിഷ്കാരത്തിന്റെ കാപട്യങ്ങളൊന്നും അയാൾക്കറിവില്ല. ഈ വിശാലതപ്പോലെ വ്യക്തവും വിശാലവുമായ സത്യം എന്തു പഠിപ്പിക്കുന്നുവോ അതു് അനുസരിച്ചുകൊണ്ടു് അയാൾ ജീവിക്കുന്നു.

ഒരാണ്ടിൽ ആ നാട്ടിലെങ്ങും കൃഷിപ്പിഴ നേരിട്ടു. ജോസഫിന്റെ കൃഷികളെല്ലാം ഉണങ്ങിപ്പോയി. സർവത്ര ക്ഷാമംവന്നു. ജോസഫ് നിക്ഷേപിച്ചുവച്ചിരുന്ന ഭക്ഷ്യസാധനങ്ങൾ എല്ലാം തീർന്നു. കർക്കടകമാസം കാലവുമായി. ജീവിതം പോറുവാൻ യാതൊരു മാർഗ്ഗവും കാണാതെ അവൻ വിഷമിച്ചു. രൂക്ഷമായ പട്ടിണിമൂലം ശരീരം നന്നേ ക്ഷീണിച്ചു. തന്റെ സ്നേഹഭാജനമായിരുന്ന മത്തപ്പനെ ചെന്നു കണ്ടാൽ എന്തെങ്കിലും സഹായം ലഭിക്കുമെന്നു് അവൻ ആശിച്ചു. എന്നാൽ എങ്ങനെ ചോദിക്കും? ആ അഭിമാനസമ്പന്നനായ കർഷകൻ ചിന്തിച്ചു. ഇല്ല, തന്റെ ദീനതാപം അറിഞ്ഞാൽ കണിശമായും മത്തപ്പൻ സഹായിക്കും. മനോജ്ഞമായ ബാല്യകാലം അയാൾ മറന്നുകാണുകയില്ല. ഏതൊരാൾക്കും മറക്കുവാനാവാത്ത ഒന്നല്ലേ ബാല്യകാലം? ഏതായാലും ചെന്നു കാണുകതന്നെ—അവൻ തീർച്ചപ്പെടുത്തി.



"സമയമായി. ജോസഫ് ചേട്ടൻ ഇപ്പോൾ പോവുകയായിരിക്കും അല്ലേ?"
മത്തപ്പൻ നടന്നുകൊണ്ടു ചോദിച്ചു.

വീട്ടിലുണ്ടായിരുന്ന ഒരു ചെമ്പുപാത്രം പണയംവച്ചു് അയൽവീട്ടിലെ തോമാച്ചേട്ടനോടു് 5 രൂപാ വാങ്ങിച്ചു. അങ്ങനെ വണ്ടിക്കൂലിക്കു പണമുണ്ടാക്കി.

കൊല്ലത്താണു് മത്തപ്പന്റെ ജോലി. മത്തപ്പന്റെ ബംഗ്ളാവിൽ രണ്ടുമൂന്നു ദിവസം താമസിച്ചിട്ടു് തിരിച്ചുപോരാമെന്നുള്ള ചിന്തയോടുകൂടി അവൻ പുറപ്പെട്ടു.

അവൻ കയറിയിരുന്ന വണ്ടി കൊല്ലത്തു നിന്നു. അവൻ അന്നാദ്യമായിട്ടാണു് ആ പട്ടണം കാണുക. തീരെ അപരിചിതമായ സ്ഥലം. മത്തപ്പൻ വസിക്കുന്നതെവിടെയാണെന്നു് കണ്ടുപിടിക്കുവാൻ അവനു് വളരെ പ്രയാസം നേരിട്ടു. പലരോടും തെരക്കി. അവസാനം ഒരു പഥികൻ ഒരു ഉയർന്ന മാളിക അവനു് ചൂണ്ടിക്കാണിച്ചുകൊടുത്തു.

ജോസഫ് ഒരു വിരുന്നുകാരനെപ്പോലെതന്നെ പടികടന്നു് അകത്തേക്കു കയറി. ഒരു വെളുത്തു തടിച്ച മനുഷ്യൻ എവിടെയോ പോകുന്നതിനു് ഒരുങ്ങി നില്ക്കുന്നതായി കാണപ്പെട്ടു. ജോസഫ് സൂക്ഷിച്ചു നോക്കി. അതേ, അതു മത്തപ്പൻതന്നെ. ഹോ! എന്തു മാററം! 18 കൊല്ലങ്ങൾക്കുശേഷം മത്തപ്പനെ ആദ്യമായി കാണുകയാണു്. ജോസഫിനു് തന്റെ ദൈന്യത്തെപ്പററിയും ദരിദ്രവേഷത്തെപ്പററിയും ലജ്ജയുണ്ടായി. എങ്കിലും അവൻ ധൈര്യം അവലംബിച്ചു.

"എന്താ വന്നതു്? എവിടുന്നാ?"

ഇടിവെട്ടുപോലെ ഈ ചോദ്യം ജോസഫിന്റെ ചെവികളിൽവന്നലച്ചു. അയാളുടെ തല കറങ്ങുന്നതുപോലെ തോന്നി. അയാൾ പരിതഃസ്ഥിതികൾക്കു് അജ്ഞാതനായി ഒരു നിമിഷനേരം നിന്നുപോയി.

"എന്നെ അറിയുകയില്ലേ? സൂക്ഷിച്ചു നോക്കിയാട്ടെ. വർഷങ്ങൾ അനേകമായി. ആളറിഞ്ഞില്ലായിരിക്കും, അല്ലേ?" അവൻ പറഞ്ഞുതീർത്തു.

"കണ്ടിട്ടുള്ളതുപോലെ തോന്നുന്നു. എവിടെവെച്ചാണെന്നു് ഓർമ്മയില്ല."

"ഞാൻ പഴയ ജോസഫ് തന്നെയാണു്. ഓർക്കുന്നില്ലേ നമ്മുടെ ബാല്യകാലം—"

"ഓഹോ! ശരിശരി. ജോസഫ് ചേട്ടൻ അല്ലേ? അപ്പോൾ പിന്നെ എന്താ ഇതിലേക്കൊക്കെ?" മത്തപ്പൻ അന്വേഷിച്ചു.

"ഓ, നിങ്ങളെയൊക്കെ ഒന്നു കാണാമെന്നു വിചാരിച്ചു വന്നതാ. കുറേകാലങ്ങളായില്ലേ. അതുകൊണ്ടുമാത്രം."

ജോസഫിനു് എന്തെന്നില്ലാത്ത ഒരു കുറവുതോന്നിച്ചു. അയാളുടെ അഭിമാനം മുഴുവൻ ക്ഷതപ്പെട്ടു. അവൻ ആ മുററത്തുതന്നെ നില്ക്കുകയാണു്. കുബേരനായ മാനേജർ മത്തപ്പൻ ഒരു ഇരിപ്പിടം നല്കുകപോലും ചെയ്തില്ല.

"അപ്പോൾ എനിക്കു് ഉടനേ പോകേണ്ടിയിരിക്കുന്നു. ഇന്നു ബാങ്കിൽ "ഡയറക്ടേഴ്സ് മീററിംഗ്" ഉണ്ടു്; സമയമായി. ജോസഫ് ചേട്ടൻ ഇപ്പോൾ പോവുകയായിരിക്കും അല്ലേ?" മത്തപ്പൻ നടന്നുകൊണ്ടു ചോദിച്ചു.

"അതേ," ജോസഫ് അഭിമാനംവിടാതെ പറഞ്ഞു. മത്തപ്പൻ നടന്നുമറയുന്നതുവരെ ജോസഫ് നോക്കിക്കൊണ്ടുനിന്നു. എന്തെല്ലാം വികാരങ്ങളാണു് ജോസഫിന്റെ ഹൃദയത്തിൽ തിരയടിച്ചതു്! വിശപ്പും, ദാഹവും, യാത്രാക്ഷീണവും എങ്ങനെയും സഹിക്കാം; ഏററവും നിശിതമായ മത്തപ്പന്റെ വാക്കുകൾ സഹിക്കുവാൻ ആ ഹൃദയസമ്പന്നനു് വിഷമമായിരുന്നു. അവ അവന്റെ ഹൃദയത്തിൽ തറച്ചതുപോലെ അവനെ വേദനിപ്പിച്ചു. സ്നേഹത്തിന്റെ നീരുറവ വററിവരണ്ടുപോയ ആ ദഹിക്കുന്ന മരുഭൂമിയിൽ അയാൾ അല്പസമയം നിന്നു.

"ആരാ അവിടെ നില്ക്കുന്നതു്? യജമാനൻ ആഫീസിൽ പോയതു കണ്ടില്ലേ? ഇനി ഇവിടെ നില്ക്കുവാൻ പാടില്ല." ഒരു സേവകന്റെ ആജ്ഞാസ്വരമായിരുന്നു അതു്.

ജോസഫ് വേഗം മൗനമായി "ഗയിററി"നു് പുറത്തിറങ്ങി തെരുവീഥിയിൽക്കൂടി നടന്നു.

* * *

വർഷങ്ങൾ അഞ്ചുകഴിഞ്ഞു. ജോസഫിനു് ഇന്നു ക്ഷാമമില്ല. അവന്റെ വയലുകൾ ഫലസമൃദ്ധങ്ങളായി പുഞ്ചിരിച്ചു. ഇന്നും അവനു് ഒരു കൊച്ചുവീടു മാത്രമേയുള്ളൂ. മത്തപ്പന്റെ സഹായഹസ്തങ്ങൾ അവനു ലഭിച്ചില്ലെങ്കിലും ദീനവത്സലനായ ദൈവം അവനെ പരിത്യജിച്ചില്ല. അവൻ വളർത്തിയ തെങ്ങും മാവും മധുനിറഞ്ഞ ഫലങ്ങൾ ചുമന്നുകൊണ്ടു് അവനോടൊപ്പംതന്നെ ലോകസേവനം നിർവ്വഹിച്ചു. അവനു് ഇന്നു് ഒന്നിന്റേയും കുറവുണ്ടായിരുന്നില്ല. എങ്കിലും മത്തപ്പനെപ്പററി ഓർക്കുമ്പോൾ അവൻ ദുഃഖിതനാകാറുണ്ടു്. ലോകത്തിന്റെ ഗതിവൈചിത്ര്യത്തെ അത്ഭുതത്തോടുകൂടിയാണു് അവൻ വീക്ഷിച്ചതു്.

ഒരുദിവസം ജോസഫ് പത്രം വായിക്കുകയായിരുന്നു. യാദൃച്ഛികമായി ഒരു കോളംവാർത്ത അയാളെ ആകർഷിച്ചു. അയാൾ വായിച്ചു: "സ്ഥലത്തെ ഒരു സുപ്രസിദ്ധ ബാങ്കുപ്രവർത്തകനായ മി. മത്തപ്പൻ ഗുരുതരമായ ദേഹാസ്വാസ്ഥ്യം മൂലം ഡിസ്ട്രിക്ട് ആസ്പത്രിയിൽ ചികിത്സയിലിരിക്കുന്നതായറിയുന്നു."

ജോസഫ് വളരെ ദുഃഖിച്ചു. ഗുരുതരമായ ദേഹാസ്വാസ്ഥ്യം! അവൻ അമ്പരന്നു. പ്രിയപ്പെട്ട മത്തപ്പനെ—അവൻ എത്ര നിഷ്കരുണം പെരുമാറിയതായിരുന്നാലും ശരി—ചെന്നു കാണുകതന്നെ. അവൻ തീർച്ചയാക്കി. തന്റെ സ്നേഹിതനെ അവന്റെ അന്ത്യാപത്തിൽ—ഒരുപക്ഷേ അതു് മരണകാരണമായിരിക്കയില്ലെന്നു് ആരറിഞ്ഞു—

(ശേഷം 11-ാം പേജിൽ)

# തീർത്ഥകസ്മരണകൾ

II

ജൂബിലിവർഷ തീർത്ഥാടനം ആരംഭിക്കുന്നതിനുമുമ്പു നമ്മുടെ പിതാവായ മാർത്തോമ്മായുടെ കബറിടത്തിങ്കൽ ചെന്നു വണങ്ങി, അവിടുത്തെ അനുഗ്രഹാശിസ്സുകൾ അഭ്യർത്ഥിക്കുന്നതു് അവസരോചിതമായിരിക്കുമെന്നു എനിക്കു തോന്നി. അതനുസരിച്ചു യാത്രാമദ്ധ്യേ മദിരാശിയിൽ ഒരു ദിവസം താമസിക്കയും, റെയിൽവെ ജോലിക്കാരനായ എന്റെ ഒരു മാന്യസുഹൃത്തുമൊന്നിച്ചു മാർത്തോമ്മാക്കുന്നിൽ ചെന്നു കുമ്പിടുകയും ചെയ്തു. സെന്തോമസ് മൗണ്ടു് എന്ന പ്രസിദ്ധ തീർത്ഥകേന്ദ്രത്തിന്റെ സംരക്ഷകരായ സന്യാസിനികൾ ആദരപൂർവ്വം ഞങ്ങളെ സ്വാഗതമരുളി സ്വീകരിച്ചു.

ആ കുന്നിൻമുകളിൽ മദിരാശി നഗരത്തെ മാത്രമല്ല, ഭാരതത്തെതന്നെയും ആശീർവ്വദിപ്പാനെന്നോണം തലയുയർത്തി നില്ക്കുന്ന ഒരു പുരാതനദേവാലയമുണ്ടു്. അതിലെ ദർശനീയങ്ങളായ സ്മാരകസാധനങ്ങളും സ്ഥലങ്ങളും അവർ ഞങ്ങളെ കൊണ്ടുനടന്നു കാണിച്ചുതന്നു. മാതാവിന്റെയും ഉണ്ണിയുടേയും പഴക്കം തോന്നിക്കുന്നതെങ്കിലും വർണ്ണഭേദങ്ങളേറ്റിട്ടില്ലാത്ത ഒരു പടം പ്രധാന ബലിപീഠത്തിൽവെച്ചു പൂജിച്ചുവരുന്നുണ്ടു്. അതു വി. ലൂക്കാ വരച്ചുണ്ടാക്കിയതാണെന്നാണു പാരമ്പര്യം. വളരെയധികം പഴക്കമുള്ള കഥകൾ പറയുവാൻ അതിനു കഴിയുമെങ്കിലും, പതിനാലു നൂറാണ്ടത്തെ ചരിത്രം അതിന്റെ പിന്നിലുണ്ടെന്നു വിശ്വസിക്കുവാൻ അത്ര എളുപ്പമല്ലെന്നാണു എനിക്കു തോന്നിയതു്. കുരിശിന്റെ രൂപം കൊത്തിയിട്ടുള്ള ഒരു കൃഷ്ണശിലാഫലകവും അവിടെ കാണാം. തൽസമക്ഷമായിരുന്നുവത്രെ മാർത്തോമ്മാ പ്രാർത്ഥിച്ചിരുന്നതു്.

തീർത്ഥയാത്രയുടെ ശുഭപര്യവസാനം മഹാപിതാവിന്റെ മദ്ധ്യസ്ഥതയിൽ ഭരമേല്പിച്ചു. അജ്ഞതയുടേയും അന്ധവിശ്വാസങ്ങളുടേയും കൂരിരുളിൽ ഇനിയും തപ്പിത്തിരിഞ്ഞു വലയുന്ന ഭാരതമാതാവിന്റെ ലക്ഷോപലക്ഷം അരുമസന്താനങ്ങളെ സത്യവിശ്വാസത്തിന്റെ നേർവെളിച്ചത്തിലേക്കാനയിക്കുവാൻ സെന്തോമസിനോടു സർവ്വാത്മനാ പ്രാർത്ഥിച്ചതിനനന്തരം ഞങ്ങൾ യാത്രപറഞ്ഞു പിരിയാൻ ഭാവിച്ചപ്പോൾ, സ്നേഹസ്വഭാവിനികളായ ആ കന്യകകൾ ഞങ്ങളെ തൊട്ടടുത്തുള്ള അവരുടെ ആശ്രമത്തിലേക്കു സാദരം ക്ഷണിച്ചു. പൂമുഖത്തെത്തിയപ്പോൾ മേശപ്പുറത്തു ലഘുഭക്ഷണവിഭവങ്ങൾ ഞങ്ങളെ പ്രതീക്ഷിച്ചിരിപ്പുണ്ടായിരുന്നു. ഇംഗ്ലണ്ടു്, ഹോളണ്ടു്, ബെൽജിയം ആദിയായ ദൂരരാജ്യങ്ങളിൽനിന്നും ഇരുപതും, മുപ്പതും, നാല്പതും വർഷങ്ങൾക്കുമുമ്പു് അവർ ഇന്ത്യയിൽ വന്നവരാണെന്നും, സ്വദേശങ്ങൾ വീണ്ടും സന്ദർശിപ്പാൻ അവർക്കു സാധിച്ചിട്ടില്ലെന്നും, ഭാരതത്തിന്റെ ക്രൈസ്തവീകരണത്തിനും അങ്ങനെ ഇന്ത്യയുടെ പ്രഥമാപ്പസ്തോലൻ തുടങ്ങിവെച്ച ദിവ്യപ്രേഷിതത്വത്തിന്റെ യഥാസമയത്തുള്ള പൂർത്തീകരണത്തിനുംവേണ്ടി പ്രാർത്ഥിക്കുവാനും പ്രയത്നിക്കുവാനും ജീവാർപ്പണം ചെയ്തിട്ടുള്ള തങ്ങൾക്കു ഭാരതമണ്ണിൽതന്നെ മണ്ണടിയുവാനാണു് ആഗ്രഹമെന്നും മററും സംഭാഷണമദ്ധ്യേ അവർ സൂചിപ്പിക്കയുണ്ടായി. വിദേശയാത്രയിൽ തരപ്പെട്ടാൽ തങ്ങളുടെ മാതൃരാജ്യങ്ങളും സന്ദർശിക്കണമെന്നും, വിശുദ്ധന്മാരുടെ ശവകുടീരങ്ങളിലും ഇതരതീർത്ഥകേന്ദ്രങ്ങളിലും ആ തപസ്വിനികളേയും സ്മരിക്കണമെന്നുമുള്ള ആശയും അവർ പ്രകാശിപ്പിക്കാതിരുന്നില്ല. എന്റെ വിനീതമെങ്കിലും വിരോചിതമായ പര്യടനോദ്യമത്തിന്റെ ശുഭാപ്തിക്കും ഫലസിദ്ധിക്കുംവേണ്ടി അവരും പ്രാർത്ഥിക്കാമെന്നു സന്തോഷസമേതം വാഗ്ദാനം ചെയ്തു.

തീർത്ഥകനായ ഒരു ഭാരതീയ വൈദികന്റെ ആശീർവ്വാദം അവർ വിശിഷ്യ വിലമതിക്കുമെന്നു ചിരിച്ചുകൊണ്ടു പറഞ്ഞപ്പോൾ എന്റെ ഹാർദ്ദമായ ആശിസ്സുകൾ സസന്തോഷം ഞാൻ അവർക്കു നൽകി. തീർത്ഥയാത്രയിൽ എനിക്കു ഉപകാരപ്പെട്ടേക്കാമെന്നുള്ള മുഖവുരയോടുകൂടി ഏതാനും കാശുരൂപങ്ങളും, മാർത്തോമ്മാ കുരിശിന്റെ പടങ്ങളും അവർ എന്നെ ഏല്പിച്ചു. എന്റെ തീർത്ഥയാത്രയുടെ ആദ്യദശയിലനുഭവപ്പെട്ട ഹൃദ്യമായ സ്വാഗതവും മധുരമായ സല്ക്കാരവും ഉടനീള തുടർന്നുണ്ടാകുമെന്നാണു് എന്റെ ന്യായയുക്തമായ പ്രതീക്ഷയെന്നു ഞാൻ തമാശയായി പറഞ്ഞപ്പോൾ, അവർ പൊട്ടിച്ചിരിച്ചുകൊണ്ടു, "തീർച്ചയായിട്ടും" എന്നു ശരിവെച്ചു. ആ ത്യാഗിനികളുടെ ആഹ്ളാദപ്രകൃതിയും വിനയഭാവവും എന്നെ അത്യധികം ആനന്ദഭരിതനാക്കിയെന്നു പറയേണ്ടതില്ലല്ലോ.

ഏതായാലും മാർത്തോമ്മായുടെ പൈതൃകമായ ആശീസ്സുകളോടും, അദ്ദേഹത്തിന്റെ തീർത്ഥകേന്ദ്രസംരക്ഷകരായ ഭക്തകന്യകകളുടെ സോദരീസഹജമായ മംഗളാശംസകളോടുംകൂടി സമാരംഭിക്കുന്ന തീർത്ഥാടനം സർവ്വഥാ ശുഭകരവും വിജയപ്രദവുമായി പരിണമിക്കാതിരിക്കയില്ലെന്നുള്ള ഒരു ഭദ്രോദയം പൂർവ്വാധികം എന്നിൽ ഉദിച്ചുയർന്നുവന്നു. ഈവിധമായ ആദരപ്രകടനങ്ങളൊന്നും എന്റെ വ്യക്തിപരമായ യോഗ്യതകളെ മാനിപ്പാൻ വേണ്ടിയല്ല, പ്രത്യുത എന്റെ തീർത്ഥയാത്രോദ്ദേശത്തെ അഭിനന്ദിപ്പാൻ വേണ്ടി മാത്രമാണു് അവർ നടത്തിയതെന്നും എനിക്കു ആദ്യംമുതല്ലേ അറിയാമായിരുന്നു. ഇതിനുമുമ്പും രണ്ടു പ്രാവശ്യം ഞാൻ സെന്തോമസ് മൗണ്ടു സന്ദർശിക്കയും, പ്രസ്തുത സന്യാസിനികളുമായി കണ്ടു സംസാരിക്കയും ചെയ്തിട്ടുള്ളതാണു്. അന്നൊന്നും ഇതുപോലെ മധുരോദാരമായൊരു സ്വാഗതം എനിക്കു സിദ്ധിക്കയുണ്ടായില്ല. ആ ഭക്തകുലോത്തംസകളുടെ ആശംസയും പ്രാർത്ഥനയുമനുസരിച്ചു എന്റെ തീർത്ഥാടനം ശുഭകരവും സുഖപ്രദവുമായിരുന്നുവെന്നു അറിയുന്നതു അവർക്കും ചാരിതാർത്ഥ്യജനകമായിരിക്കുമല്ലോ.

പി. കാക്കശ്ശേരി.

---

വേദശാസ്ത്രപംക്തി

## പാപസങ്കീർത്തനം

XXV

### കൂദാശാഫലങ്ങൾ

കുമ്പസാരത്തിന്റെ പ്രഥമഫലമായ പാപവിമോചനത്തെ ഉദാഹരിക്കുന്ന പലകഥകളും കേട്ടിട്ടുണ്ടു്. അതിലൊന്നു സന്ദർഭോചിതമായിരിക്കും. നികൃഷ്ടപാപങ്ങളിൽ നീണ്ടകാലം തഴമ്പിച്ചുപോയ ഒരു സ്ത്രീ കൃപാവരപ്രേരണയാൽ പഴയ ജീവിതം പരിത്യജിപ്പാൻ സന്നദ്ധയായി. അതിനൊരുക്കമായി നല്ലൊരു കുമ്പസാരം കഴിപ്പാൻ അവൾ തീർച്ചപ്പെടുത്തി. പാപസങ്കീർത്തനത്തിന്റെ പരിപൂർണ്ണതയ്ക്കു തന്റെ പാപങ്ങളുടെ വിശദമായൊരു പട്ടികയുണ്ടാക്കി അതു പുരോഹിതസമക്ഷം വായിച്ചു കുമ്പസാരം കഴിക്കുന്നതായിരിക്കും ഉചിതം എന്നവൾക്കു തോന്നി. അതനുസരിച്ചു സുദീർഘമായ തന്റെ പാപപ്പട്ടിക അവൾ തയ്യാറാക്കി. കുമ്പസാരക്കൂട്ടിൽ ചെന്നപ്പോൾ ആ പട്ടിക വായിച്ചു കേൾപ്പിച്ചു പാപസങ്കീർത്തനം കഴിക്കുവാൻ അവൾ അനുവാദം ചോദിച്ചു. അപ്രകാരം ചെയ്യുന്നതു അവൾക്കു സഹായകവും ആശ്വാസകരവുമാണെങ്കിൽ അങ്ങനെ ആകാമെന്നു അദ്ധ്യാത്മവിധിയാളൻ അനുവദിക്കയും ചെയ്തു.

അഗാധവും ഹൃദയഭേദകവുമായിരുന്നു അവളുടെ അനുതാപം. മനസ്താപകണ്ണീർത്തുള്ളികൾ അവളുടെ കടലാസ്സിൽ ഇററിററു വീഴുന്ന സ്വരം കുമ്പസാരക്കാരനു വ്യക്തമായി കേൾക്കാമായിരുന്നു. പാപപ്പട്ടിക വായിച്ചുതീർന്നപ്പോൾ ഗദ്ഗദത്തോടെ അവൾ ആരാഞ്ഞു: "ഇത്രയേറെ കൊടുംപാതകങ്ങൾ പ്രവർത്തിച്ചു നീചയായ ഈ ഏഴയോടു ദൈവം കാരുണ്യം കാണിക്കുമോ?" അവളെ അദ്ദേഹം സമാധാനിപ്പിച്ചു: "മകളേ, അതിനെന്താണു സംശയം? മനുഷ്യന്റെ ഏതു ദുർബലതയും നീചതയും കാരുണ്യമൂർത്തിയായ കർത്താവിന്റെ അനുഗ്രഹക്കടലിൽ ഒന്നുമല്ലാതായിത്തീരും." പാപവിമോചനം നല്കി അദ്ദേഹം അവളെ പറഞ്ഞയച്ചു.

സ്വർഗ്ഗീയസമാധാനം അവളുടെ അന്തരാത്മാവിൽ അതിർകവിഞ്ഞൊഴുകുന്നതായി അവൾക്കു അനുഭവവേദ്യമായി. വർണ്ണിക്കവാനാവാത്ത കൃതജ്ഞതാഭാരത്തോടെ സ്വസ്ഥാനത്തെത്തിച്ചേർന്ന ശേഷം പാപപ്പട്ടിക എഴുതിച്ചേർത്തിരുന്ന കടലാസ്സിലൂടെ അവൾ ഒന്നു കണ്ണോടിച്ചു. അത്ഭുതമേ! അതിൽ മഷിയുടെ അടയാളംപോലും അവശേഷിച്ചിരുന്നില്ല. ഒന്നും എഴുതാതിരുന്നാലെന്നവിധം അതു തൂവെള്ളയായി കാണപ്പെട്ടു. പാപക്കറ പുരണ്ട അവളുടെ ആത്മാവും പാപസങ്കീർത്തനത്താൽ അതുപോലെ പരിനിർമ്മലമായിപ്പോകുന്നുവെന്നു് ആ അനുതാപിനിയെ യഥായോഗ്യം ഗ്രഹിപ്പിക്കുവാൻ ദൈവം ചെയ്ത ഒരത്ഭുതമായിരുന്നു അതു്.

ഈ കഥ യഥാർത്ഥമായാലും അല്ലെങ്കിലും അതു സൂചിപ്പിക്കുന്നതു അക്ഷരംപ്രതി യഥാർത്ഥമാണെന്നു കത്തോലിക്കർക്കറിയാം. ശരിയായ വിധം ആരെങ്കിലും സ്വന്തം പാപങ്ങൾ ഏററു പറഞ്ഞതിനുശേഷം അദ്ധ്യാത്മവിധിയാളൻ പാപവിമോചനവിധിവാചകം ഉച്ചരിച്ചുകഴിയുമ്പോൾ, അയാളുടെ പാപങ്ങളെല്ലാം പൊറുക്കപ്പെടുകയും ആത്മാവു്, സങ്കീർത്തനക്കാരൻ പ്രസ്താവിച്ചിട്ടുള്ളതുപോലെ, ഹിമത്തെക്കാൾ വെണ്മയുള്ളതായിത്തീരുകയും ചെയ്യും.

വി. വിയാന്നി ദിവസേന പതിനാറു മണിക്കൂറോളം അദ്ധ്യാത്മന്യായാസനത്തിൽ കഴിച്ചുകൂട്ടുക പതിവായിരുന്നു. അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ ഇതുപോലെയൊരു സംഭവം രേഖപ്പെടുത്തിയിരിക്കുന്നതായി കാണാം. ഏതെങ്കിലുമൊരു കൊടുംപാപിക്കു പാപവിമോചനം നല്കുമ്പോൾ അയാളിൽനിന്നു കനംകൂടിയ ചങ്ങലകൾ കീഴെ വീഴുന്നതുപോലെയുള്ള ഉഗ്രമായ സ്വരം പുണ്യവാനു കേൾക്കാമായിരുന്നുവത്രെ. പുരോഹിതൻ പാപം പോക്കുമ്പോൾ പാപശൃംഖലകൾ പൊട്ടിത്തകർന്നുപോകുന്നു എന്നല്ലയോ ഈ അത്ഭുതം സൂചിപ്പിക്കുന്നതു്?

ജയറസിന്റെ ജീവസർവ്വസ്വമായിരുന്ന ഏക കുമാരി മരിച്ചുകിടക്കയായിരുന്നു. ജീവന്റെയും മരണത്തിന്റെയും കർത്താവായ ക്രിസ്തു അവളുടെ മരിച്ചുമരവിച്ച കൈക്കു പിടിച്ചുകൊണ്ടു കല്പിച്ചരുളി: കുമാരീ, ഉണർന്നെഴുന്നേററാലും. അവനണിക്കവയ്യാത്ത ആ ആജ്ഞയെ അനുസരിച്ചുകൊണ്ടവൾ പിടഞ്ഞെഴുന്നേററു. സമീപവർത്തികൾ അത്ഭുതം കൊണ്ടമ്പരക്കുകയും ആനന്ദസാഗരത്തിൽ ആറാടുകയും അത്യുന്നതനെ വാഴ്ത്തുകയും ചെയ്തു.

കനപ്പെട്ട ദൈവദ്രോഹങ്ങൾമൂലം മരണമടഞ്ഞ ആത്മാവിനേയും പേറികൊണ്ടാണു ഒരനുതാപി ക്രിസ്തുവിന്റെ പ്രതിപുരുഷസമക്ഷം പാപമോക്ഷം തേടിച്ചെല്ലുന്നതു്. "പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിന്നെ പാപങ്ങളിൽനിന്നു വിമോചിക്കുന്നു," എന്നു് അദ്ധ്യാത്മവിധിയാളൻ ഉച്ചരിക്കുന്ന ക്ഷണത്തിൽ ആ ആത്മാവു പ്രസാദവരജീവനെ പുനഃപ്രാപിക്കയും ഉയിർത്തെഴുന്നേല്ക്കുയും ചെയ്യുന്നതു കാണുവാൻ കണ്ണുള്ളവർ അത്ഭുതസ്തബ്ധരാകും; ആനന്ദവിവശരാകും; സർവ്വശക്തനെ പാടിപ്പുകഴ്ത്തും.

ജയറസിനു തന്റെ ഓമനസന്തതി എത്രകണ്ടു പ്രിയപ്പെട്ടവളും വിലപ്പെട്ടവളുമായിരുന്നുവോ, അതിലും പ്രിയപ്പെട്ടതും വിലപ്പെട്ടതുമാണു നമ്മിൽ ഓരോരുത്തർക്കും നമ്മുടെ ആത്മാവു് എന്നുള്ള ദൃഢബോധ്യം നമുക്കുണ്ടായിരുന്നുവെങ്കിൽ!

പി. കെ.

---

ചലച്ചിത്രത്തിന്റെ

# ഉപയോഗവും ദുരുപയോഗവും

11-ാം പീയൂസുമാർപ്പാപ്പാ തിരുമനസ്സിലെ വിശ്വലേഖനം

II

ഇന്നത്തെ വ്യവസായങ്ങളുടെ ആയാസകരമായ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന ജനതയ്ക്കു വിവിധരൂപങ്ങളിലുള്ള വിനോദം ഒഴിച്ചുകൂടുവാൻ വഹിയാത്ത ഒരാവശ്യമായിത്തീർന്നിരിക്കുന്നു. പക്ഷേ ആ വിനോദം മനുഷ്യന്റെ വിശേഷബുദ്ധിക്കു് അനുയോജ്യവും തന്മൂലം ധാർമ്മികമായി ആരോഗ്യകരവുമായിരിക്കണം. പ്രത്യക്ഷത്തിൽ നന്മചെയ്യാൻ പര്യാപ്തവും ഉൽകൃഷ്ടവികാരങ്ങളെ ഉളവാക്കാൻ ഉതകുന്നതുമായ ഒരു ഘടകമായി അതിനെ ഉയർത്തണം. സഭ്യതയേയും അഭിമാനത്തേയും ധർമ്മ്യതയേയും ഭഞ്ജിക്കുന്ന ഉല്ലാസങ്ങളിലും, പാപാവസരം, പ്രത്യേകിച്ചു് യുവജനങ്ങൾക്കു്, നല്കുന്ന വിനോദങ്ങളിലും വിശ്രമവേളകളിൽ ഏർപ്പെടുന്ന ജനാവലി തങ്ങളുടെ മാഹാത്മ്യത്തേയും എന്നുവേണ്ട ജാതീയശക്തിയെത്തന്നെയും നഷ്ടപ്പെടുത്തുവാൻ പോരുന്ന അപകടത്തിൽ ഉൾപ്പെടുന്നു.

ഈ കഴിഞ്ഞ വർഷങ്ങളായി ആധുനികങ്ങളായ വിനോദമാർഗ്ഗങ്ങളിൽ ചലച്ചിത്രത്തിനു സാർവ്വത്രികമായ പ്രാധാന്യം സിദ്ധിച്ചിട്ടുണ്ടെന്നുള്ളതു് നിർവ്വിവാദമായ ഒരു വസ്തുതയത്രേ.

ദിവസേന ലക്ഷക്കണക്കിനു് ആളുകൾ സിനിമാകാണുവാൻ പൊയ്ക്കൊണ്ടിരിക്കുന്നുവെന്നും, പരിഷ്കൃതവും അർദ്ധപരിഷ്കൃതവും ആയ രാജ്യങ്ങളിലെല്ലാം വർദ്ധമാനമായ തോതിൽ സിനിമാശാലകൾ തുറന്നുകൊണ്ടിരിക്കുന്നുവെന്നും, ധനവാന്മാർക്കുമാത്രമല്ല, എല്ലാ സാമുദായികവർഗ്ഗങ്ങളിൽപ്പെട്ടവർക്കും വിശ്രമവേളകളിൽ ഏർപ്പെടാവുന്ന ഏററം സാധാരണമായ ഒരു വിനോദത്തിന്റെ സ്ഥാനം ചലച്ചിത്രം കരസ്ഥമാക്കിയിട്ടുണ്ടെന്നും ഉള്ള വസ്തുത പ്രത്യേകം ചൂണ്ടിക്കാണിക്കേണ്ട ആവശ്യമില്ല.

സാധാരണ ജനങ്ങളെ വശീകരിക്കുവാൻ സിനിമായോളം ശക്തിമത്തായ ഒരുപാധി ഇക്കാലത്തു വേറെ ഇല്ലെന്നുള്ളതും അനുസ്മരിക്കേണ്ടിയിരിക്കുന്നു. യവനികയിൽ കാണിക്കപ്പെടുന്ന പടങ്ങളുടെ സ്വഭാവത്തിലും, ചലച്ചിത്രപ്രദർശനങ്ങളോടു പൊതുജനങ്ങൾ കാണിക്കുന്ന പ്രീതിയിലും ഈ പ്രശ്നങ്ങളുടെ മററു സാഹചര്യങ്ങളിലുമാണു് ഇതിന്റെ കാരണം സ്ഥിതിചെയ്യുന്നതു്.

മനസ്സിനു് ആയാസംകൂടാതെ സന്തോഷപൂർവ്വം സ്വീകരിക്കത്തക്കവിധം സുനിശ്ചിതവും സുവ്യക്തവും ആയ രൂപത്തിൽ അതു സംസാരിക്കുന്നുവെന്നതിലാണു് ചലച്ചിത്രത്തിന്റെ ശക്തി അടങ്ങിയിരിക്കുന്നതു്. വസ്തുതകൾ പൂർണ്ണമായി ഗ്രഹിക്കുന്നതിനും ശരിയായ തീരുമാനത്തിൽ എത്തുന്നതിനും ആവശ്യമായ യത്നം ചെയ്യുന്നതിനു് അപ്രാപ്തമോ അഥവാ വിമുഖമോ ആയിരിക്കുന്ന ഏററം അപക്വവും അസംസ്കൃതവും ആയ മനസ്സുകളെപ്പോലും സിനിമാ വശീകരിക്കുന്നു. എന്തെങ്കിലും വായിക്കുകയോ ശ്രദ്ധാപൂർവ്വം കേൾക്കുകയോ ചെയ്യുമ്പോൾ തോന്നുന്ന ആയാസം സിനിമാദർശനത്തിൽ ഉണ്ടാകുന്നില്ല; സുവ്യക്തവും ഒരുവിധം പറഞ്ഞാൽ സജീവവും ആയ ചിത്രങ്ങളുടെ തുടർച്ചയായ ദർശനംകൊണ്ടുള്ള ആനന്ദമാണു് അവിടെ അനുഭൂതമാകുന്നതു്.

സംസാരിക്കുന്ന ചിത്രങ്ങളുടെ ശക്തി ഇതിലും കൂടുതലാണു്. കാരണം അവിടെ ചിത്രത്തിന്റെ വ്യാഖ്യാനം എളുപ്പമായിത്തീരുകയും സംഗീതത്തിന്റെ മാധുര്യം നാട്യത്തിന്റെ ആകർഷകതയെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ദുർവ്വികാരങ്ങളുടെ ഉത്തേജനത്തെ വർദ്ധിപ്പിക്കുവാൻ ഉതകുമാറു് ഫിലിമുകളുടെ ഇടയ്ക്കു ചിലപ്പോൾ നൃത്തങ്ങളും മററു ചേഷ്ടകളും ചേർക്കപ്പെടുന്നുണ്ടു്.

ഇങ്ങനെ വാസ്തവം പറഞ്ഞാൽ സിനിമ ഒരുതരം സാധനപാഠമാണു്. അതു കേവലം താത്വികമായ വിചിന്തനത്തെക്കാൾ കൂടുതൽ കാര്യക്ഷമമായി, നന്മയാകട്ടെ തീമ്മയാകട്ടെ, ഭൂരിപക്ഷം ജനങ്ങളേയും പഠിപ്പിക്കുന്നു. ആകയാൽ അതിനെ ക്രിസ്തീയ മന

സ്സാക്ഷിയുടെ ലക്ഷ്യങ്ങൾക്ക് അനുയോജ്യമാംവിധം ഉന്നമിപ്പിക്കുകയും ധാർമ്മികമായും സാന്മാർഗ്ഗികമായും ദുഷിച്ചുപോകാതെ സംരക്ഷിക്കുകയും ചെയ്യേണ്ടതു ആവശ്യമാണ്.

ദുഷിച്ച ചലച്ചിത്രങ്ങൾവഴി ആത്മാവിനു എന്തുമാത്രം നാശമാണുണ്ടാകുന്നതെന്ന് എല്ലാവർക്കും അറിയാം. അവ പാപത്തിനുള്ള അവസരങ്ങളാണ്; അധമവികാരങ്ങളെ പുകഴ്ത്തിക്കൊണ്ട് അവ യുവജനങ്ങളെ തിന്മയുടെ വഴിയിലേക്ക് അപനയിക്കുന്നു; ജീവിതത്തെ തെററായ രൂപത്തിൽ പ്രദർശിപ്പിക്കുന്നു; ആദർശങ്ങളെ വിരൂപമാക്കുന്നു; അവ പരിശുദ്ധമായ സ്നേഹത്തെയും വിവാഹബന്ധത്തോടുള്ള ആദരവിനേയും കുടുംബത്തോടുള്ള വാത്സല്യത്തെയും നശിപ്പിക്കുന്നു. വ്യക്തികൾ തമ്മിൽ വിരോധവും, രാഷ്ട്രങ്ങൾ തമ്മിലും സാമൂഹ്യവർഗ്ഗങ്ങൾ തമ്മിലും സർവ്വവംശങ്ങൾ തമ്മിലും തെററിദ്ധാരണകളും ഉണ്ടാക്കുന്നതിനു അവയ്ക്കു ശക്തിയുണ്ട്.

മറിച്ച് നല്ല ചലച്ചിത്രങ്ങൾക്കു കാഴ്ചക്കാരുടെമേൽ സാന്മാർഗ്ഗികമായി വലിയ പ്രേരണാശക്തി ചെലുത്തുവാൻ സാധിക്കും. വിനോദം നൽകുന്നതിനു പുറമേ ഉൽകൃഷ്ടമായ ആദർശങ്ങൾ ഉദ്ദീപിപ്പിക്കുന്നതിനും, അനർഘങ്ങളായ ആശയങ്ങൾ നൽകുന്നതിനും, പിതൃദേശത്തിന്റേയും ഇതരരാജ്യങ്ങളുടേയും ചരിത്രവും വിശേഷതകളും സംബന്ധിച്ച് കൂടുതലായ ജ്ഞാനം പ്രദാനം ചെയ്യുന്നതിനും, സത്യവും സൽഗുണങ്ങളും ആകർഷകമായ രൂപത്തിൽ പ്രദർശിപ്പിക്കുന്നതിനും, രാഷ്ട്രങ്ങളും സാമൂഹ്യവർഗ്ഗങ്ങളും വംശങ്ങളും തമ്മിൽ സൗഹാർദ്ദം ഉളവാക്കുകയോ ഉളവാക്കുന്നതിനു സഹായിക്കുകയോ ചെയ്യുന്നതിനും, നീതിക്കുവേണ്ടി വാദിക്കുന്നതിനും, സുകൃതാനുഷ്ഠാനത്തിനു പ്രേരിപ്പിക്കുന്ന കാരണങ്ങൾക്കു നവജീവൻ നൽകുന്നതിനും, നീതിപൂർവ്വകമായ ഒരു സാമൂഹ്യവ്യവസ്ഥിതി ലോകത്തിൽ ഉണ്ടാകുന്നതിനുവേണ്ടി ശക്തിപൂർവ്വം യത്നിക്കുന്നതിനും അവയ്ക്കു കഴിവുണ്ട്.

സിനിമാ വ്യക്തികളോടല്ല പ്രത്യുത ജനസഞ്ചയങ്ങളോടാണ് സംസാരിക്കുന്നതു; നന്മയ്ക്കാകട്ടെ തിന്മയ്ക്കാകട്ടെ, അസാധാരണമായ ഉത്സാഹപ്രകർഷത്തെ ജനിപ്പിക്കുവാൻ പര്യാപ്തമായ സമയത്തും സ്ഥലത്തും ചുററുപാടുകളിലുമാണ് അതു സംസാരിക്കുന്നതു്; ജനക്കൂട്ടത്തിന്റെ ഉത്സാഹത്തെ വർദ്ധിപ്പിക്കുവാൻ അനുഭവം പഠിപ്പിക്കുന്നതുപോലെ, ഈ സാഹചര്യങ്ങൾ പലപ്പോഴും സമീചീനമല്ലാത്ത രൂപങ്ങൾ സ്വീകരിക്കുന്നുമുണ്ട്. ഈ വസ്തുതകൾ മുൻപറഞ്ഞ കാര്യങ്ങളുടെ ഗൗരവം വർദ്ധിപ്പിക്കുന്നു.

ഇരുട്ടടഞ്ഞ കൊട്ടകകളിൽ ഇരുന്നുകൊണ്ടാണ് ജനങ്ങൾ സിനിമാ ദർശിക്കുന്നതു്. ഇവരുടെ മാനസികവും കായികവും, പലപ്പോഴും ആദ്ധ്യാത്മികവും, ആയ ശക്തികൾക്കു അയവു തട്ടുന്നു. ഈ സിനിമാശാലകളെ അന്വേഷിച്ച് ഒരുവൻ ദൂരപ്പോകേണ്ട ആവശ്യമില്ല; അവ വീടിനും പള്ളിക്കും സ്കൂളിനും അടുത്തുതന്നെയുണ്ട്. ഇങ്ങനെ പൊതുജീവിതത്തിന്റെ എല്ലാ കേന്ദ്രങ്ങളിലേക്കും സിനിമാ ആനയിക്കപ്പെടുന്നു.

കഥകളും നാടകങ്ങളും പ്രദർശിപ്പിക്കുന്ന സ്ത്രീപുരുഷന്മാരെപ്പററി പറകയാണെങ്കിൽ, അപഭ്രംശത്തിനു, വിശിഷ്യ യുവജനങ്ങളുടെ അപഭ്രംശത്തിനു, കൂടുതൽ കാരണം കൊടുക്കത്തക്കവിധത്തിലാണ് അവരുടെ സ്വാഭാവികവാസനകൾ അഭ്യസനംവഴി പരിപോഷിപ്പിക്കപ്പെട്ടിട്ടുള്ളതും കലാപ്രയോഗംവഴി പരിഷ്കരിക്കപ്പെട്ടിട്ടുള്ളതും. അതിനുംപുറമേ കനത്തശമ്പളത്തോടുകൂടിയ വിദഗ്ദ്ധന്മാരും ആസ്വാദ്യമായ സംഗീതവും ഓജസ്സോടുകൂടിയ ജീവിതചിത്രീകരണവും എന്നുവേണ്ട എല്ലാവിധമേന്മകളും വാസനകളും ചലച്ചിത്രത്തിന്റെ സേവനത്തിനായുണ്ട്. ഈ ഒരു കാരണംകൊണ്ടുതന്നെ അതു ചെറുപ്പക്കാരേയും യുവജനങ്ങളേയും കുട്ടികളേയും പ്രത്യേകം ആകർഷിക്കയും വശപ്പെടുത്തുകയും ചെയ്യുന്നു. ഇങ്ങനെ മനുഷ്യനിൽ സന്മാർഗ്ഗചിന്ത ജനിക്കുകയും, നീതി, സത്യശീലം, കർത്തവ്യം, ചുമതല ജീവിതാദർശങ്ങൾ ഇവയെപ്പററിയുള്ള ബോധവും ആശയവും വികസിക്കുകയും ചെയ്യുന്ന ഘട്ടത്തിൽതന്നെ ചലച്ചിത്രം അതിന്റെ സ്പഷ്ടമായ പ്രചരണംവഴി ശക്തിമത്തായ പ്രേരണാശക്തി ചെലുത്താവുന്ന ഒരു സ്ഥാനം കൈവരിക്കുന്നു.

ഇന്നത്തെ സാഹചര്യങ്ങളിൽ മഹത്തായ ഈ പ്രേരണാശക്തി പലപ്പോഴും തിന്മയ്ക്കായി വിനിയോഗിക്കപ്പെടുന്നു എന്നതു് നിർഭാഗ്യകരമായിരിക്കുന്നു. സിനിമാശാലകളിൽവച്ച് യുവജനങ്ങളുടേയും കുട്ടികളുടേയും ആത്മാക്കൾക്കുണ്ടാകുന്ന നാശത്തേയും അവിടെ നഷ്ടപ്പെടുന്ന നിഷ്കളങ്കതയേയും പററി ചിന്തിക്കുമ്പോൾ പിഞ്ചുകുഞ്ഞുങ്ങളെ വഴിതെററിക്കുന്നവരുടെമേൽ ദിവ്യനാഥൻ ഉച്ചരിച്ചിട്ടുള്ള ശാപവാക്യങ്ങളാണ് ഒരുവന്റെ സ്മരണയിൽ ഉദിക്കുന്നതു്: "എന്നിൽ വിശ്വസിക്കുന്ന ഈ കൊച്ചുകുഞ്ഞുങ്ങളിൽ ഒരുവനു് ആരെങ്കിലും ഇടർച്ചയ്ക്കു കാരണമാകുന്നതിൽ ഭേദം അയാൾ കഴുത്തിൽ ഒരു തിരികല്ലുകെട്ടി കടലിന്റെ അഗാധതയിൽ മുങ്ങിമരിക്കുന്നതാകുന്നു."

ആകയാൽ ഇനിമേൽ ചലച്ചിത്രം മനുഷ്യസ്വഭാവത്തെ ദുഷിപ്പിക്കുന്നതിനുള്ള ഒരുപാധിയാകാതെ മനുഷ്യവർഗ്ഗത്തിന്റെ ശിക്ഷണത്തിനും ശ്രേയസ്സിനും ഉള്ള മഹത്തായ ഒരുപാധിയായി രൂപാന്തരപ്പെടുന്നതിനായി ജാഗരൂകതയോടെ പരിശ്രമിക്കേണ്ടതു് നമ്മുടെ കാലത്തെ അത്യന്താപേക്ഷിതമായ കാര്യങ്ങളിൽ ഒന്നാണ്.

സന്മാർഗ്ഗികവും വിദ്യാഭ്യാസപരവുമായ രംഗത്തു് സിനിമാ ചെലുത്തിപ്പോരുന്ന വലുതായ സ്വാധീനശക്തിയിൽ ഉൽക്കണ്ഠാകുലരായ ചില [illegible] വിശ്രുതന്മാരായ കവികളുടേയും ഗ്രന്ഥകാരന്മാരുടേയും കൃതികളിലേക്കു സിനിമായുടെ ശ്രദ്ധയെ തിരിച്ചുവിടുന്നതിനായി ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്ന വസ്തുത നാം ഇവിടെ സന്തോഷപൂർവ്വം രേഖപ്പെടുത്തിക്കൊള്ളുന്നു. ഈ ഉദ്യമത്തിൽ സഹായിക്കുവാനായി സന്മാർഗ്ഗനിഷ്ഠരും സത്യസന്ധന്മാരുമായ അംഗങ്ങൾ, വിശിഷ്യ കുടുംബങ്ങളിലെ പിതാക്കന്മാരും മാതാക്കളും അടങ്ങിയ വിമർശനസമിതികൾ രൂപവൽക്കരിക്കുകയും ചലച്ചിത്രോല്പാദനത്തിൽ പങ്കുവഹിക്കുന്ന മററു സംഘടനകൾ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു.

വന്ദ്യസഹോദരന്മാരേ, നിങ്ങളുടെ രാജ്യത്തു വളരെയധികം വികസിച്ചിരിക്കുകയും ലോകത്തിന്റെ ഇതരഭാഗങ്ങളിൽ വലുതായ സ്വാധീനശക്തി ചെലുത്തുകയും ചെയ്യുന്ന ചലച്ചിത്രത്തിന്റെ പ്രവർത്തനങ്ങളെ പ്രത്യേകം വീക്ഷിക്കുന്നതിൽ നിങ്ങൾ ജാഗരൂകരായിരിക്കുന്നുവെന്നതു് അത്യന്തം ഉചിതവും അഭിലഷണീയവുമായ ഒന്നത്രെ. വിനോദത്തിനും അദ്ധ്യാപനത്തിനും ഉള്ള ശക്തമത്തായ ഈ ഉപകരണത്തിന്റെ ശരിയായ സംഘടിതമായ ശ്രദ്ധയോടെ വീക്ഷിച്ചുകൊണ്ടിരിക്കേണ്ടതു മേൽപറഞ്ഞ കത്തോലിക്കാമെത്രാന്മാരുടേയും കടമയാണ്. ഈ ജാഗരൂകത ചീത്തയായ ചലച്ചിത്രങ്ങളെ തടയുവാൻ പര്യാപ്തമായിരിക്കണം. എന്തുകൊണ്ടെന്നാൽ അവ സന്മാർഗ്ഗികവും മതപരവുമായ വികാരങ്ങളെ ക്ഷതപ്പെടുത്തുന്നു; അവ ക്രിസ്തീയ ചൈതന്യത്തിനും ക്രിസ്തീയ സന്മാർഗ്ഗികതത്വങ്ങൾക്കും എതിരാണ്. ജനതയുടെ ഔചിത്യവിചാരത്തെയും അഭിമാനബോധത്തെയും കാക്കുവാൻപോരുന്ന ഏതിനേയും അക്ഷീണം നിരോധിക്കേണ്ടതാണ്.

ഇതു മെത്രാന്മാരുടെ മാത്രം കർത്തവ്യമായി പരിഗണിക്കപ്പെടേണ്ട ഒരു സംഗതിയല്ല; കുടുംബത്തിന്റേയും രാഷ്ട്രത്തിന്റേയും മനുഷ്യസമുദായം മുഴുവന്റെതന്നെയും അന്തസ്സിലും ധാർമ്മികമായ ആരോഗ്യത്തിലും ഉൽക്കണ്ഠാലുക്കളായിരിക്കുന്ന ശിഷ്ടരും സുമനസ്സുകളുമായ എല്ലാമനുഷ്യരുടേയും കർത്തവ്യമാണിതു്.

ഈ ജാഗരൂകത എന്തിലാണ് അടങ്ങിയിരിക്കുന്നതു്?

(ശേഷം അടുത്തതിൽ)

A. V. T.

# മറിയത്തിന്റെ വിമലഹൃദയം

(ഏലുണേക്കാട്ട് യൗസേപ്പു കത്തനാർ)

II

മറിയത്തിൽ നമ്മുടെ ബോധം കേന്ദ്രീകരിക്കയാണെങ്കിൽ തന്റെ വിമലഹൃദയഭക്തിയുടെ വിഷയം താൻതന്നെയാണെന്നു കാണാം. ആ ഹൃദയത്തെ വണങ്ങുന്നതു് മറിയത്തെ ബഹുമാനിക്കുന്നതുതന്നെയാണ്. ഹൃദയം അതിനു പകരണമായിത്തീരുന്നതേയുള്ളു. വിമലഹൃദയഭക്തിയുടെ പ്രത്യേകവും സാധനാസംബന്ധിയുമായ വിഷയം ഭൗതികവും സാക്ഷാത്തുമായ മറിയത്തിന്റെ ഹൃദയം മാത്രമാകുന്നു. പരിശുദ്ധ മറിയത്തോടുള്ള സാധാരണഭക്തി വളരെ പൂർണ്ണമായ നിലയിൽ ഉൾക്കൊള്ളുന്ന ഒരു പ്രത്യേകഭക്തിതന്നെയാണിതു്. എന്നാൽ ഒരു സംഗതി നാം ഓർമ്മിക്കണം. മറിയത്തിന്റെ കേവലം ജഡികമാത്രമായ ഹൃദയമല്ലിതു്. പ്രത്യുത തന്റെ ഏററവും പരിശുദ്ധവും തീക്ഷ്ണവുമായ ദൈവസ്നേഹം പ്രധാനമായും നമ്മുടെ നേർക്ക തനിക്കുള്ള അളവററ വാത്സല്യം രണ്ടാമതായും പ്രോജ്ജ്വലിച്ചുകൊണ്ടിരിക്കുന്ന ഹൃദയമാകുന്നു നാം ദർശിക്കുന്നതു്. ഒററവാക്കിൽ പറഞ്ഞാൽ ദൈവസ്നേഹാഗ്നി കത്തിക്കാളുന്ന മറിയത്തിന്റെ ആത്മാവിനെ തന്റെ ഹൃദയം സൂചിപ്പിക്കുന്നു. ഈ വസ്തുത വിമലഹൃദയഭക്തി അംഗീകരിക്കുന്നതിലും അതിനായി ദിവ്യപൂജയും ഒപ്പീസും മാറും സ്ഥാപിക്കുന്നതിലും പരിശുദ്ധ പിതാക്കന്മാരുടെ ഇതരപ്രഖ്യാപനങ്ങളിലും തിരുസ്സഭ വിശദമാക്കിയിരിക്കുന്നു. മാതാവിന്റെ ആദ്ധ്യാത്മികജീവിതം മുഴുവന്റെയും കളങ്കമററ പരിശുദ്ധിയുടെയും അളവില്ലാത്ത പുണ്യത്തിന്റേയും അനന്തയോഗ്യതകളുടേയും തന്റെ സന്തോഷത്തിന്റേയും സന്താപങ്ങളുടേയും ത്യാഗത്തിന്റേയും പ്രായശ്ചിത്തത്തിന്റേയും ബലിയുടെയു ജ്ഞാനത്തിന്റേയും അനുഗ്രഹത്തിന്റേയും ആത്മാവു് മുഴുവന്റേയും ഒരു ചിഹ്നമാണു ആ ഹൃദയം. യഥാർത്ഥത്തിൽ തന്റെ സകല ആന്തരികസംപൂർണ്ണതയും അതിൽ അടങ്ങിയിരിക്കുന്നു. സ്നേഹം നിറഞ്ഞ മറിയത്തിന്റെ ജീവിതം മുഴുവനും, വിമലകന്യക എന്ന നിലയിൽ ദൈവത്തോടുള്ള ഭക്തിയും, ദൈവസുതനോടുള്ള മാതൃസഹജമായ വാത്സല്യവും ഈ കണ്ണീരിന്റെ താഴ്‌വരയിൽ കഴിയുന്ന പാപികളെങ്കിലും തന്റെ പ്രിയമക്കളുമായ നമ്മളോടുള്ള പക്ഷവും സമാഹൃതമായി ആ ഹൃദയത്തിൽ കാണാം. മറിയത്തിനു ദൈവത്തോടുള്ള സ്നേഹം ആരായുന്നെങ്കിൽ നാം അമൃതമധുരമായ സമുദ്രത്തിൽ പെട്ടുപോകുന്നു. "എന്റെ കർത്താവേ, എന്നെ പരീക്ഷിച്ച് എന്റെ ഹൃദയത്തെ അറിയുക" എന്നു സങ്കീർത്തനക്കാരൻ പറയുന്നു. മറിയം ഒഴിച്ച് മററാർക്കുംതന്നെ ഈ വാക്യം സാർത്ഥകമായി ഉച്ചരിക്കുവാൻ സാധിക്കുകയില്ല. "നിന്റെ ദൈവമായ കർത്താവിനെ നിന്റെ മുഴുഹൃദയത്തോടും പൂർണ്ണ ആത്മാവോടും കൂടി സ്നേഹിക്കണം" എന്ന കല്പന സ്വർഗ്ഗത്തിൽ മാത്രമേ നിറവേറുകയുള്ളു എന്നു വിശുദ്ധ തോമ്മാ അക്വീനാസ് പ്രസ്താവിക്കുന്നു. മഹാനായ വിശുദ്ധ ആൽബർട്ട ഇങ്ങനെയാണു എഴുതിയിരിക്കുന്നതു്: "ഈ കല്പന ആരെങ്കിലും യഥാവിധി നിറവേററിട്ടുണ്ട്, അഥവാ ഇല്ല. എന്നാൽ ആരെങ്കിലും അതു ചെയ്തിട്ടുണ്ടെങ്കിൽ, മറിയം മാത്രമാണ്." വിശുദ്ധ ഫ്രാൻസിസ് സാലസ് "സ്നേഹത്തിന്റെ രാജ്ഞി" എന്നും സീയന്നായിലെ വിശുദ്ധ കത്രീനാ "ദൈവസ്നേഹത്തിന്റെ ജ്വാലവഹിക്കുന്ന ആൾ" എന്നും മറിയത്തെ സംബോധനം ചെയ്യുന്നതു് അത്ഭുതകരമല്ല. മറിയത്തിനു ദൈവത്തോടും ദൈവത്തിനു് മറിയത്തോടും ഉള്ള അന്യോന്യബന്ധം അവർണ്ണ്യമായ സ്നേഹംതന്നെയാകുന്നു. "ദൈവത്തോടു മറിയത്തിനുള്ള സ്നേഹം എല്ലാ മനുഷ്യർക്കും മാലാഖമാർക്കും ഉള്ളതിൽ കവിഞ്ഞിരിക്കുന്നു" എന്നു വിശുദ്ധ ബെർനാർഡും പരിശുദ്ധിയുടെ പാരമ്യം എവിടെയോ അവിടെത്തന്നെയാണ് സ്നേഹത്തിന്റെ പാരമ്യവും എന്ന തത്വപ്രഖ്യാപനമൂലം ഈ വസ്തുതതന്നെ വിശുദ്ധ അൻസലേമും സ്ഥാപിക്കുന്നു. ഇത്തരുണത്തിൽ മറിയത്തിനു ദൈവത്തോടുള്ള സ്നേഹം എന്തുമാത്രമായിരുന്നു എന്നു ആരെങ്കിലും ചോദിച്ചേക്കാം. മറിയത്തിന്റെ വിമലഹൃദയത്തോടു അവർക്കുള്ള ഭക്തിയുടെ രഹസ്യം ഇവിടെയാണല്ലോ അടങ്ങിയിരിക്കുന്നതു്. അതിനുമുമ്പായി ദൈവത്തിനു മറിയത്തോടുള്ള സ്നേഹത്തെപ്പററി കുറഞ്ഞൊന്നു അറിയേണ്ടതു് അത്യാവശ്യമാണ്.

ദൈവത്തിന്റെ ജനനിയാകുന്നതിനും മനുഷ്യർക്ക മദ്ധ്യസ്ഥയായിത്തീരുന്നതിനും മറിയം അനാദിമുതൽ നിശ്ചയിക്കപ്പെട്ടവളും തെരഞ്ഞെടുക്കപ്പെട്ടവളുമാണ്. തന്മൂലം ആ മഹോന്നതപദവിക്ക് അനുയോജ്യമായവിധം ദൈവം മറിയത്തെ ഒരുക്കി യോഗ്യയാക്കി. വിശുദ്ധ തോമ്മാ അക്വീനാസ് പ്രഖ്യാപിക്കുന്ന തത്വം ഇങ്ങനെയാണ്: "ഏതെങ്കിലും ഒരു പ്രത്യേകസംഗതിക്കായി തിരഞ്ഞെടുക്കപ്പെടുന്നവരെ അവരുടെ ഉദ്യോഗത്തിനു ചേർന്നവിധം ദൈവം തയാറാക്കുകയും ക്രമപ്പെടുത്തുകയും ചെയ്യും. ദൈവമാതാവാകുന്നതിനു മറിയം മുമ്പിനാലെ നിശ്ചയിക്കപ്പെട്ടിരുന്നു. അതുകൊണ്ടു ദൈവം തന്റെ അനുഗ്രഹത്താൽ ഈ ഉയർന്ന പദവിക്കു തക്കവിധം മറിയത്തെ ആക്കിത്തീർത്തു." വീണ്ടും ആ മഹാശാസ്ത്രജ്ഞനായ പുണ്യവാൻ പറയുന്നു: "ഏതൊരു കാര്യത്തിനായി ഒരുവൻ തിരഞ്ഞെടുക്കപ്പെടുന്നുവോ ആ കാര്യം നിർവ്വഹിക്കുന്നതിനു ആവശ്യമായ അനുഗ്രഹം ദൈവം അവനു കൊടുക്കുന്നു." മരിയോളജി (മറിയത്തെ സംബന്ധിച്ചുള്ള സമസ്തശാസ്ത്രവിജ്ഞാനീയം) മുഴുവനും ഇതിൽ സംഗ്രഹിച്ചിരിക്കുന്നു.

കത്തോലിക്കാതത്വശാസ്ത്രത്തിന്റെ അടിസ്ഥാനകാരനും മഹാപുണ്യവാനുമായ തോമ്മാ അക്വീനാസ് മറിയത്തെ എങ്ങനെ സ്നേഹിച്ചു എന്നറിയുന്നതു ഏവർക്കും ഉപകാരപ്രദമാണ്. അദ്ദേഹം രചിച്ച "സുമ്മാ" എന്ന ശാസ്ത്രഗ്രന്ഥത്തിന്റെ പ്രാന്തങ്ങളിൽ പലേടത്തും "നന്മനിറഞ്ഞ മറിയ"ത്തിലെ വാക്കുകൾ എഴുതിയിരുന്നു. തന്റെ ദൈവസ്നേഹത്തിനു മറിയം മൂലവാക്യംതന്നെയാണ്. മറിയത്തിന്റെ വ്യക്തിഗതമായ പ്രത്യേകാവകാശങ്ങൾക്ക് ഉറവക്കണ്ണായിത്തീർന്നതു ദൈവമാതൃത്വം ആകുന്നു. ആത്മീയവും ശാരീരികവുമായ സകല ദാനങ്ങളും അതിൽനിന്നും ഉത്ഭവിച്ചു. ദൈവസ്വഭാവത്തിന്റെ മാതാവല്ലെങ്കിലും, മറിയം ദൈവത്തിന്റെ അമ്മയാണ്; ദൈവമായ ഈശോയെ പ്രസവിക്കയും ചെയ്തു. "മറിയം ദൈവത്തെ പ്രസവിച്ചു" എന്നു വിശുദ്ധ ഇഗ്നേഷ്യസ് സമുചിതം പ്രസ്താവിക്കുന്നു. "ദൈവമാതാവു്" എന്ന സ്ഥാനം മററെല്ലാ സ്ഥാനങ്ങളെക്കാളും ഉന്നതമാണ്. "ദൈവ-മനുഷ്യബന്ധം" (Hypostatic Union) മാത്രമേ ഇതിൽ ഉയർന്നതായുള്ളു. സ്വാഭാവികവും സ്വഭാവാതീതവുമായ എല്ലാ സ്ഥാനങ്ങളിലും അതു മികച്ചതുതന്നെ. എന്നാൽ മറിയത്തിന്റെ സ്ഥാനം അതിനോടു് എത്രയും അടുത്തുവരുന്നുണ്ട്. ഈശോയുടെ ശരീരരൂപീകരണത്തിനു ആവശ്യമായ സത്ത മറിയം നൽകി. അവനെ തന്റെ ഉദരത്തിൽ താങ്ങി പ്രസവിച്ചു് പോററിപ്പുലർത്തി സംരക്ഷിച്ചു് വളർത്തി ഒരു മനുഷ്യനാക്കിത്തീർത്തു. ഇങ്ങനെ ദൈവമനുഷ്യബന്ധത്തിനു തക്ക ഉപകരണവും മനുഷ്യാവതാരത്തിൽ ദിവ്യസഹകാരിണിയും മറിയംതന്നെ. "വചനം മാംസമായി"ക്കണ്ടതിന്റെ പൂർത്തീകരണം മറിയത്തിൽനിന്നും മറിയത്തിൽക്കൂടിയും ആണ് പരിശുദ്ധാരൂപി സാധിച്ചതു് എന്നും വ്യക്തമാണല്ലോ.

(തുടരും)

The best doctors in the world are Dr. Diet, Dr. Quiet and Dr. Merryman.—Jonathan Swift.

Always remember your end, and that time once lost, never returns.

## ഫാത്തിമാബാലസമിതി

ലക്ഷ്യം: ഫാത്തിമാസന്ദേശം പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിക്കുക.

മുദ്രാവാക്യം: പ്രാർത്ഥന, പ്രായശ്ചിത്തം, പരോപകാരം.

ചുമതലകൾ: (1) മറിയത്തിന്റെ വിമലഹൃദയത്തിന്റെ സ്തുതിക്കായി ദിവസവും ജപമാല ചൊല്ലുക. കുടുംബത്തിലെ മററംഗങ്ങളും മുടങ്ങാതെ ജപമാല ചൊല്ലുന്നതിനു പ്രേരണ നല്കുക. (2) പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ത്യാഗകൃത്യങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുക. (3) നിവൃത്തിയുള്ളപ്പോഴെല്ലാം ആദ്യശനിയാഴ്ചഭക്തി അനുഷ്ഠിക്കുക. (4) സാധുക്കൾക്കു പാട്ടുള്ള സഹായം ചെയ്യുക.

# പാപികളുടെ മാനസാന്തരം

സമിതിയംഗങ്ങളായ നിങ്ങളുടെ രണ്ടാമത്തെ മുഖ്യചുമതല "പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ത്യാഗകൃത്യങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുക" എന്നതാണു്. പാപികൾ എന്നു പറയുമ്പോൾ ആരാണു് നമ്മുടെ ഓർമ്മയിൽ വരേണ്ടതു്? നമ്മുടെ നല്ല ദൈവത്തിനു ഇഷ്ടക്കേടു വരുത്തുന്നവർ; അങ്ങയുടെ കല്പനകൾക്കു് എതിരായി പ്രവർത്തിക്കുന്നവർ; അങ്ങയെ ആക്ഷേപിക്കുന്നവർ; ദൈവത്തെ ആക്ഷേപിക്കുന്നതോടൊപ്പം നമ്മുടെ പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തെ ദുഃഖിപ്പിക്കുന്നവർ. ഇക്കൂട്ടരെ പ്രധാനമായി രണ്ടായി തരംതിരിക്കാം. കത്തോലിക്കാസഭയുടെ അംഗങ്ങളായിരുന്നുകൊണ്ടു ദൈവത്തിന്റേയും തിരുസ്സഭയുടേയും കല്പനകൾ അനുസരിക്കാതെ ജീവിക്കുന്നവർ ഒരു കൂട്ടർ. രണ്ടാമത്തെ കൂട്ടർ സഭയ്ക്കുവെളിയിൽ നില്ക്കുന്നവരാണു്. സഭയ്ക്കു പുറത്തുള്ള എല്ലാവരേയുമല്ല വല്യച്ചൻ ഉദ്ദേശിക്കുന്നതു. ദൈവത്തിൽ നിന്നും മനുഷ്യവർഗ്ഗത്തെ അകററിക്കൊണ്ടുപോകുന്നതിനു ഇടവരുത്തുന്ന തെററായ പാഠങ്ങൾ പഠിപ്പിക്കുന്നവർ. കമ്മ്യൂണിസം, സോഷ്യലിസം മുതലായ ഇസ്സങ്ങളെല്ലാം ഇവരുടേതാണു്. ദൈവം എന്നൊരാളില്ല എന്നു സ്ഥാപിക്കുവാൻ തന്നെ അവർ ശ്രമിക്കുന്നു. ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യനെ മൃഗങ്ങളെക്കാൾ വളരെ താഴ്ന്ന തരത്തിലാക്കിത്തീർക്കുകയാണു് അതിന്റെയെല്ലാം ഫലം. ഇവരുടെ പ്രവർത്തനങ്ങൾക്കു കത്തോലിക്കാസഭ എതിരായി നില്ക്കുന്നു. അതുകൊണ്ടു് ഈ സഭയെ ലോകത്തുനിന്നും ഇല്ലാതാക്കുന്നതിനു എല്ലാ മാർഗ്ഗങ്ങളും അവർ ഉപയോഗിക്കുന്നു. വൈദികരേയും കന്യാസ്ത്രീകളേയും മെത്രാന്മാരേയും പലതരത്തിൽ പീഡിപ്പിക്കുകയും ഏററവും ക്രൂരമായ തരത്തിൽ കൊല്ലുകയും ചെയ്യുന്നു. ദേവാലയങ്ങളും, ആശ്രമങ്ങളും, മഠങ്ങളും എന്നുവേണ്ട ദൈവത്തിനു വേണ്ടിയുള്ള എല്ലാസ്ഥാപനങ്ങളും തീവച്ചു നശിപ്പിച്ചുകളയുകയും ചെയ്യുന്നു. എന്തെന്നില്ലാത്ത വിദ്വേഷമാണു ദൈവത്തോടു ഇവർക്കുള്ളതു. ഇവരെല്ലാവരും മാനസാന്തരപ്പെടുന്നതിനാണു് നാം പ്രാർത്ഥിക്കേണ്ടതു്. കത്തോലിക്കരിൽ ദൈവപ്രമാണത്തിനു എതിരായി പ്രവർത്തിക്കുന്നവർ മാനസാന്തരപ്പെട്ടു ദൈവപ്രമാണങ്ങൾ അനുസരിക്കുന്നവരാകണം. സഭയ്ക്കു പുറമെ നില്ക്കുന്നവരിൽ ദൈവത്തിനു എതിരായി പ്രവർത്തിക്കുന്നവർ അവരുടെ ഹീനമായ പ്രവർത്തനങ്ങൾ അവസാനിപ്പിക്കണം. അവർ ദൈവത്തെ അറിയുകയും, സ്നേഹിക്കുകയും, അങ്ങയെ ബഹുമാനിക്കുകയും ചെയ്യുന്നവരാകണം. ഇതെല്ലാമാണു് നമ്മുടെ പ്രാർത്ഥനകൾക്കുണ്ടാകേണ്ട ഉദ്ദേശ്യം.

പ്രസ്തുത ഉദ്ദേശത്തോടുകൂടി പ്രാർത്ഥിക്കുന്നതിനു് പ്രായോഗികമായ ചില മാർഗ്ഗങ്ങൾ വല്യച്ചൻ പറഞ്ഞുതരാം. കൊന്തയിലെ ഓരോ ദശകത്തിന്റെയും ഒടുവിൽ ചൊല്ലുവാൻ മാതാവു പഠിപ്പിച്ചിട്ടുള്ള "ഓ എന്റെ ഈശോ! ......" എന്ന ജപം നിങ്ങൾക്കെല്ലാവർക്കും മനഃപാഠമായിട്ടു് അറിയാമല്ലോ. പാപികളുടെ മാനസാന്തരം സാധിക്കുന്നതിനുവേണ്ടി നമ്മുടെ അമ്മ പഠിപ്പിച്ചിട്ടുള്ള ഒരു ജപമാണു് അതു്. അതുകൊണ്ടു പ്രസ്തുതജപം ചൊല്ലുമ്പോൾ അതിന്റെ അർത്ഥം ഓർത്തു ഭക്തിപൂർവ്വം ചൊല്ലിയാൽ അതു പാപികളുടെ മാനസാന്തരത്തിനുവേണ്ടിയുള്ള ഒരു പ്രാർത്ഥനയാകും. കൊന്തയുടെ സമയത്തു മാത്രമല്ല ഈ ജപം ചൊല്ലുന്നതുകൊണ്ടു നാം തൃപ്തരാകരുതു്. സ്കൂളിലേക്കു പോകുമ്പോഴും അവിടെനിന്നു മടങ്ങുമ്പോഴും അതു നാം ചൊല്ലണം. തനിച്ചു നടന്നുപോകുകയും വൃഥാ ഇരിക്കുകയും ചെയ്യുന്ന സമയത്തും ഈ ജപം നമുക്കു ചൊല്ലാവുന്നതാണു്. കൂട്ടുകാരുംകൂടി യാത്ര ചെയ്യുമ്പോഴും അവർ നമ്മോടുകൂടിയുള്ള മററു അവസരങ്ങളിലും അവർ ഒരുമിച്ചു് ഈ ജപം ചൊല്ലുന്നതു് വളരെ നല്ലതാണു്.

കൂടാതെ ദിവസവും നാം ജപമാല ചൊല്ലുവാൻ ആരംഭിക്കുമ്പോൾ "ഈ ജപമാല മാതാവിന്റെ നിർദ്ദേശപ്രകാരം പാപികളുടെ മാനസാന്തരത്തിനു വേണ്ടി ഞാൻ കാഴ്ചവയ്ക്കുന്നു" എന്നു നിയോഗിക്കുക. ഓരോ ആൺകുട്ടിക്കും പെൺകുട്ടിക്കും അവരുടെ ഏററവും വിലപിടിച്ച ആഭരണമായി കൈവശം ഉണ്ടായിരിക്കേണ്ട ഒന്നാണു് ചെറിയ ഒരോ ജപമാല. സ്വന്തമായി കൊന്ത ഇല്ലാത്ത കുഞ്ഞുമക്കൾ പെരുന്നാളവസരങ്ങളിലോ, കപ്പ, റബ്ബർ, കുരുമുളകു്, തേങ്ങാ, നെല്ലു് മുതലായവ വീട്ടിൽ വില്ക്കുന്ന അവസരങ്ങളിലോ അപ്പനെ അഥവാ അമ്മയെ സമീപിച്ചു് ഒരു കൊന്ത വാങ്ങുവാനുള്ള പണം ആവശ്യപ്പെട്ടാൽ തീർച്ചയായും അതു കിട്ടാതെ വരികയില്ല. നിങ്ങൾക്കു പററിയ ഒരുവിധം നല്ല ചെറിയ ഒരു കൊന്തയ്ക്കു് എട്ടു പത്തണയിൽ കൂടുതൽ വിലവരികയില്ല. കൊന്ത വാങ്ങിച്ചു് വെഞ്ചരിപ്പിക്കണം. മാത്രമല്ല ഓരോരുത്തരും അവരവരുടെ കൊന്ത കഴുത്തിൽ ധരിച്ചു, പോക്കററിൽ ഇട്ടും എല്ലായ്പ്പോഴും കൂടെ കൊണ്ടുനടക്കുന്നതു നല്ലതാണു. നമുക്കു സമയം കിട്ടുന്ന അവസരങ്ങളിലെല്ലാം കൊന്തയുടെ മണികൾ നമ്മുടെ വിരലുകളുടെ ഇടയിൽക്കൂടി ഓടിക്കൊണ്ടിരിക്കുന്നതു വളരെ നല്ല ഒരു അഭ്യാസമാണു്. കൊന്തയുടെ മണികൾ നമ്മുടെ വിരലുകളുടെ ഇടയിൽക്കൂടി വൃഥാ കടന്നുപോയാൽമാത്രം പോരാ; പ്രസ്തുത അവസരത്തിൽ അതിനു പററിയ ജപങ്ങൾ ചൊല്ലണം. ഒരു കൊന്ത മുഴുവൻ ഒരുമിച്ചു ചൊല്ലണമെന്നില്ല. സമയം കിട്ടുന്ന ഓരോ അവസരങ്ങളിലും ഓരോ രഹസ്യവും അതോടുകൂടി 1 ആ. 10 ന. 1 ത്രി യും നാം ചൊല്ലിയാൽമതി. അങ്ങനെ ഒരു ദിവസത്തിൽ അഞ്ചു തവണയായി ഒരു കൊന്ത ചൊല്ലിത്തീർക്കാവുന്നതാണു്. ഇങ്ങനെ നാം പതിവായി ചൊല്ലുന്ന കൊന്തയ്ക്കു പുറമെ ഓരോ കൊന്തകൂടിയെങ്കിലും ദിവസംപ്രതി നമുക്കു ചൊല്ലുവാൻ പ്രയാസമുണ്ടാകയില്ല.

ഇങ്ങനെയെല്ലാം ചെയ്തു് പാപികളുടെ മാനസാന്തരം സാധിക്കുവാൻ കുഞ്ഞുമക്കളെല്ലാവരും ആത്മാർത്ഥമായി പരിശ്രമിക്കുമെന്നു് വല്യച്ചൻ വിശ്വസിക്കുന്നു.

## കത്തിനു മറുപടി

സെൻറലോഷ്യസ് ബോർഡിംഗ് ഹൗസ, മാന്നാനം.

"ഏററവും പ്രിയ വല്യച്ചാ, ഇതുസഹിതം അയക്കുന്ന ലിസ്റ്റിൽ പേരെഴുതിയിരിക്കുന്ന ഞങ്ങൾ മാന്നാനം ബോർഡിംഗ് ജൂനിയർ സെക്ഷനിൽപ്പെട്ടവരാണു്. ഫാത്തിമാബാലസമിതിയെക്കുറിച്ചു് ഞങ്ങളിൽ പലരും ഇവിടെ വരുന്നതിനുമുൻപു് കേൾക്കുകയും സത്യദീപത്തിലെ ലേഖനങ്ങളിൽനിന്നും അറിയുകയും ചെയ്തിരുന്നു. എങ്കിലും സമിതിയിലെ അംഗങ്ങളായി തീരുന്നതിനുവേണ്ടി വല്യച്ചനു എഴുതുന്നതിനു ഞങ്ങൾക്കു സാധിച്ചില്ല. ഇവിടെ വന്നതിനുശേഷം ബ. റക്ടറച്ചനിൽനിന്നും സമിതിയെക്കുറിച്ചു കൂടുതലായി ജ്ഞാനം ഞങ്ങൾക്കുണ്ടായി. തൽഫലമായി സമിതിയുടെ അംഗങ്ങളാകുന്നതിനു ഞങ്ങൾക്കെല്ലാവർക്കും അതിയായ ആഗ്രഹമുണ്ടു്. അംഗങ്ങളെ സ്വീകരിക്കുന്നതിനുള്ള തീയതി കഴിഞ്ഞുപോയെന്നു് ഞങ്ങൾക്കു് അറിയാമെങ്കിലും ഞങ്ങളുടെ കാര്യം ഒരു പ്രത്യേകസംഗതിയായി പരിഗണിക്കുമെന്നു വിശ്വസിക്കുകയും ഞങ്ങളെ എല്ലാവരേയും ഫാത്തിമാബാലസമിതിയിൽ ചേർക്കണമെന്നു അപേക്ഷിക്കുകയും ചെയ്യുന്നു. വല്യച്ചന്റെ ആശീർവ്വാദം അപേക്ഷിച്ചുകൊണ്ടു് അങ്ങയുടെ ആത്മീയകുഞ്ഞുമക്കൾ എല്ലാവർക്കുംവേണ്ടി പ്രിഫെക്ററ്."

പ്രിയമക്കളേ, അപേക്ഷപ്രകാരം നിങ്ങളെയെല്ലാവരേയും "സമിതി"യിൽ ചേർത്തിരിക്കുന്നു. സമിതിയുടെ ആദർശമനുസരിച്ചു്, ഭക്തിപൂർവ്വം പ്രാർത്ഥിക്കുകയും ത്യാഗകൃത്യങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുവിൻ. ഫാത്തിമാമാതാവു് ഏവരേയും അനുഗ്രഹിക്കട്ടെ.

എന്നു സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

താഴെ പറയുന്ന രാജ്യങ്ങളുടെ തലസ്ഥാനനഗരങ്ങൾ ഏവ?

1. ലിത്തുവേനിയ 2. മെക്സിക്കോ 3. ഡെന്മാർക്ക് 4. നെതർലൻറ്സ് 5. ഇൻഡൊനേഷ്യ.

ഉത്തരം

1. വിൽന 2. മെക്സിക്കോ ഡി. എഫ്. 3. [illegible] 4. ആംസ്റ്റർഡാം 5. ബററാവിയ.

## ഇടവകവാർത്തകൾ

തിരുവുത്തരീയത്തിന്റെ 7-ാം ശതാബ്ദം പ്രമാണിച്ചു് തേവര കോളേജ് ഹാളിൽ ജൂലൈ 16-ാംനു കൂടിയ യോഗത്തിൽ റവ. ഫാ. റൊമയോ തോമസ് എം എ എൽ ടി അദ്ധ്യക്ഷതവഹിക്കുകയും, മി. എ. എ. മാത്യു ബി എ, മി. പി. വി. ജോസഫ്, മി വി. ഐ. ജോസഫ് ബി എ ബി എൽ എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

—ഉഴവൂർ: വെരി റവ. ഫാ. സിറിയക് മററത്തിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ജൂലൈ 14-ാംനു കൂടിയ യോഗത്തിൽവച്ചു് വിൻസെൻറ് ഡി പോൾ സംഘത്തിന്റെ ഒരു ശാഖ ഉൽഘാടനം ചെയ്യപ്പെട്ടു. തദവസരത്തിൽ ശ്രീ കെ. സി. ചാക്കോ ബി എ ഒരു പ്രസംഗം ചെയ്യുകയും ചെയ്തു.

—കുറപ്പന്തറ: ക്രിസ്തുരാജചാപ്പലിന്റെ ആശീർവ്വാദകർമ്മം ജൂലൈ 16-ാം തീയതി ചങ്ങനാശേരി രൂപതയുടെ വികാർ കാപ്പിററുലർ റൈററ് റവ. ജേക്കബ് കല്ലറയ്ക്കൽ അവർകൾ നിർവ്വഹിച്ചിരിക്കുന്നു. തദവസരത്തിൽ റവ. ഫാ. ജോൺ മററം എം എ ഒരു പ്രസംഗം ചെയ്തു.

—കൂടല്ലൂർ: ഉത്തരീയത്തിന്റെ 7-ാം ശതാബ്ദജൂബിലി ജൂലൈ 16-ാംനു ആഘോഷപൂർവ്വം ഉൽഘാടനം ചെയ്തിരിക്കുന്നു. ദേവാലയ തിരുകർമ്മങ്ങൾക്കുശേഷം സൊഡാലിററിയുടെ ആഭിമുഖ്യത്തിൽ നടത്തിയ പൊതുയോഗത്തിൽ വെരി റവ. ഫാ. ജോസഫ് വെച്ചിയാനിക്കൽ അദ്ധ്യക്ഷതവഹിക്കുകയും ശ്രീമതി പി. കെ. മേരി, ശ്രീമതി എ. സി. റോസ, ശ്രീമതി എം. കെ. റോസ എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

—അയ്മുറി പള്ളിയിൽ കർമ്മലമാതാവിന്റെ തിരുനാൾദിനം മി. പി. എസ്. മാത്യു ബി എ ബി ടി അവർകളുടെ അദ്ധ്യക്ഷതയിൽ യോഗംകൂടുകയും മി. വി. ജോസഫ്, മിസ് എം. ജെ. അന്നക്കുട്ടി എന്നിവർ പ്രസംഗിക്കുകയും യോഗാനന്തരം ശില്പി എന്ന പ്രഹസനം അഭിനയിക്കുകയും ചെയ്തു.

—മലപ്പാം: സെൻറ് വിൻസെൻറ് ഡിപോൾ സഖ്യത്തിന്റെ ഒരു ശാഖ സെൻറ് തെരേസാസ് കോൺഫറൻസ് എന്ന പേരിൽ ജൂലൈ 20-ാംനു റവ. ഫാ. മാത്യു കൊട്ടാരത്തുമ്യാലിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ




പൊതുയോഗത്തിൽ വച്ചു് ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. തദവസരത്തിൽ ബ്രദർ മാത്യു പോൾ തെങ്ങുംപള്ളി, ബ്രദർ കെ. സി. ചാക്കോ ബി എ എന്നിവർ ഓരോ പ്രസംഗം ചെയ്തു. 18 അംഗങ്ങളോടുകൂടി പ്രവർത്തനമാരംഭിച്ചിരിക്കുന്ന പ്രസ്തുത കോൺഫറൻസിന്റെ അദ്ധ്യക്ഷനായി മി. വർക്കി തോമസ് നമാത്തിപ്പറമ്പിലും ഉപാദ്ധ്യക്ഷനായി മി. ജോസഫ് കരോട്ടും സെക്രട്ടറിയായി മി. വർക്കി മ്യാലിലും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

—കുത്തിയതോട്ടു പഴയപള്ളി: ബ. വികാരിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ചു് സെൻറാൻറണീസ് കത്തോലിക്കാ യുവജനസമാജം എന്ന പേരിൽ ഒരു ക്ലബ്ബ് ഉൽഘാടനം ചെയ്തിരിക്കുന്നു. ശ്രീ എം. ഐ. ജോസഫ് ബി എ യാണു് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു്.

—മാമ്പ്ര: ജൂലൈ 16-ാംനു കർമ്മലോത്തരീയശതാബ്ദാഘോഷം പ്രമാണിച്ചു് റവ. ഫാ. ജോസഫ് മുളവരിക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം നടത്തിയിരിക്കുന്നു.

—ആളൂർ സാധുജനസംരക്ഷണ സംഘത്തിന്റെ ഒരു വിശേഷാൽ യോഗം ജൂലൈ 23-ാംനു സംഘം പ്രസിഡണ്ടു് ശ്രീ എ. സി. റപ്പായിയുടെ അദ്ധ്യക്ഷതയിൽകൂടി സാധുക്കൾക്കും ദരിദ്രവിദ്യാർത്ഥികൾക്കുംവേണ്ടി 100 ക. യിൽ കവിയാത്ത ഒരു സംഖ്യ ചെലവുചെയ്യുവാൻ പ്രവർത്തകസമിതിയെ അധികാരപ്പെടുത്തിയിരിക്കുന്നു.

—വടയാർ: സെൻറ് വിൻസെൻറ് ഡി പോൾ സംഘത്തിന്റെ ദ്വിതീയ വാർഷികം ജൂലൈ 23-ാംനു റവ. ഫാ. ജോസഫ് വിതയത്തിൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ ടി. ജെ. ജോബ് എം. എ. പ്രസംഗിച്ചു. വിദ്യാർത്ഥികൾ "നല്ല സമറായക്കാരൻ" എന്ന പ്രഹസനം അഭിനയിച്ചു. യോഗാനന്തരം സാധുജനങ്ങൾക്കു് അന്നദാനം നൽകുകയുണ്ടായി.

—പുത്തൻപള്ളി വിൻസെൻറ് ഡി പോൾ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 18-ാംനു മുതൽ സാധുകുട്ടികൾക്കു ദിവസേന കഞ്ഞികൊടുത്തുവരുന്നു.

—ഒല്ലൂർ: കത്തോലിക്കാ കോൺഗ്രസിന്റെ ജൂലൈ 23-ാംനു കൂടിയ യോഗത്തിൽവച്ചു് റവ. ഫാ. കാർട്ടി എസ്. ജെ. അവർകളുടെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ടുള്ള ഒരു പ്രമേയം പാസാക്കിയിരിക്കുന്നു.

—കരാഞ്ചിറ: വിൻസെൻറ് ഡി പോൾ പുണ്യവാന്റെ തിരുനാൾ പ്രമാണിച്ചു് ജൂലൈ 23-ാംനു വിൻസെൻറ് ഡി പോൾ സഖ്യത്തിന്റെ സഹായലിസ്റ്റിൽപ്പെട്ടവർക്കു് സ്കൂൾഹാളിൽവച്ചു് വിഭവസമൃദ്ധമായ സദ്യയും നിരവധി പാവങ്ങൾക്കു് പള്ളിയങ്കണത്തിൽവച്ചു് കഞ്ഞിയും നൽകിയിരിക്കുന്നു.

—നെടുങ്ങാട്ടു് ഒരു ബോട്ടുജെട്ടി നിർമ്മിക്കുന്നതിനുവേണ്ട ധനശേഖരാർത്ഥം ശ്രീ ജോസഫ് മൈക്കാപറമ്പൻ ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു.

—അങ്കമാലി: ജൂലൈ 23-ാംനു വിൻസെൻറ് ഡി പോൾ പുണ്യവാന്റെ തിരുനാൾ പ്രമാണിച്ചു് ഒരു പൊതുയോഗം റവ. ഡോക്ടർ തോമസ് മുത്തേടൻ എം എ ഡി ഡി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയും ശ്രീ എ. ജി. അഗസ്റ്റിൻ ബി എ പ്രസംഗിക്കുകയും ചെയ്തു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ഡി. ഫ.

Vol. 23 || ERNAKULAM. JULY 26 1950 || No. 46


## കമ്മ്യൂണിസവും സോഷ്യലിസവും ഒരേഗണത്തിൽ പെട്ടതല്ലെന്നോ?

ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ ജീവനാഡിയായ ശ്രീ ജയപ്രകാശ് നാരായണൻ പാർട്ടിയുടെ 8-ാമത്തെ വാർഷിക കോൺഫറൻസു ഈ ജൂലൈ ആദ്യവാരത്തിൽ മദ്രാസിൽ കൂടിയപ്പോൾ ഒരു പത്രപ്രതിനിധിയുമായുണ്ടായ സംഭാഷണത്തിൽ ഇപ്രകാരം പ്രസ്താവിച്ചു:—

"സോഷ്യലിസ്റ്റുകാരേയും കമ്മ്യൂണിസ്റ്റുകാരേയും ഒരേഗണത്തിൽപെട്ടവരായി കണക്കാക്കുവാനുള്ള വാസന ഗവൺമെൻറിനുണ്ട്. എന്നാൽ ഞങ്ങളുടെ വിശ്വാസം, സോഷ്യലിസ്റ്റുകാർക്കു മാത്രമേ കമ്മ്യൂണിസത്തോടു വിജയകരമായി പൊരുതുവാൻ സാധിക്കുകയുള്ളുവെന്നാണ്. കമ്മ്യൂണിസത്തോടുള്ള പോരാട്ടം സിദ്ധാന്തപരമായ പോരാട്ടമാണ്. ക്യാപ്പിറ്റലിസംകൊണ്ട് കമ്മ്യൂണിസത്തോടു പോരാടുവാൻ നിങ്ങൾക്കു സാദ്ധ്യമല്ല. കമ്മ്യൂണിസത്തിൻെറയും ക്യാപ്പിറ്റലിസത്തിൻെറയും ദൂഷ്യങ്ങളെ പിടിച്ചടക്കുവാനുള്ള ഏകമാർഗ്ഗം ഡെമൊക്രാററിക്ക് സോഷ്യലിസമാകുന്നു."

ജയപ്രകാശിൻെറ സോഷ്യലിസത്തേയും കമ്മ്യൂണിസത്തേയും ഒരേഗണത്തിൽപ്പെട്ടതായി കണക്കാക്കേണ്ടതുതന്നെയാണെന്നാണ് വസ്തുതകൾ തെളിയിക്കുന്നതു്. രണ്ടിൻെറയും മൗലികമായ തത്വങ്ങൾ സാരാംശത്തിൽ കാൾമാർക്സിൻേറതുതന്നെയാണെന്നു കാണാം. താനും മാർക്സിൻെറ അനുഗാമിയാണെന്നു് ഈ കോൺഫറൻസിലെ പ്രസംഗങ്ങളിൽതന്നെ അദ്ദേഹം ഏററു പറഞ്ഞിട്ടുണ്ട്. എന്നുവരികിലും ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയെ/അദ്ദേഹം നിശിതമായി വിമർശിക്കുകയും കഠിനമായി അപലപിക്കുകയും ചെയ്യുന്നുണ്ടെന്നുള്ളതു വാസ്തവംതന്നെ. ഈ കോൺഫറൻസിലെ പ്രസംഗങ്ങളിലും അദ്ദേഹം അതു ചെയ്യാതിരുന്നില്ല. അപലപനം രണ്ടു സംഗതികളിലാണ്. ഒന്നു്, അവർ അക്രമനയം സ്വീകരിച്ചിരിക്കുന്നെന്നു്; മറേറതു് അവർ സോവ്യററുറഷ്യയുടെ ഏജൻറന്മാരാണെന്നു്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അക്രമനയത്തെയാണ് കോൺഗ്രസ്സ് ഗവൺമെൻറുകളും മററു കോൺഗ്രസ്സ് നേതാക്കന്മാരും സാമാന്യമായി അപലപിച്ചുകാണുന്നതു്. അക്രമനയം കൈവെടിയുന്നെങ്കിൽ കമ്മ്യൂണിസ്റ്റുകാരുമായി സഹകരിക്കുവാനും ഒത്തുതീർപ്പിൽ ഏർപ്പെടുവാനും തങ്ങൾ തയ്യാറാണെന്നു ചില കോൺഗ്രസ്സ് ഭരണകർത്താക്കളും കോൺഗ്രസ്സ് നേതാക്കന്മാരും പ്രസ്താവിക്കുകപോലും ചെയ്തിട്ടുണ്ട്. എന്നാൽ അക്രമം ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ മൗലികങ്ങളായ നയപരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ള വസ്തുത ശ്രീ ജയപ്രകാശ് വിസ്മരിക്കുന്നതാണ് ആശ്ചര്യം.

### ഐ. എസ്സ്. പി. യുടെ അക്രമനയപരിപാടി

മദ്രാസിലെ വാർഷികകോൺഫറൻസിൽ പാർട്ടിയുടെ പരിപാടി വിശദീകരിച്ചു ശ്രീ ജയപ്രകാശ് ഒരു ദീർഘപ്രസംഗം ചെയ്തു. അതിൽ കോൺപൂർ കോൺഫറൻസിൽവച്ചു പാർട്ടി തയ്യാറാക്കിയതും തദനന്തരം ഔദ്യോഗികമായി സ്വീകരിച്ചതുമായ "നയപ്രഖ്യാപന"ത്തെപ്പററി അദ്ദേഹം ഊന്നിപ്പറഞ്ഞു. പാർട്ടിയുടെ അവസാനലക്ഷ്യവും അതു പ്രാപിക്കുവാനുള്ള മാർഗ്ഗങ്ങളും അതിൽ അസന്നിഗ്ദ്ധമായും സ്പഷ്ടമായും ഉള്ളടക്കിയിട്ടുണ്ടെന്നു് അദ്ദേഹം അവകാശപ്പെട്ടു. എങ്കിലും പാർട്ടിയുടെ പ്രവർത്തകന്മാരിൽ പലർക്കും ഇനിയും ആ നയപ്രഖ്യാപനം അജ്ഞാതമാണെന്നു്, ഈയിടെ നടത്തിയ തൻെറ പര്യടനങ്ങളിലെ അനുഭവത്തെ ആസ്പദമാക്കി, അദ്ദേഹം വിലപിച്ചു. ആ നയപ്രഖ്യാപനം പാർട്ടിയിലുള്ളവരെല്ലാം പഠിച്ചറിയേണ്ടതാണെന്നും, അതിലെ തത്വങ്ങളിലും പരിപാടികളിലുംനിന്നു വ്യതിചലിക്കുന്നവർക്കു പാർട്ടിയിൽ സ്ഥാനമുണ്ടാകുന്നതല്ലെന്നും അദ്ദേഹം ഉദ്ബോധിപ്പിക്കുകയും ചെയ്തു. ഈ നയപ്രഖ്യാപനത്തിൽ (P licy Statement) അക്രമപ്രയോഗത്തെ വിഷയീകരിച്ച് ഉൾപ്പെടുത്തിയിട്ടുള്ള ഭാഗം താഴെ ചേർക്കുന്നു:—

"സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലേക്കു കടന്നുപോകുന്ന കാലഘട്ടത്തിനു രണ്ടു ദശകളുണ്ട്; ഒന്നു്, വർഗ്ഗസമരംവഴിയായി സോഷ്യലിസ്റ്റുകാർ ഭരണാധികാരം പിടിച്ചെടുക്കുന്ന ദശ; മറേറതു്, അധികാരത്തിലിരുന്നുകൊണ്ടു സോഷ്യലിസ്റ്റുകാർ സോഷ്യലിസ്റ്റ് വ്യവസ്ഥിതി കെട്ടിപ്പടുക്കുന്ന ദശ. താത്വികമായിപ്പറഞ്ഞാൽ, ഭരണാധികാരം രണ്ടു വിധത്തിൽ പിടിച്ചെടുക്കുവാൻ കഴിയും, അതായതു്, നിലവിലിരിക്കുന്ന രാഷ്ട്രത്തെ വിപ്ലവംമൂലം തകിടംമറിച്ചോ, അല്ലെങ്കിൽ ഡെമൊക്രാററിക് മാർഗ്ഗങ്ങളാലോ. വിപ്ലവമാർഗ്ഗങ്ങൾ (Insurrectionary means) അപരിത്യാജ്യമായിവരുന്നതു്, പ്രത്യേകാവകാശങ്ങളും സ്ഥാപിതതാല്പര്യങ്ങളുമുള്ള ഒരു ന്യൂനവർഗ്ഗം ശക്തിപ്രയോഗിച്ചു ജനതതിയെ മുഴുവനും ഭരിക്കുകയും, അക്രമപരമായ തകിടംമറിക്കൽ കൊണ്ടല്ലാതെ അവരെ ഭരണാധികാരത്തിൽനിന്നു നീക്കംചെയ്യാൻ സാധിക്കാതെവരികയും ചെയ്യുമ്പോഴാണ്. ഈ വിപ്ലവം ആയുധമേന്തിയുള്ള ജനതതിയുടെ എതിർപ്പാകുന്നു, അല്ലാതെ ഒരു ഗണം ഗൂഢാലോചനക്കാരുടെ ചിതറിപ്പോകുന്ന അക്രമപ്രയോഗമല്ല. ഈ വിപ്ലവത്തിനു് ഒരുങ്ങുവാൻവേണ്ടി, ബോംബെറിയുകയും കൊലപാതകവും കൊള്ളയും തീവെയ്പും നടത്തുകയും ചെയ്യുന്നതു പ്രയോജനരഹിതമാണ്. തൊഴിലാളിസഞ്ചയത്തെ ഉണർത്തുകയും, സംഘടിപ്പിക്കുകയും, ഇളക്കിവിടുകയുമാണ് ആവശ്യമായിരിക്കുന്നതു്. സോഷ്യലിസത്തിലെ മാർഗ്ഗനിർണ്ണയശാസ്ത്രത്തിൻെറ (Methodology) സത്ത അടങ്ങിയിരിക്കുന്നതു് ജനസാമാന്യത്തെ ഇപ്രകാരം ഉണർത്തുകയും ഇളക്കിവിടുകയും ചെയ്യുന്ന സാങ്കേതികസാമർത്ഥ്യത്തിലാണ് (Technique) ചരിത്രപരമായിപ്പറഞ്ഞാൽ ഇത്തരമൊരു വിപ്ലവം നടക്കുകയും വിജയിക്കുകയും ചെയ്യണമെങ്കിൽ, "നരോദ്നായ വോൾയ"യുടെ തത്വശാസ്ത്രവും സാങ്കേതികസാമർത്ഥ്യവും റഷ്യൻ സോഷ്യൽ ഡെമൊക്രാററിക്ക് ലേബർപാർട്ടിയുടെ തത്വശാസ്ത്രത്തിലേക്കും സാങ്കേതികസാമർത്ഥ്യത്തിലേക്കും രൂപാന്തരപ്പെടുത്തേണ്ടിയിരിക്കുന്നു."

ഡെമൊക്രാററിക് മാർഗ്ഗങ്ങളെപ്പററി നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്നതും ശ്രദ്ധേയമാണ്:

"ഡെമൊക്രാററിക്ക് മാർഗ്ഗങ്ങളെ കേവലം വ്യവസ്ഥാപിതങ്ങളോ പാർലമെൻററിയോ ആയ മാർഗ്ഗങ്ങളുമായി കൂട്ടിക്കുഴയ്ക്കാതിരിക്കുവാൻ ശ്രദ്ധിക്കണം. ആദ്യത്തേതു രണ്ടാമത്തേതിനെ ഉൾക്കൊള്ളുന്നുണ്ടെങ്കിലും, അവയുടെ പ്രവർത്തനരംഗം വളരെക്കൂടുതൽ വിസ്തൃതങ്ങളാണ്. നിയമലംഘനം, സത്യാഗ്രഹം, പണിമുടക്കു് (ചില സാഹചര്യങ്ങളിൽ) എന്നിവ വ്യവസ്ഥാപിതങ്ങളായ മാർഗ്ഗങ്ങളാകുന്നു. എന്നാൽ അവ ഡെമൊക്രാററിക്ക് മാർഗ്ഗങ്ങളല്ല."

### തൊഴിലാളിവർഗ്ഗസ്വേച്ഛാധിപത്യം

ഭരണാധികാരം സോഷ്യലിസ്റ്റുകാരുടെ കരങ്ങളിൽ അമർന്നശേഷം സോഷ്യലിസ്റ്റ് വ്യവസ്ഥിതി കെട്ടിപ്പണിയുവാൻ സ്വീകരിക്കുന്ന പദ്ധതികളെപ്പററിയാണ് നയപ്രഖ്യാപനത്തിൽ തുടർന്നു പ്രസ്താവിക്കുന്നതു്.

"പുതിയ രാഷ്ട്രം സോഷ്യലിസ്റ്റുകാരുടെ കരങ്ങളിൽ സോഷ്യലിസ്റ്റ് സാമുദായികവ്യവസ്ഥിതി കെട്ടിപ്പടുക്കുവാൻ ഉപകരണമായിത്തീരുന്നു. രാഷ്ട്രം ഡെമൊക്രാററിക്ക് രീതിയിൽ പ്രവർത്തനം നടത്തിയേക്കാം; അല്ലെങ്കിൽ അതിൻെറ അസ്തിത്വത്തെ ഭീഷണിപ്പെടുത്തിയേക്കാവുന്നവരുടെ സ്വാതന്ത്ര്യങ്ങളെ അടിച്ചമർത്തുവാൻ നിർബന്ധിക്കപ്പെട്ടെന്നുംവരാം. തൊഴിലാളിസഞ്ചയത്തിൻെറ മതിയാകുവോളം വലിയ വിഭാഗത്തെ ഇളക്കിവിടുവാൻ സോഷ്യലിസ്റ്റ് പ്രക്ഷോഭണത്തിനു സാധിക്കുകയും, അവരുടെമേലുള്ള സ്വത്തുടമക്കാരായവർഗ്ഗക്കാരുടെ സ്വാധീനശക്തി നശിപ്പിക്കപ്പെടുകയും ചെയ്യുന്നതായാൽ, പുതിയ രാഷ്ട്രത്തിനു വളരെ വിസ്തൃതമായ അടിത്തറയും സുശക്തമായ സ്ഥിരതയും ഉണ്ടായിരിക്കും: തൽഫലമായി എതിർവിപ്ലവത്തിൻെറ അപകടം നിസ്സാരമായിരിക്കുകയും ചെയ്യും. അപ്പോൾ സോഷ്യലിസത്തിൻെറ കെട്ടിപ്പടുക്കലിനു ഡെമൊക്രാററിക് മാർഗ്ഗങ്ങളിൽക്കൂടി പുരോഗമിക്കുവാൻ കഴിയും. നേരെമറിച്ചു്, പുതിയ രാഷ്ട്രം ഭീഷണിപ്പെടുത്തപ്പെടുകയും അരക്ഷിതമായിരിക്കുകയും ചെയ്താൽ, സമുദായത്തിലുള്ള എതിർവിപ്ലവഘടകങ്ങളെ ശക്തി ഉപയോഗിച്ചു് അടിച്ചമർത്തും. മററുവാക്കുകളിൽപ്പറഞ്ഞാൽ തൊഴിലാളിവർഗ്ഗസ്വേച്ഛാധിപത്യം (Dictatorship of the proletariat) സംസ്ഥാപിക്കപ്പെടേണ്ടിവരും. എന്നുവരികിലും അത്തരം സ്വേച്ഛാധിപത്യം ഏകമാർഗ്ഗത്തിൻേറയോ, അതിലും മോശമായി, ഏകപാർട്ടിയുടേയോ സ്വേച്ഛാധിപത്യമായിരിക്കുകയില്ല. ഈ തൊഴിലാളിവർഗ്ഗസ്വേച്ഛാധിപത്യത്തിൻെറ കീഴിൽ, തൊഴിലാളികളിൽപ്പെട്ട സകലവർഗ്ഗങ്ങളും രാഷ്ട്രത്തിൻെറ അധികാരത്തിൽ പങ്കുവഹിക്കും; ടോട്ടാലിറേററിയനിസത്തിൽ വിശ്വസിക്കുന്നവരൊഴിച്ചു്, തൊഴിലാളികളിലെ സകലപാർട്ടികളും പരിപൂർണ്ണമായ സ്വാതന്ത്ര്യത്തോടുകൂടി പ്രവർത്തനം നടത്തുകയും ചെയ്യും; എന്നാൽ തൊഴിലാളിവിരുദ്ധഘടകങ്ങൾക്കു വോട്ടവകാശം നിഷേധിക്കപ്പെടുകയും അവരുടെ സ്വാതന്ത്ര്യങ്ങൾ അടിച്ചമർത്തപ്പെടുകയും ചെയ്യും."

### കമ്മ്യൂണിസ്റ്റു തന്ത്രംതന്നെയല്ലയോ?

ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടി സ്വീകരിച്ചിരിക്കുന്നതും അതിലെ ഓരോ അംഗവും അവശ്യം സ്വീകരിക്കേണ്ടതുമായി നയപ്രഖ്യാപനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന മേലുദ്ധരിച്ച ഭാഗങ്ങൾ ഒററവായനയിൽതന്നെ പ്രസ്പഷ്ടമാകുന്നില്ലയോ, സോഷ്യലിസ്റ്റ് പാർട്ടിയുടേയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും പദ്ധതികൾ—അധികാരം പിടിച്ചെടുക്കുവാനും പിടിച്ചെടുത്തശേഷം ഭരിക്കാനുമുള്ള പദ്ധതികൾ — കമ്മ്യൂണിസ്റ്റുകാരുടേതിൽനിന്നു സാരാംശത്തിൽ ഭിന്നമല്ലെന്നു്? നിയമനിഷേധം, സത്യാഗ്രഹം, പണിമുടക്കു് എന്നിവയാണല്ലൊ സോവ്യററുറഷ്യയുടെ പിടിയിലമരാത്ത രാജ്യങ്ങളിൽ അധികാരം പിടിച്ചെടുക്കുവാൻ കമ്മ്യൂണിസ്റ്റ് പാർട്ടികൾ പ്രകാരാന്തരേണ സ്വീകരിച്ചുകൊണ്ടിരിക്കുന്ന മാർഗ്ഗങ്ങൾ. കമ്മ്യൂണിസ്റ്റ് പിടിയിൽ അമർന്ന രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതി കെട്ടിപ്പടുക്കുവാൻവേണ്ടി കമ്മ്യൂണിസ്റ്റുകാർ മററുപാർട്ടികളുടെ സകല സ്വാതന്ത്ര്യങ്ങളും അടിച്ചമർത്തിക്കൊണ്ടുമിരിക്കുന്നു. അതിനവർ പറയുന്ന കാരണം, നമ്മുടെ സോഷ്യലിസ്റ്റുകാർ ഈ നയപ്രഖ്യാപനത്തിൽ പറയുന്നതുതന്നെയാണ്—ആ പാർട്ടികളെല്ലാം അവിടങ്ങളിലെ കമ്മ്യൂണിസ്റ്റ് ഗവൺമെൻറിനെ ഭീഷണിപ്പെടുത്തുന്ന എതിർവിപ്ലവകാരികളാണെന്നു്; തൊഴിലാളിവിരുദ്ധഘടകങ്ങളാണെന്നു്. റഷ്യയിൽ സ്റ്റാലിനും, ജർമ്മനിയിൽ ഹിററ്ലരും, ഇററലിയിൽ മുസ്സോലിനിയും, ഇപ്പോൾ തെക്കുകിഴക്കൻ യൂറോപ്പുരാജ്യങ്ങളിൽ അവിടത്തെ ഗവൺമെൻറുകളും സ്വീകരിച്ചതും സ്വീകരിച്ചുകൊണ്ടിരിക്കുന്നതുമായ നയത്തിലും പരിപാടിയിലുംനിന്നു ഭിന്നമായ ഒന്നല്ല ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടി സ്വീകരിക്കുവാൻ പോകുന്നതെന്നു കാണുവാൻ വല്ലപ്രയാസവുമുണ്ടോ? എന്നിട്ടും ശ്രീ ജയപ്രകാശും അനുയായികളും പറയുന്നു, അവരുടെ ലക്ഷ്യം ഡെമൊക്രസിയാണെന്നു്. "തൂമ്പയെ തൂമ്പയെന്നുതന്നെ വിളിക്കുക" എന്ന ഇംഗ്ലീഷ് പഴഞ്ചൊല്ലാണ് ഓർമ്മയിൽ വരുന്നതു്. പുതിയ കമ്മ്യൂണിസ്റ്റ് സർവ്വരാജ്യസംഘടനയായ "കൊമിൻഫോം" കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളെ "പീപ്പിൾസ് ഡെമോക്രസി" എന്നു വിളിക്കുന്നതുപോലെ നമ്മുടെ സോഷ്യലിസ്റ്റുകാർ തങ്ങളെ "ഡെമൊക്രാററിക്ക് സോഷ്യലിസ"മെന്നു വിളിക്കുന്നെന്നു മാത്രം.


### സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |


### അടുത്തയാഴ്ചയിൽ

ജൂലൈ

30 ഞാ: പന്തക്കുസ്ത 9-ാം ഞായർ ജെമ്മാനൂസ്

31 തി: ഇഗ്നേഷ്യസ് ലയോള

ആഗസ്റ്റ്

1 ചൊ: ജിയയാവന്നി കൊളമ്പിനി

2 ബു: അൽഫോൻസ് ലിഗോരി

3 വ്യാ: നിക്കോദേമൂസ്

4 വെ: ഡൊമിനിക്കോസ്

5 ശ: ഓസ്‌വാൾഡ്

ആരോഗ്യപംക്തി

### ശിശുക്കളെ വളർത്തേണ്ടവിധം

ശിശുമരണം വളരെ കൂടുതലുള്ള ഒരു രാജ്യമാണ് നമ്മുടെ ഇൻഡ്യ. പല പാശ്ചാത്യരാജ്യങ്ങളിലും ശിശുമരണം ഇൻഡ്യയിലെക്കാൾ തുലോം കുറവാണ്. ഇതിൻെറ പ്രധാന കാരണം ആരോഗ്യനിയമങ്ങൾ അനുസരിച്ചു് ശിശുക്കളെ സംരക്ഷിക്കുന്നതിൽ നമുക്കുള്ള അജ്ഞതയും ഉദാസീനതയും ആണ്. ഇൻഡ്യയിലെ ശിശുക്കളിൽ ഒരു വലിയഭാഗം ഒരു വയസ്സു തികയുന്നതിനു മുമ്പുതന്നെ മരിച്ചുപോകുന്നു. പ്രസവസമയത്തുവേണ്ട ശുചിത്വം പാലിക്കാത്തതിനാലും ചീത്തയായ ഭക്ഷണസാധനങ്ങൾ തോന്നുമ്പോഴൊക്കെ ശിശുവിനു കൊടുക്കുന്നതിനാലും ആണ് ഇപ്രകാരം സംഭവിക്കുന്നതു്. ശിശുക്കളെ സംരക്ഷിക്കേണ്ട വിധത്തെപ്പററി ശരിയായ ജ്ഞാനം മാതാപിതാക്കന്മാർക്കു് ഉണ്ടായിരിക്കേണ്ടതാണ്.

അരോഗിയായ ഒരു ശിശുവിനു് ജനനസമയത്തു് ഏകദേശം ഏട്ടു റാത്തൽ തൂക്കമുണ്ടായിരിക്കും. ജനിച്ചിട്ടു ഒരാഴ്ചത്തേക്കു് ശിശുവിനു ഘനം കൂടുന്നതല്ല. പിന്നെ ആറുമാസംവരെ ശരാശരി ആഴ്ചതോറും നാലു് ഔൺസ് വീതം ഘനംകൂടിക്കൊണ്ടിരിക്കും. പത്തുമാസംപ്രായമുള്ള ശിശു എഴുന്നേററു നില്ക്കാൻ പ്രാപ്തിയുള്ളതായിരിക്കണം. ശിശു ജനിക്കുമ്പോൾ നെററിത്തടത്തിനുമുകളിലും തലയോടിൻെറ പിൻഭാഗത്തും രണ്ടു മൃദുവായ സ്ഥലങ്ങൾ ഉണ്ടായിരിക്കും. ഇതിൽ പിൻഭാഗത്തുള്ളതു രണ്ടാംമാസത്തിൻെറ അവസാനത്തിലും മുൻവശത്തേതു് ഒന്നരവയസ്സിലും ഉറച്ചുപോകും. രണ്ടുവയസ്സു കഴിയുമ്പോൾ ഇവയിൽ ഏതെങ്കിലും ഒന്നു ശേഷിച്ചാൽ അതു് ആഹാരം കുറഞ്ഞതുകൊണ്ടോ പിള്ളവാതം എന്ന രോഗം ബാധിച്ചതുകൊണ്ടോ ആയിരിക്കണം. അരോഗിയായ ഒരു ശിശു ദിവസേന പല പ്രാവശ്യം കരയും. കരയുമ്പോഴൊക്കെ ശിശുവിനു് പാൽകൊടുക്കുന്നതു അവിവേകമാണ്. ശിശുക്കളുടെ മാംസപേശികൾക്കു വ്യാ

യാമം സിദ്ധിക്കുന്നതു കരച്ചിൽമൂലമാണു്. കൂടെക്കൂടെ കരയാത്ത ശിശുവിനു് എന്തെങ്കിലും ദീനമുണ്ടെന്നു് ഊഹിക്കേണ്ടതാണു്.

ശിശു ജനിച്ചിട്ടു് കുറെ ആഴ്ചത്തേക്കു് അധികസമയവും ഉറക്കമായിരിക്കും. ശിശുവിന്റെ കിടക്ക സുഖകരമായിരിക്കണം. ഈച്ചകൾ അതിനെ ഉപദ്രവിക്കാതിരിക്കത്തക്കവണ്ണം കിടക്ക വലയിട്ടു മറയ്ക്കണം. ശിശുക്കൾക്കു് ചെങ്കണ്ണു്, കുരുക്കൾ മുതലായവ ഉണ്ടാക്കുന്നതു ഈച്ചകളാണു്. ഉറക്കസമയത്തു ശിശുവിന്റെ തല മൂടരുതു്; ധാരാളം ശുദ്ധവായു ലഭിക്കത്തക്കവിധം മുറിയുടെ ജനലുകൾ തുറന്നിടണം.

ശിശുവിനെ വളർത്തുന്ന വിഷയത്തിൽ ശുചിത്വപാലനത്തെപ്പററി എത്ര തന്നെ നിഷ്കർഷിച്ചാലും അധികമാകയില്ല. ചെറിയ ശിശുവിനെ കൂടെക്കൂടെ കുളിപ്പിക്കണം. മലമൂത്രങ്ങളാൽ മലിനപ്പെടുന്ന ഭാഗങ്ങൾ പ്രത്യേകം കഴുകണം. വെറും തറയിൽ ഇരിക്കുകയോ കിടക്കുകയോ ചെയ്യാൻ ശിശുവിനെ അനുവദിക്കരുതു്. തറയിൽ ഇരിക്കുന്ന ശിശുക്കളുടെ കൈകൾ മലിനമാകയും അവയെ വായിൽ ഇടുകയും അഴുക്കു് ശരീരത്തിനുള്ളിൽ കടന്നു് രോഗങ്ങൾ ഉണ്ടാകുകയും ചെയ്യും. നിലത്തുള്ള മലിനസാധനങ്ങളും ശിശുക്കൾ പലപ്പോഴും എടുത്തു വായിൽ ഇടാറുണ്ടു്. തന്നിമിത്തം വിരയും കൃമിയും അതിസാരവും ഉണ്ടാകുന്നു. വൃത്തിയായ ഒരു പായു് നിലത്തിട്ടു് അതിന്മേൽ ശിശുവിനെ ഇരുത്തണം.

ശിശുവിന്റെ വസ്ത്രങ്ങൾ എപ്പോഴും ശുചിയായിരിക്കണം. അരയുടെ മുൻപിൻഭാഗങ്ങൾ ശരിയായി മറയത്തക്കവണ്ണം വസ്ത്രം ധരിപ്പിക്കണം. ശിശുക്കളെ നഗ്നമായി അങ്ങുമിങ്ങും നടക്കാൻ അനുവദിച്ചാൽ അവർക്കു് തുടർച്ചയായി ജലദോഷം പിടിപെടുകയും അവർ എളുപ്പം ദുർമ്മാർഗ്ഗങ്ങളിലേക്കു് നയിക്കപ്പെടുകയും ചെയ്യുന്നതാണു്.

ശിശുവിനു് നല്ല ആരോഗ്യവും വളർച്ചയും ഉണ്ടാകാൻ ധാരാളം ഭക്ഷണം ആവശ്യമാണു്. അമ്മയുടെ പാലിനോളം ശിശുവിനു പററിയ ആഹാരം വേറെയില്ല. അതിനാൽ നല്ല പാൽ ധാരാളം ഉണ്ടാകുവാനായി മാതാവു് പോഷകാംശങ്ങൾ അടങ്ങിയ ഭക്ഷണം വേണ്ടുവോളം കഴിക്കണം. ആദ്യത്തെ രണ്ടു മാസം രണ്ടു മണിക്കൂറിൽ ഒരിക്കൽ മാത്രമേ ശിശുവിനു പാൽ കൊടുക്കാവൂ. രാത്രി ഏകദേശം പത്തു മണിക്കായിരിക്കണം അവസാനം പാൽ കൊടുക്കുന്നതു്. പിന്നീടു പ്രഭാതംവരെ പാൽകൊടുക്കേണ്ട ആവശ്യമില്ല. ഭക്ഷണത്തിനു് ഇടയ്ക്കുള്ള സമയം ക്രമേണ ദീർഘിപ്പിക്കണം. ഭക്ഷണസമയത്തിൽ കൃത്യനിഷ്ഠ പാലിക്കേണ്ടതു് ആവശ്യമാണു്. ഈ സമയത്തിനിടയ്ക്കു ശിശു കരയുന്നപക്ഷം അല്പം തിളപ്പിച്ച വെള്ളം ചെറുചൂടായി കൊടുത്താൽ മതിയാകും. ഇങ്ങനെ ശുദ്ധജലം പല പ്രാവശ്യം കൊടുക്കണം. അല്ലാത്തപക്ഷം ശിശുവിനു് വായ്പുണ്ണുണ്ടാകും. മാതാവിന്റെ മുലയുടെ അഗ്രഭാഗം കൂടെക്കൂടെ കഴുകി വെടിപ്പാക്കിക്കൊണ്ടിരിക്കണം. ആറെട്ടുമാസം പ്രായമാകുന്നതുവരെ പാലല്ലാതെ മററു സാധനങ്ങൾ ശിശുവിനു കൊടുക്കരുതു്. ചോറു്, മാംസം മുതലായ മററു സാധനങ്ങളെ ദഹിപ്പിക്കാൻ വേണ്ടത്ര ശക്തി അതിന്റെ ദഹനേന്ദ്രിയത്തിനില്ല. ഭക്ഷണം ചവച്ചു തിന്നത്തക്കവണ്ണം പല്ലുകൾ മുളയ്ക്കുന്നതുവരെ ഘനപദാർത്ഥങ്ങളൊന്നും ശിശുവിനു കൊടുക്കരുതു്. വിവേകമില്ലാത്ത ചില മാതാക്കൾ ശിശുക്കൾക്കു ഭക്ഷണസാധനങ്ങൾ ചവച്ചുകൊടുക്കാറുണ്ടു്. ഇതു് പല രോഗങ്ങൾക്കും കാരണമായിത്തീരുന്നതിനാൽ ഒരിക്കലും ചെയ്തുകൂടാത്തതാണു്. പാകമായ പഴങ്ങളുടെ ചാറു് ശിശുക്കൾക്കു് വളരെ നല്ലതാണു്. ഇതു് ശരിയായ മലശോധന ഉണ്ടാക്കുകയും അതിസാരത്തെ തടയുകയും ശിശുവിനെ പോഷിപ്പിക്കയും ചെയ്യും. ചെറുനാരങ്ങാനീരു് ഏററം നന്നാത്രേ. പാൽ കൊടുത്തു് ഒരു മണിക്കൂർ കഴിഞ്ഞേ പഴം കൊടുക്കാവൂ.

ആരോഗ്യമുള്ള ഒരു ശിശുവിനു രണ്ടു മൂന്നു മാസംവരെ ദിവസേന ഒന്നുമുതൽ നാലുവരെ പ്രാവശ്യം മലശോധനയുണ്ടാകും. അതു കഴിഞ്ഞാൽ പിന്നെ ദിവസം രണ്ടു പ്രാവശ്യമേ ഉണ്ടാകയുള്ളു. ശരിയായ മലശോധന ഉണ്ടാകാത്തപക്ഷം പെട്ടെന്നു മലബന്ധത്തിനു വേണ്ട ചികിത്സ ചെയ്യണം. അല്ലെങ്കിൽ ശിശുവിനു് രോഗം പിടിപെടും. ഭക്ഷണത്തിലുള്ള കൊഴുപ്പിന്റെ അളവു വർദ്ധിപ്പിക്കുക, തിളപ്പിച്ചു് ആററി ചെറുചൂടാക്കിയ വെള്ളം പല പ്രാവശ്യം കൊടുക്കുക, ചെറുനാരങ്ങായുടേയും മററു പഴങ്ങളുടേയും ചാറു പതിവായി കൊടുക്കുക—ഇങ്ങനെ ചെയ്താൽ മലബന്ധം ഉണ്ടാകാതെ സൂക്ഷിക്കാം.

(A. V. T.)

# മാർപ്പാപ്പായുടെ തിരുവെഴുത്ത്

തിരുവുത്തരീയത്തിന്റെ 7-ാം ശതവത്സരംപ്രമാണിച്ചുള്ളതു്

നമ്മുടെ പ്രിയപ്പെട്ട പുത്രന്മാരായ കർമ്മലീത്താസഭയുടെ പ്രിയോർജനറാൾ കിലിയാൻ ലിഞ്ചിനും മാസ്റ്റർജനറാൾ സിൽവേരിയോ ദെ സാന്താ തെരേസായ്ക്കും:

കത്തോലിക്കാവിശ്വാസത്തെ ഉത്തേജിപ്പിക്കുന്നതിനും സന്മാർഗ്ഗബോധത്തെ ഉയർത്തുന്നതിനും ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തോടുള്ള സ്നേഹം എത്ര സഹായകമാണെന്നു് അറിഞ്ഞിട്ടില്ലാത്തവരാരുമില്ലല്ലോ. ചില ഭക്തികൾ മററുള്ളവയെ അപേക്ഷിച്ചു്, സാങ്ഗിയതത്വങ്ങൾകൊണ്ടു മനസ്സിനെ കൂടുതൽ പ്രബുദ്ധമാക്കുകയും ക്രിസ്തീയജീവിതം അഭ്യസിക്കുന്നതിനു് ആത്മാക്കളെ പ്രേരിപ്പിക്കുകയും ചെയ്യുന്നുണ്ടു്. അവ വഴിയാണു പ്രസ്തുതഫലങ്ങൾ സവിശേഷം സമ്പാദിക്കപ്പെടുന്നതു്. അംഗീകൃതഭക്തികളുടെ കൂട്ടത്തിൽ കർമ്മലോത്തരീയത്തിനു പ്രഥമസ്ഥാനം കല്പിക്കേണ്ടതാണെന്നു പറയേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, അനാർഭാടതകൊണ്ടു് എല്ലാവരുടേയും മനസ്സിനിണങ്ങുന്ന ഈ ഭക്തി, വിശ്വാസികളുടെയിടയിൽ സാർവ്വത്രികമായി പ്രചരിക്കുകയും അത്യന്തമുപകാരപ്രദമായ അനേകഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരിക്കുന്നു.



ആകയാൽ, കർമ്മലോത്തരീയം നല്കപ്പെട്ടതിന്റെ ഏഴാം ശതവത്സരം പൂർത്തിയാകുന്ന ഈ അവസരത്തിൽ പരിശുദ്ധ കന്യകാമറിയത്തെ കഴിയുന്നിടത്തോളം ആഡംബരപൂർവ്വം ബഹുമാനിക്കുവാൻ സപാദുകരും നിഷ്പാദുകരുമായ എല്ലാ കർമ്മലീത്താസഹോദരന്മാരും തീരുമാനിച്ചിരിക്കുന്നുവെന്നറിയുന്നതിൽ നമുക്കു് അതിയായ സന്തോഷമുണ്ടു്. അതിനാൽ ദൈവത്തിന്റെ പ്രിയമാതാവിനോടു നമുക്കുള്ള സുദൃഢസ്നേഹത്താൽ പ്രചോദിതനായും, ബാല്യം മുതല്ക്കു നാം ഉത്തരീയസഖ്യത്തിന്റെ ഒരംഗമായിരിക്കുന്നതിനെ അനുസ്മരിച്ചും, നിങ്ങളുടെ ഈ സദുദ്യമത്തെ സർവ്വാത്മനാ നാം അഭിനന്ദിക്കുന്നു. ഈ സംരംഭത്തിനു ദൈവാനുഗ്രഹം സമൃദ്ധമായുണ്ടാകുമെന്നു നമുക്കുറപ്പുണ്ടു്. കാരണം, തുച്ഛവും അപ്രധാനവുമായ ഒരു സംഗതിയിലല്ല, പിന്നെയോ, നിത്യജീവൻ പ്രാപിക്കുന്ന കാര്യത്തിലാണു നാമിവിടെ വ്യാപൃതരായിരിക്കുന്നതു്. പരിശുദ്ധ കന്യകയിൽനിന്നു നമുക്കു കിട്ടിയിരിക്കുന്ന വാഗ്ദാനത്തിന്റെ സാരാംശവും ഇതുതന്നെ. എന്തെന്നു് എല്ലാവർക്കും സർവ്വപ്രധാനമായിരിക്കുന്ന വേല, അതിനെക്കുറിച്ചും അതു നിഷ്പ്രയാസം സമ്പാദിക്കുന്നതിനുള്ള വിധത്തെക്കുറിച്ചും ചിന്തിക്കുന്ന വിഷയത്തിലാണു നമ്മൾ ഏർപ്പെട്ടിരിക്കുന്നതു്. കാരണം, മറിയത്തിന്റെ സ്ഥാനവസ്ത്രം എന്നറിയപ്പെടുന്ന തിരുവുത്തരീയം ദൈവമാതാവു നമ്മെ കാത്തുരക്ഷിക്കുമെന്നുള്ളതിന്റെ അടയാളവും ഉറപ്പുമാണു്. എന്നിരുന്നാലും, ഉദാസീനരും ആത്മീയകാര്യങ്ങളിൽ അശ്രദ്ധരുമായിരുന്നുകൊണ്ടു നിത്യരക്ഷ പ്രാപിച്ചുകളയാമെന്നു് ഉത്തരീയം ധരിക്കുന്നവർ പ്രതീക്ഷിക്കയുമരുതു്. എന്തുകൊണ്ടെന്നാൽ, "ഭയത്തോടും വിറയലോടുംകൂടി നിങ്ങളുടെ രക്ഷയുടെ ജോലി നിർവ്വഹിക്കുവിൻ" (ഫിലി. II:12) എന്നാണല്ലോ വിശുദ്ധ ശ്ലീഹാ നമ്മെ ഉദ്ബോധിപ്പിക്കുന്നതു്.

ആകയാൽ, എല്ലാ കർമ്മലീത്താക്കാരും, അതായതു്, ആവൃതിക്കുള്ളിൽ വസിക്കുന്ന ഒന്നാംസഭക്കാരും രണ്ടാം സഭക്കാരും, സന്യാസികളും സന്യാസവ്രതമില്ലാത്തവരുമായ മൂന്നാംസഭക്കാരും, മററു് ഉത്തരീയസഖ്യാംഗങ്ങളും ഏററം പരിശുദ്ധയായ നമ്മുടെ അമ്മയുടെ ഭവനത്തിൽപ്പെട്ടവരും ഒരു പ്രത്യേക സ്നേഹത്താൽ അതിനോടു ബന്ധപ്പെട്ടവരുമാണു്. അവരെല്ലാം ദിവ്യകന്യകയുടെ സ്നേഹചിഹ്നവും അങ്ങേ മാതൃക പ്രതിബിംബിക്കുന്നതുമായ ഈ സ്ഥാനവസ്ത്രത്തിൽ, വിനയത്തിന്റെയും ലാളിത്യത്തിന്റെയും സംക്ഷിപ്തമായ ഒരു പാഠം കണ്ടെത്തട്ടെ. സർവ്വോപരി, രാത്രിയിലും പകലും ധരിക്കുന്ന ഈ തിരുവസ്ത്രത്തിൽ തങ്ങൾ ദൈവസഹായം അപേക്ഷിക്കുന്നതിന്റെ അർത്ഥവത്തായ അടയാളം അവർ ദർശിക്കട്ടെ.

അവസാനമായി, അമലോത്ഭവകന്യകയുടെ വിമലഹൃദയത്തിനു് അവർ തങ്ങളെ സമർപ്പിച്ചതിനു് ഇതൊരു സ്മാരകമായിരിക്കട്ടെ. ഈ സമർപ്പണത്തെ നാം അടുത്തകാലത്തു വളരെ അനുഭാവത്തോടെ അംഗീകരിച്ചിട്ടുണ്ടു്. ഏററം കരുണാർദ്രയായ ഈ അമ്മ, ദൈവത്തിൻപക്കലുള്ള തന്റെ മാദ്ധ്യസ്ഥ്യശക്തിവഴി, ശുദ്ധീകരണസ്ഥലത്തിൽ പാപങ്ങൾക്കു പരിഹാരം ചെയ്യുന്ന തന്റെ മക്കൾക്കു കഴിയുംവേഗം സ്വർഗ്ഗകവാടം തുറന്നു കൊടുക്കാതിരിക്കയില്ല. ഈ വിശ്വാസം ശനിയാഴ്ചവരം എന്നറിയപ്പെടുന്ന അവിടുത്തെ ഒരു വാഗ്ദാനത്തിൽ അധിഷ്ഠിതമാണു്. ആകയാൽ ദിവ്യസംരക്ഷണയുടേയും സഹായത്തിന്റേയും ഒരുറപ്പായും നമ്മുടെ പ്രത്യേകസ്നേഹത്തിന്റെ ഒരു സ്ഥിരീകരണമായും, നമ്മുടെ പ്രിയമക്കളായ നിങ്ങൾക്കും കർമ്മലീത്താസഭ മുഴുവനും ഇതാ നാം അപ്പസ്തോലികാശീർവാദം നല്കുന്നു.

നമ്മുടെ പാപ്പാസ്ഥാനലബ്ധിയുടെ പതിനൊന്നാംവത്സരമായ 1950-ാമാണ്ടു്, ലൂർദുനാഥയുടെ തിരുനാൾദിനമായ ഫെബ്രുവരി പതിനൊന്നാം തിയതി, റോമായിൽ വി. പത്രോസിന്റെ അധികാരസ്ഥാനത്തുനിന്നു നല്കപ്പെട്ടതു്.

—

## അമേരിക്കയിലെ കത്തോലിക്കർ

അടുത്തുതന്നെ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന അമേരിക്കൻ കത്തലിക് ഡിറക്ടറിയിൽ താഴെ കാണുന്ന വിവരങ്ങൾ നല്കിയിരിക്കുന്നു: അമേരിക്കൻ ഐക്യനാടുകൾ, അലാസ്ക, ഹാവായ് എന്നീ സ്ഥലങ്ങളിലായി ഇക്കഴിഞ്ഞ വർഷം 100,000 ത്തിൽപ്പരം ആളുകൾ മാനസാന്തരപ്പെട്ടു് കത്തോലിക്കാസഭയിൽ പ്രവേശിച്ചിരിക്കുന്നു. 1949-ൽ മാനസാന്തരപ്പെട്ടവരുടെ സംഖ്യ 119,173 ആണു്. അതിനുമുമ്പുള്ള രണ്ടുകൊല്ലങ്ങളിലെ സംഖ്യ യഥാക്രമം 117,130-ം 115,214-ം ആയിരുന്നു. ഇപ്പോൾ ആകെയുള്ള കത്തോലിക്കരുടെ സംഖ്യ 27,766,141. അതിൽ 1,047,798-ം മനസ്സുതിരിഞ്ഞു സഭയിൽ പ്രവേശിച്ചവരാണു്. വൈദികമേലദ്ധ്യക്ഷന്മാർ ഏററവും കൂടുതലുള്ളതും അമേരിക്കൻ ഐക്യനാടുകളിലാണു്. 4 കർദ്ദിനാളന്മാരും 21 മെത്രാപ്പോലീത്താമാരും 157 മെത്രാന്മാരും അവിടെയുണ്ടു്. ആകെയുള്ള വൈദികന്മാർ 42,970-ം സന്യാസിനികൾ 147,310-ം ആണു്.

For favours received



Fr. Paul A. George
Karukutty

ഫാത്തിമാരാജ്ഞിയുടെ
## വിമലഹൃദയവണക്കം

"ലോകം മുഴുവനിലും എന്റെ വിമലഹൃദയത്തോടുള്ള ഭക്തി സ്ഥാപിക്കുന്നതിനു ദൈവം ആഗ്രഹിക്കുന്നു" (1917 ജൂലൈ 13-ലെ ഫാത്തിമാസന്ദേശം.)

റവ. ഫാ. മാത്യു ആലക്കളം അവർകളാൽ വിരചിതമായ "ആഗസ്റ്റ് മാസവണക്കം." വില 1 ക 2 ണ.

ദി ഫാത്തിമാസ്റ്റോഴ്സ്, മാന്നാനം

## ആഗസ്റ്റ്മാസവണക്കം

By Rev. Fr. Lawrence Paul

വില 6 അണ.

## വീരബാലിക

(വി. മരിയ ഗൊരെററി)

By Rev. Fr. C. V. Antony

വില 4 അണ.

ആവശ്യപ്പെടേണ്ടും മേൽവിലാസം:

മാനേജർ, കത്തോലിക്കാ പ്രസ്സ്, കൊല്ലം

## വിൻസെൻഷ്യൻ സഭ

എറണാകുളം അതിരൂപതയിലെ വിൻസെൻഷ്യൻ സഭയിലെ പൊതു തിരഞ്ഞെടുപ്പ് ജൂലൈമാസം 24-ാം നു നടന്നു. സഭയുടെ സുപ്പീരിയർ ജനറലും ചങ്ങനാശ്ശേരി ആശ്രമത്തിന്റെ സുപ്പീരിയറുമായി റൈററ്. റവ. മോൺ. ക്ലെമെൻസ് കണ്ടത്തിൽ അവർകളും തോട്ടകം ആശ്രമത്തിന്റെ സുപ്പീരിയറായി റവ. ഫാ. ജോർജ്ജ് മണ്ണാട്ട് അവർകളും തിരഞ്ഞെടുക്കപ്പെട്ടു.

## കൊച്ചി വാർത്തകൾ

തിരു-കൊച്ചി സംസ്ഥാനത്തെ ഷുഗർറേഷൻ പ്രായപൂർത്തിയായ ആളൊന്നിനു 9 ഔൺസ് എന്നുള്ളത് ആഗസ്റ്റ് 1-ാം നു മുതൽ 10 ഔൺസാക്കി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു. അതിൽ അരി 7 ഔൺസുമാത്രമേ ഉണ്ടായിരിക്കയുള്ളു. ഗോതമ്പിന്റെ വിഹിതം അരിയുടെയിനത്തിൽ കുറവുചെയ്തിരിക്കുന്നതാണ്. റേഷൻ മുഴുവൻ ഗോതമ്പായോ ഏതാനും ഭാഗം ഗോതമ്പായോ വാങ്ങുന്നതിനുള്ള സ്വാതന്ത്ര്യം കാർഡുടമസ്ഥർക്കുണ്ടായിരിക്കും.

—തിരുവിതാംകൂറിലെ മലയാളം, തമിഴ് ഹൈസ്കൂളുകൾ ഇംഗ്ലീഷ്സ്കൂളുകളാക്കി നിർത്തലാക്കിയിരിക്കുന്നു. അവയിൽ തോററിട്ടുള്ള വിദ്യാർത്ഥികൾക്കായി രണ്ടു പരീക്ഷകൾകൂടെ നടത്തപ്പെടുന്നതാണ്.

—ഒന്നാംഫാറത്തിലെ ഉപപാഠപ്പുസ്തകമായി ഗവൺമെന്റിൽനിന്നും തിരഞ്ഞെടുത്തിരിക്കുന്ന "ബാലചന്ദ്രൻ" എന്ന പുസ്തകത്തിന്റെ അച്ചടിച്ച പ്രതികൾ സംസ്ഥാനത്തെ സർവ്വ വിദ്യാർത്ഥികൾക്ക് സൗജന്യമായി വിതരണം ചെയ്യുവാൻ അതിന്റെ പ്രസാധകരായ സാഹിത്യപ്രവർത്തകസംഘം തീരുമാനിച്ചിരിക്കുന്നു.

—സംസ്ഥാനത്തെ അഞ്ചലാപ്പീസുകളിലിടുന്ന കത്തുകൾക്ക് അഞ്ചൽ സ്റ്റാമ്പുകൾ ഉപയോഗിക്കാമെന്നും എന്നാൽ സംസ്ഥാനത്തിനു പുറമെ പോകുന്ന കത്തുകളിൽ അഞ്ചൽ നിരക്കു കഴിച്ച് അധികം വേണ്ട സ്റ്റാമ്പുകൾ തപാൽ സ്റ്റാമ്പുകളായിരിക്കണമെന്നും അഞ്ചൽ ഡയറക്ടർ വിജ്ഞാപനം ചെയ്തിരിക്കുന്നു.

—വെളിച്ചെണ്ണ, സസ്യഎണ്ണകൾ, എണ്ണക്കുരുക്കൾ, പിണ്ണാക്ക് എന്നിവയുടെ സ്റ്റോക്കും നീക്കവും നിരോധിച്ചുകൊണ്ട് ഗവൺമെന്റ് പുറപ്പെടുവിച്ചിരുന്ന ഉത്തരവ് റദ്ദ് ചെയ്തിരിക്കുന്നു.

—വോട്ടേഴ്സ് ലിസ്റ്റ് തയാറാക്കുന്നതു സംബന്ധിച്ച് പണി കൂടുതലുള്ളതിനാൽ തിരുകൊച്ചിയിലെ ഗവൺമെന്റും എയിഡഡുമായ എല്ലാ പ്രൈമറിസ്കൂളുകൾക്കും ജൂലൈ 26-ാം നു മുതൽ 3 ദിവസത്തേക്കും കൊല്ലം ഡിസ്ട്രിക്റ്റിലെ പ്രൈമറിസ്കൂളുകൾക്ക് ജൂലൈ 20 മുതൽ 3 ദിവസത്തേക്കും ഒഴിവനുവദിച്ചിരിക്കുന്നു.

—ഗവൺമെന്റോ പൊതുജനങ്ങളോ നിർമ്മിച്ചിട്ടുള്ള എല്ലാവില്ലേജുറോഡുകളേയും പററിയുള്ള ഒരു സർവ്വെ നടത്തിക്കൊണ്ടിരിക്കുന്നതായി ഒരു ഗവൺമെന്റ് പ്രസ്സ്നോട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. ഓരോ വില്ലേജിലെയും ഗതാഗത സൗകര്യങ്ങൾ ഗ്രഹിക്കുകയാണ് ഇതിന്റെ ഉദ്ദേശ്യം.

—ഫുഡ് പ്രൊഡക്ഷൻ ബോർഡ് ചെയർമാനായിരിക്കുന്ന മി. ഇക്കണ്ടവാര്യർക്ക് അസംബ്ലിയംഗമായി തുടരാമെന്നും ഫുഡ് പ്രൊഡക്ഷൻ ബോർഡ് ചെയർമാൻസ്ഥാനം ആദായം പററുന്ന ഉദ്യോഗമല്ലെന്നും സ്പീക്കർ റൂൾ ചെയ്തിരിക്കുന്നു.

—ജൂലൈ 21-ാം നു മുതൽ ഐക്യസംസ്ഥാനമൊട്ടുക്കും പ്രാബല്യത്തിൽ വരത്തക്കവണ്ണം ഗവൺമെന്റിൽനിന്നും ഒരു ഭക്ഷ്യധാന്യനിയന്ത്രണോത്തരവു പുറപ്പെടുവിച്ചിരിക്കുന്നു. അതനുസരിച്ചു റേഷൻചെയ്തിട്ടുള്ള പദാർത്ഥങ്ങൾ ഗവൺമെന്റുവക ഷോപ്പുകൾ മുഖേനയോ അംഗീകൃതരായ മൊത്തക്കച്ചവടക്കാരോ ചില്ലറക്കച്ചവടക്കാരോ മുഖേനയോ സിവിൽ സപ്ലൈസ് കമ്മീഷണർ നിശ്ചയിക്കുന്ന വിലയ്ക്കു വില്ക്കപ്പെടുന്നതാണ്. നിയമാനുസൃതമായ പെർമിററു കൂടാതെ റേഷൻപദാർത്ഥങ്ങൾ ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തേക്കു കൊണ്ടുപോകുന്നതിനെ നിരോധിച്ചിരിക്കുന്നു.

—1950 ലെ മിഡിൽസ്കൂൾ സർട്ടിഫിക്കററു പരീക്ഷ ഒക്ടോബർ 16-ാം നു ആരംഭിക്കുന്നതാണ്. 1949-50-ൽ തേഡ് ഫോറത്തിലേക്കു നിശ്ചയിച്ചിരുന്ന പാഠപുസ്തകങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരിക്കും ടി പരീക്ഷ. ക്ലാസ്സുകൾ തയാറാക്കുന്നതു പരീക്ഷാഫീസ് 6 ക. യാണ്.

## ഇന്ത്യാവാർത്തകൾ

ഇന്ത്യൻ ക്ഷയരോഗനിവാരണ സംഘക്കാർ കഴിഞ്ഞ ഏപ്രിലിൽ ഡൽഹിയിൽവച്ചു ഒരു യോഗംകൂടി ഇന്ത്യയിൽനിന്നും ക്ഷയരോഗത്തെ ഉന്മൂലനം ചെയ്യുന്നതിനു ആവശ്യമായ ഫണ്ടു ശേഖരിക്കുന്നതിലേക്കായി ഒരു പ്രത്യേകതരം സ്റ്റാമ്പു അടിച്ചു വില്ക്കുന്നതിനും ഒരു പതാകദിനം ആഘോഷിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. ഒക്ടോബർ 1-ാം നു മുതൽ ജനുവരിവരെ പ്രസ്തുത സ്റ്റാമ്പു വില്പന നടത്തുന്നതും ജനുവരിയിൽ ഒരു ക്ഷയരോഗനിവാരണവാരം ആഘോഷിക്കുന്നതുമാണെന്നറിയുന്നു. ഈ പ്രസ്ഥാനം വിജയകരമാക്കുന്നതിനുവേണ്ടി അതാതു പ്രോവിൻസുകളിലും സ്റ്റേററുകളിലും പ്രവർത്തകക്കമ്മിററികൾ രൂപീകരിക്കുന്നതിനും പ്രചരണം നടത്തുന്നതിനുമായി ഇന്ത്യാഗവൺമെന്റിന്റെ ക്ഷയരോഗചികിത്സോപദേഷ്ടാവായ ഡോക്ടർ ബഞ്ചമിൻ ആഗസ്റ്റ് 2-ാം നു എറണാകുളവും 6-ാം നു തിരുവനന്തപുരവും സന്ദർശിക്കുന്നതാണ്.

— നിത്യോപയോഗ സാധനങ്ങളുടെ വിലക്കയററം തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കേന്ദ്രഗവൺമെന്റ് പ്രവിശ്യാഗവൺമെന്റുകളോടും നാട്ടുരാജ്യഗവൺമെന്റുകളോടും ആവശ്യപ്പെട്ടിരിക്കുന്നു.

—ഇന്ത്യാ പാക്കിസ്ഥാൻ പ്രധാനമന്ത്രിമാരും കാശ്മീർ മദ്ധ്യസ്ഥൻ സർ ഓവൻ ഡിക്സനും ഏതാനുംദിവസം തുടർച്ചയായി ഡൽഹിയിൽ സമ്മേളിച്ച് കാശ്മീർപ്രശ്നം സംബന്ധിച്ച് കൂടിയാലോചന നടത്തിയിരിക്കുന്നു. ഇനി കറാച്ചിയിൽവച്ച് സമ്മേളനം തുടരുന്നതാണെന്നറിയുന്നു.

—കേന്ദ്രമന്ത്രിസഭയുടെ സാമ്പത്തികകമ്മിററി ചെയർമാനായി ശ്രീ സി. രാജഗോപാലാചാരിയെ നിയമിച്ചിരിക്കുന്നു.

## വിദേശവാർത്തകൾ

കൊറിയയിൽ സമാധാനസ്ഥാപനത്തിനു ഇന്ത്യൻ പ്രധാനമന്ത്രി പണ്ഡിററ് നെഹ്രു നൽകിയ നിർദ്ദേശങ്ങൾ അമേരിക്കയും ബ്രിട്ടനും നിരാകരിച്ചിരിക്കുന്നു. കൊറിയയിലെ സ്ഥിതിഗതികളും സെക്യൂരിററി കൗൺസിലിലെ സ്തംഭനാവസ്ഥയും ഇതുപോലെ തുടരണമെന്നാണ് അവരുടെ മറുപടി വ്യക്തമാക്കുന്നത്.

—ബൽജിയം സിംഹാസനത്തിൽ ലിയോപോൾഡ് രാജാവിനെ വീണ്ടും പ്രതിഷ്ഠിക്കുവാൻ ബൽജിയം പാർലിമെന്റ് തീരുമാനിച്ചിരിക്കുന്നു. ഇതിനെത്തുടർന്ന് മന്ത്രിസഭയിലെ സോഷ്യലിസ്റ്റുകാരായ 9 അംഗങ്ങൾ രാജിവച്ചിരിക്കുന്നു.

—കമ്മ്യൂണിസ്റ്റ് പ്രചരണം തടയുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനു 12¼ കോടി ഡോളർ വ്യയംചെയ്യുവാൻ അമേരിക്കൻ പ്രസിഡണ്ടിനു കോൺഗ്രസ് അധികാരം നൽകിയിരിക്കുന്നു.

—21 വർഷം കനേഡിയൻ പ്രധാനമന്ത്രിപദം വഹിച്ചിരുന്ന പ്രസിദ്ധ രാജ്യതന്ത്രജ്ഞൻ മി. മെക്കൻസി കിംഗ് 75-ാമത്തെ വയസ്സിൽ ജൂലൈ 24-ാം നു നിര്യാതനായിരിക്കുന്നു.

—കൊറിയയുടെ പൂർവ്വതീരങ്ങളിൽ അമേരിക്കൻസേന പുരോഗമിച്ചുകൊണ്ടിരിക്കുന്നെങ്കിലും പശ്ചിമരംഗങ്ങളിൽ ഉത്തരകൊറിയൻസേന പ്രബലമായി മുന്നോട്ടു നീങ്ങിക്കൊണ്ടുതന്നെയിരിക്കുന്നു. ഉത്തരകൊറിയൻസേന ചോംചൗ, ടൈക്കപ്പാ, ക്വാങ്ജു എന്നീസ്ഥലങ്ങൾ കൈവശപ്പെടുത്തിയതായും ടേജോണിനു 30 മൈൽ അടുത്തുവരെ എത്തിക്കഴിഞ്ഞതായും റിപ്പോർട്ടുകളിൽ കാണുന്നു. ജൂലൈ 24-ാം നു ജനറൽ മക്കാർതറുടെ ഹെഡ്ക്വാർട്ടേഴ്സിൽനിന്നും പുറപ്പെട്ടിരിക്കുന്ന റിപ്പോർട്ടിൽ, കമ്മ്യൂണിസ്റ്റുകാർ ഒരു പുതിയ ആക്രമണത്തിനുവേണ്ടി കൂടുതൽ ശക്തി സംഭരിച്ചുവരികയാണെന്നു പ്രസ്താവിച്ചിരിക്കുന്നു.


# ഇതാ പുറത്തായിരിക്കുന്നു!

| | ക. ണ. പ. |
|---|---|
| 1. വി. അഗസ്റ്റീനോസ് (രണ്ടാംപതിപ്പ്) | 1—6—0 |
| 2. ധ്യാനാഞ്ജലി (കെ. പി. ഇട്ട്യേര, ബി. എ. ബി. എൽ.) | 0—8—0 |
| 3. എന്റെ ആദ്യകുർബ്ബാനസ്വീകരണം (8-ാം പതിപ്പ്) | 0—3—0 |
| 4. എന്റെ കുർബ്ബാനപ്പുസ്തകം (6-ാം പതിപ്പ്) | 0—3—0 |
| 5. ക്രൂശിതന്റെ സ്നേഹമന്ത്രങ്ങൾ | 0—4—0 |
| 6. ഇന്ത്യൻ സംസ്കാരം ലോകത്തിനു കെടാവിളക്കുകൾ (ജോസഫ് ഭട്ട് എം. എ. (ഓണേഴ്സ്)) | 0—4—0 |
| 7. രത്നം (പ്രഹസനം) | 0—5—0 |

തെരേസ് ന്യൂമാൻ, വി. ബർണ്ണദീത്ത്, പന്ത്രണ്ടാം പീയൂസ് പാപ്പാ, ഫ്രാൻസിസ് സേവ്യർ തുടങ്ങിയവരുടെ ജീവചരിത്രങ്ങൾ; സുവിശേഷങ്ങൾ; തിരുഹൃദയാനുകരണം, ആദ്ധ്യാത്മികസന്ദേശം തുടങ്ങിയ ഭക്തിപരങ്ങൾ; പതിനാലുസങ്കല്പം, ക്രിസ്തുമതവും കമ്മ്യൂണിസവും തുടങ്ങിയ താത്വികങ്ങൾ; സ്വാതന്ത്ര്യത്തിലേക്ക്, വിശ്വാസത്തിന്റെ വെന്നിക്കൊടി തുടങ്ങിയ കമ്മ്യൂണിസപ്രതിപാദകങ്ങൾ; നിരവധി പ്രഹസനങ്ങൾ; മാനസികം അമൂല്യഗ്രന്ഥങ്ങൾ

എസ്. എച്ച്. ലീഗ്, കർത്താവിലെ ഭക്തകുടുംബം, പ്രേഷിതകേരളം എന്ന മാസികകൾ!!!

എല്ലാവർക്കും ബുക്കുസ്റ്റാളുകാർക്കും സുവർണ്ണാവസരം!!!

## വിശുദ്ധവത്സരത്തിൽ പ്രത്യേകകമ്മീഷൻ!!

ഒരുതവണ 5 രൂപയ്ക്കുമേൽ പുസ്തകങ്ങൾ എടുക്കുന്നവർക്ക് 12½ %
" 25 രൂപയ്ക്കുമേൽ " 25 "
" 100 രൂപയ്ക്കുമേൽ " 30 "

ജനറൽ സെക്രട്ടറി, എസ്. എച്ച്. ലീഗ്,
മംഗലപ്പുഴ സെമിനാരി, ആലുവാ ബ്രാഞ്ചു A. O. & P. O.


## ചരമം

ക. നി. മൂ. സ. ബ. റോസീമൂസച്ചന്റെ സഹോദരൻ കായിക്കരപ്പാട്ട് ഇടവക കൈതമററത്തിൽ മുണ്ടിയാനിപ്പുറത്ത് ശ്രീ മത്തായി ചാക്കോ അവർകൾ ജൂലൈ 17-ാം നു നിര്യാതനായിരിക്കുന്നു.

—ആനിക്കാട്ടുപള്ളി ഇടവക ഫാ. തോമസ് തെക്കേടത്തിന്റെ സഹോദരപുത്രൻ ശ്രീ തെക്കേടത്ത് ജോസഫ് ജൂലൈ 16-ാം നു നിര്യാതനായിരിക്കുന്നു.

—തണ്ണീർമുക്കം, ഇടവക കല്ലുകടശേരിയായ ചാമക്കുഴിയിൽ ഔസേപ്പ് അവർകളുടെ പുത്രിയും ചേർത്തല മുട്ടത്തു നാഗ്ഗത്ത് കുര്യൻ അവർകളുടെ സഹധർമ്മിണിയുമായ ശ്രീമതി മറിയം 57-ാമത്തെ വയസ്സിൽ ജൂലൈ 19-ാം തീയതി ബുധനാഴ്ച രാവിലെ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു.

പരേതർക്കു വേണ്ടി വായനക്കാർ പ്രാർത്ഥിച്ചുകൊള്ളണം. R. I. P.

## ത്യാഗബലി

(അന്ദാസ്—ഹം ആജ് കഹീ എ മ.)

പല്ലവി

സുരസുതവിഭോ! കാൽവരിഗിരിയിൽ (സുര
ഹാ! തൂങ്ങുന്നു മർത്ത്യപാപത്താൽ (സുര

അ. പ.

പൊട്ടുന്നശിലാക്കൂടം ഭീകരമായ്-ഹാ! പൊട്ടുന്നു!
ഇരുളുന്നഹോ! ഭൂതലം സംഭ്രാന്തിയാൽ ഹാ! ഇരുളുന്നു!
നടുങ്ങുന്നു ഘോരമീ പാപപാതകം ഹാ!
നൽപ്രേമാംബുധേ! സുതാ!
ക്രൂശിൽ പിടഞ്ഞിതന്നായ്-രക്തം വാർന്നൊഴുകം
പാപപങ്കിലമീ സംശുദ്ധിക്കായ് (സുര

ചരണം

നിർമ്മലകരവേ ചൊരിഞ്ഞു-തൻ സുതർക്കായ്
സ്നേഹനാഥൻ ഹാ! മരണം വരിച്ചു
ഭീകരമാം നരപാപമതയ്യോ! ഓ......
സ്നേഹമെൻ ധാതാവെ ക്രൂശതിലേററി
കയ്യാമമിട്ടിനിയാരോ മർത്ത്യർ
ശോകക്കടലിൽ കാഴ്ച കാണുകിൽ. (സുര

(സേവ്യർ ചിറക്കപ്പറമ്പിൽ)




ജഡ്ജി: "നിങ്ങൾക്കു വക്കീലില്ലേ?"
പ്രതി: "ഇല്ല, ഏമാനെ."
ജഡ്ജി: "കേസ് വാദിക്കാൻ ഒരു വക്കീലിനെ ഏർപ്പെടുത്തുകയില്ലേ?"
പ്രതി: "എനിക്കു വക്കീലൊന്നും വേണ്ട ഏമാനെ. ഞാൻ നേരു പറയാൻ നിശ്ചയിച്ചിരിക്കയാണ്."

* * *

മറിയാമ്മയുടെ ഭർത്താവു പട്ടാളത്തിൽ വച്ചു മരിക്കയാൽ അവൾക്കു രണ്ടായിരം രൂപ നഷ്ടപരിഹാരമായി ഗവൺമെന്റു കൊടുത്തു. ഇത്രയും രൂപ കിട്ടിയ വിവരം അറിഞ്ഞ ഉടനെ അടുക്കൽ മുതൽ പാമ്പു പണയംവാങ്ങിച്ചിരുന്ന മുതലാളിവരെ ഭർത്താവിന്റെ കടക്കാരെല്ലാം വന്നു മറിയാമ്മയെ പണത്തിനായി അലട്ടിത്തുടങ്ങി. അവരോടു സമാധാനം പറഞ്ഞു പറഞ്ഞ് അവൾ മടുത്തു. ഒരു ദിവസം മകൻ അന്തോനിക്കുട്ടി ചോദിച്ചു: "അമ്മ, അമ്മേടെ മുഖം എന്താ ഇങ്ങനെ വല്ലാതിരിക്കുന്നത്?"

മറിയാമ്മ: "എന്തു പറഞ്ഞാലും മതിയില്ല മോനെ. നിന്റെ അപ്പന്റെ കടക്കാരെക്കൊണ്ട് കിടക്കപ്പൊറുതിയില്ല. ഈ സ്ഥിതിക്കു അപ്പൻ മരിച്ച ആ പണം നമുക്കു കിട്ടാതിരിക്കയായിരുന്നു ഭേദമെന്നു ചിലപ്പോഴൊക്കെ ഞാൻ ഓർത്തുപോകാറുണ്ട്."

* * *

ഒരു ഗ്രാമീണൻ ടെലഫോൺ എടുത്തു വിളിച്ചിട്ട്, "കുറച്ചുകൂടി ഉറക്കെ സംസാരിക്കണം" എന്ന മറുപടിയാണ് എക്സ്ചേഞ്ചിൽനിന്നും ലഭിച്ചത്. അയാൾ പ്രതിവചിച്ചു: "ഇതിനെക്കാൾ ഉറക്കെ സംസാരിക്കാൻ സാധിക്കുമായിരുന്നെങ്കിൽ ഞാനീ ഫോൺ കൈയിലെടുക്കുമായിരുന്നോ?"

* * *

രണ്ടു കുട്ടികൾ ക്ലാസ്സിലിരുന്നു തല്ലുപിടിച്ചതിനു ശിക്ഷയായി രണ്ടുപേരും അവരവരുടെ പേരു 100 പ്രാവശ്യം എഴുതണമെന്ന് അദ്ധ്യാപകൻ ഉത്തരവിട്ടു. അല്പം കഴിഞ്ഞ് അവരിലൊരാൾ എഴുന്നേററ് ഉപാദ്ധ്യായനോടു പറകയാണ്:

"സർ, സർ, ഇതു എന്തായാലും ന്യായം ശരിയല്ല. അവന്റെ പേര് ജോയി എന്നാണ്. രണ്ടക്ഷരമേയുള്ളു. എന്റെ പേരാകട്ടെ ഗണപതികൃഷ്ണസുബ്രഹ്മണ്യയ്യർ എന്നാണ്."




# കുടുംബം ഒരു ദൈവാലയം

"എന്റെ ഭവനം പ്രാർത്ഥനാലയമെന്നു വിളിക്കപ്പെടും എന്നെഴുതപ്പെട്ടിരിക്കുന്നു." (മത്താ. XXI—13)

"ദൈവത്തിന്റെ ആലയത്തിൽ പരസ്യമായി നാം ദൈവത്തെ ആരാധിക്കുന്നു.........ഭവനം ഒരു ചെറിയ ദൈവാലയവുമാകുന്നു. ദൈവാലയത്തിലെ പ്രാർത്ഥനയോടുകൂടി സ്വന്തം ആലയത്തിലെ പ്രാർത്ഥനയും വായനയും ആവശ്യമായിരിക്കുന്നു." അത്മായരുടെ പ്രേഷിതനെന്ന് അപരനാമമുള്ള സഭാപിതാവായ വി. ജോൺ ക്രിസോസ്തോമിന്റെ വാക്കുകളാണ് മേലുദ്ധരിച്ചിരിക്കുന്നതു. നമ്മുടെ വീട്, കുടുംബം, ഒരു ദൈവാലയം! ആധുനികരിൽ പലർക്കും ഇതൊരു പുതുമയായിത്തോന്നും. എന്നാൽ ചിന്താശീലന്മാർക്ക് ആദ്ധ്യാത്മികജീവിതത്തിൽ പുതിയ സരണികൾ വെട്ടിത്തുറന്നുകൊടുക്കുന്ന ഒരു പരമാർത്ഥമാണിതു. ലോകത്തിന്റെ അത്ഭുതവിഷയമായ വി. പത്രോസിന്റെ ദൈവാലയം തുടങ്ങി ഓരോരുത്തരുടെയും ഇടവകപ്പള്ളിവരെയുള്ള ബ്രഹ്മാണ്ഡങ്ങളും ശില്പകലാസമൃദ്ധങ്ങളും അതിസംപൂജ്യങ്ങളുമായ ഹർമ്മ്യങ്ങളെവിടെ! എന്റെ ഈ ചെറിയ വീടെവിടെ! എന്ന് ഇതു കേൾക്കുമ്പോൾ ഓരോരുത്തനും അത്ഭുതപരതന്ത്രനായി വിചാരിച്ചുപോയേക്കാം. എത്ര വലിയ കുബേരന്റെ മണിമേടയായാലും, ഹർമ്മ്യങ്ങളുടേയും ദൈവസന്നിധാനത്തിന്റേയും സർവ്വോത്തമമായ സംപൂജ്യത എങ്ങനെ ലഭ്യമാകുമെന്നും പലരും സംശയിച്ചേക്കാം.

എന്നാൽ നമ്മുടെ കുടുംബം ഒരു ദൈവാലയമാണ്. വി. പത്രോസിന്റെ ദൈവാലയത്തിന്റെ വിസ്തീർണ്ണത അതിനില്ലെങ്കിലും തദംഗങ്ങളുടെ വിശാലവീക്ഷണവും ഹൃദയവിസ്തൃതിയും സങ്കീർണ്ണമനസ്സും ആ ന്യൂനതയെ പരിഹരിക്കും. സുന്ദരങ്ങളായ മാർബിൾ പ്രതിമകൾ അവിടെ കാണ്മാനില്ലെങ്കിലും മാംസരക്തങ്ങളാകുന്ന മാർബിൾകൊണ്ട് സജീവവും ചൈതന്യപൂർണ്ണവുമായി നിർമ്മിക്കപ്പെട്ട മനുഷ്യപ്രതിമകൾ അതിലുണ്ട്. പുകൾപെറ്റ ചിത്രകാരന്മാരുടെ ആലേഖ്യങ്ങൾ അവിടെ ഇല്ലെങ്കിലും അമർത്ത്യമായ ആത്മാക്കളിൽ സൗശീല്യത്തിന്റെ വിവിധവർണ്ണങ്ങൾ ചിത്രണം ചെയ്യപ്പെട്ടിട്ടുണ്ട്. പെരോസിയുടെ ഗായകസംഘം അവിടെയില്ലെങ്കിലും ചാരിത്ര്യത്തിന്റെ നിർമ്മലഗാനം ആത്മാക്കളിൽ ആലപിക്കപ്പെടുന്നു. വാഗ്ധാടിയുള്ള ദൈവാലയപ്രസംഗങ്ങൾ അവിടെ പ്രതിധ്വനിക്കുന്നില്ലെങ്കിലും കുടുംബാംഗങ്ങളുടെ ജീവിതംതന്നെ വചോവിലാസത്തോടുകൂടിയ പ്രസംഗങ്ങളാണ്. ദിവ്യബലി അവിടെ അർപ്പിക്കപ്പെടുന്നില്ലെങ്കിലും അവരുടെ ഹൃദയവേദികളിൽ കുടുംബക്ലേശങ്ങളാകുന്ന ബലിസാധനങ്ങൾ അനുനിത്യം അർപ്പിക്കപ്പെടുന്നു.

കുടുംബമാകുന്ന ദൈവാലയത്തിൽ ഒരു പുരോഹിതൻ ഉണ്ട്—പിതാവ്, അല്ലെങ്കിൽ കുടുംബനാഥൻ. ദൈവാരാധനയിൽ— കുടുംബപ്രാർത്ഥനയിൽ— ഈ പുരോഹിതൻ നായകത്വം വഹിക്കുന്നു; അതു പുരോഹിതന്റെ കടമയുമാണ്. നിശ്ചിതസമയങ്ങളിലെല്ലാം ഈ പ്രാർത്ഥനകൾ അന്തരീക്ഷത്തിലേക്കുയർന്നു മേഘങ്ങളെ തുളച്ചു ദൈവസന്നിധിയിൽ എത്തിച്ചേരുന്നു. പരി. കുർബാന എഴുന്നള്ളിച്ചുവെച്ചിട്ടുള്ള ദൈവാലയങ്ങളിലെപ്പോലെയുള്ള ദൈവസാന്നിദ്ധ്യം അവിടെയില്ലെങ്കിലും, പ്രത്യേകമായ ഒരു ദൈവസാന്നിദ്ധ്യം ഒരു കുടുംബത്തിലുണ്ട്; തിരുഹൃദയപ്രതിഷ്ഠ കഴിച്ചിട്ടുള്ളതുകൊണ്ട് ഈ സാന്നിദ്ധ്യം രാജകീയവും കർതൃത്വപരവുമായിത്തീർന്നിരിക്കുന്നു. ക്രൂശിതനായ ക്രിസ്തുവും, പരി. കന്യകയും, വി. യൗസേപ്പും, മറ്റു വിശുദ്ധന്മാരും ചുമരുകളിൽ സംപൂജ്യസ്ഥാനം സമലങ്കരിക്കുന്നുണ്ട്. ഏഴു കൂദാശകളിൽ വിവാഹമെന്ന കൂദാശ വിജയമകുടമണിയുന്നതു ഈ ദൈവാലയത്തിലാണ്. സ്വീകരിക്കുന്നവർതന്നെ ശുശ്രൂഷകരായുള്ള ഏക കൂദാശയാകുന്നു ഇതു. ഒരു വൈദികന് നല്കുവാൻ സാധിക്കാത്ത ഏക കൂദാശ ഇതുമാത്രമാണല്ലോ. മറ്റു കൂദാശകളും കുടുംബമാകുന്ന ദൈവാലയത്തിൽ നിർവ്വഹിക്കപ്പെടാറുണ്ട്. ഒടുവിലത്തെ ഒപ്രുശുമ മിക്കപ്പോഴും വീടുകളിലാണ് അനുഷ്ഠിക്കപ്പെടുന്നതു. വീട്ടുമാമ്മോദീസയും ചിലപ്പോഴൊക്കെ നല്കപ്പെടാറുണ്ടല്ലോ. അന്ത്യലേപനം നല്കപ്പെടുന്ന അവസരത്തിൽ വീട്ടിൽവെച്ചുതന്നെ മുമ്പിലത്തെ ഒപ്രുശുമയും നല്കുന്നതിനുള്ള അധികാരവും ഇപ്പോൾ ചില രൂപതകളിൽ വൈദികർക്കു നല്കപ്പെട്ടിട്ടുണ്ട്. രോഗികൾക്കായി പലപ്രാവശ്യവും പരി. കുർബാനയുടെ സാന്നിദ്ധ്യത്താൽ ആ കുടുംബം സംപൂതമാക്കപ്പെട്ടിട്ടുണ്ട്. ദൈവത്തിന്റെ പ്രതിപുരുഷൻ തന്റെ ന്യായാസനം ഒരു കുടുംബത്തിൽ സ്ഥാപിച്ചുകൊണ്ട് അതിലുപവിഷ്ടനായി ഒരു പാപിയുടെ പാപോച്ചാരണം ശ്രവിച്ച സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. ഒരുപക്ഷേ മതമർദ്ദനകാലങ്ങളിൽ തിരുപ്പട്ടവും വീടുകളിൽവെച്ച് രഹസ്യത്തിൽ നല്കപ്പെട്ടിട്ടുണ്ടായിരിക്കണം. ചെറിയ ഒരു അൾത്താരയും, തിരികളും, പൂക്കളും, ഹന്നാൻവെള്ളവും എല്ലാം ബാലശുശ്രൂഷകന്മാർ സജ്ജമാക്കിയിരിക്കുന്നു. ഇങ്ങനെ കുടുംബം ഒരു ദൈവാലയമായിത്തീർന്നിരിക്കുന്നു.

അങ്ങനെ കുടുംബം ഒരു ദൈവാലയമാണെങ്കിൽ ആ കുടുംബത്തിലെ സജ്ജീകരണങ്ങളും തദംഗങ്ങളുടെ പെരുമാറ്റങ്ങളും എങ്ങനെയുള്ളതായിരിക്കണമെന്നുള്ളതിനെപ്പറ്റി അല്പം ചിന്തിക്കേണ്ടിയിരിക്കുന്നു. ഒന്നാമതുതന്നെ വീടുമുഴുവൻ ശുചിയായി സംരക്ഷിക്കണം. ശുചിത്വത്തിൽ നമ്മുടെ സമുദായം, പൊതുവായി പറയുന്നതായാൽ, കുറെ പിന്നാക്കമാണെന്നുള്ളതു സമ്മതിക്കാതെ തരമില്ല. സവർണ്ണരും, ഈയിടെയായി അവർണ്ണർപോലും, ശുചിത്വത്തിൽ വളരെ നിഷ്കർഷയുള്ളവരായി പ്രത്യക്ഷപ്പെടുന്നുണ്ട്. ചെറിയവീട്—ചെറ്റക്കുടിൽതന്നെ—ആയിരുന്നാലും അതു വൃത്തിയായി സംരക്ഷിക്കുവാൻ അല്പം നല്ലമനസ്സും കുറെ ഉത്സാഹശീലവും ഉണ്ടായാൽ മതി. സ്ത്രീജനങ്ങളാണ് ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതു. വെറുതെ അലസമായും, കഥകൾ പറഞ്ഞും, "പഞ്ചായം" കൂടിയും ഇരിക്കുന്ന സമയമെല്ലാം വീടും പരിസരങ്ങളും അടിച്ചുവാരുകയും മെഴുകുകയും കഴുകുകയും തുടയ്ക്കുകയും മറ്റും ചെയ്യുന്നതിൽ അവർ വ്യാപൃതരാകട്ടെ. വസ്ത്രം എത്ര മുഷിഞ്ഞതും അഴുക്കു പുരണ്ടതുമായാലും "വെള്ളം തൊടിക്കാതെ" അതുതന്നെ ചിരകാലം ധരിച്ചുനടക്കുന്നതിൽ യാതൊരു സങ്കോചവുമില്ലാത്തവർ—സ്ത്രീകൾ പ്രത്യേകിച്ച്—ക്രിസ്ത്യാനികളിൽ ധാരാളമില്ലേ? കുടുംബം ദൈവാലയമാണെന്നുള്ള വിചാരം ശുചിത്വം പാലിക്കുന്നതിൽ അവർക്കു ഉത്തേജനം നൽകട്ടെ. ദിവ്യരക്ഷകന്റെയും പരിശുദ്ധ കന്യകയുടേയും മറ്റു വിശുദ്ധന്മാരുടേയും പ്രതിമകളും പടങ്ങളും വീടിന്റെ ചുമരുകളെ സമലങ്കരിക്കണം; എത്ര ചെറിയ വീടായാലും രണ്ടോ മൂന്നോ ചെറിയ പടങ്ങളെങ്കിലും ഉണ്ടായിരിക്കണം. എന്നാൽ പല വീടുകളിലും ഇക്കാലത്ത് ആടിക്കുഴഞ്ഞുനിൽക്കുന്ന അർദ്ധനഗ്നകളായ സ്ത്രീകളുടെ പടങ്ങൾ കാണാറുണ്ട്; വിനയലേശമില്ലാത്ത സിനിമാതാരങ്ങളും ചുമരുകളിൽ സ്ഥലംപിടിക്കുന്നു. ഇവയെല്ലാം കുടുംബമാകുന്ന ദൈവാലയത്തിൽ സ്ഥലമനുവദിക്കുവാൻ പാടുണ്ടോ? പ്രതിമകളുടേയും പടങ്ങളുടേയും മുമ്പിൽ ചെറിയ അൾത്താരകൾ നിർമ്മിക്കുക, മാലകളും പൂച്ചെടികളുംകൊണ്ട് അലങ്കരിക്കുക എന്നിവയിലെല്ലാം ബാലികാബാലന്മാരുടെ ഉത്സാഹത്തിനും, കലാപ്രകടനങ്ങൾക്കും, നിർമ്മാണപരിപാടികൾക്കും പ്രോത്സാഹനവും കുറച്ചൊക്കെ സ്വൈരവിഹാരവും അനുവദിച്ചുകൊടുക്കണം. "കാലത്തും ഉച്ചയ്ക്കും വൈകിട്ടുമുള്ള പ്രാർത്ഥനകളിൽ കുടുംബപുരോഹിതൻ—കുടുംബനാഥൻ—നായകത്വം വഹിക്കണം. എന്തു ജോലിത്തിരക്കുണ്ടായാലും വൈകുന്നേരത്തെ കുടുംബപ്രാർത്ഥനയ്ക്കു അയാൾ ഹാജരായേ കഴിയൂ. ആ സമയത്തു ചന്തയിലോ, അങ്ങാടിയിലോ, കള്ളുഷാപ്പിലോ, സ്നേഹിതഗൃഹങ്ങളിലോ വൃഥാസംഭാഷണങ്ങൾക്കായി ചിലവഴിക്കരുതു. മക്കൾ അപ്പനെ അനുകരിച്ചുതുടങ്ങുമെന്ന് അവർ സ്മരിക്കട്ടെ. സിനിമയും മറ്റു പരിഷ്കാരങ്ങളും ഇന്നത്തെ യുവജനങ്ങളെ ആകർഷിച്ചു തുടങ്ങിയിരിക്കുന്നതിനാൽ കുടുംബപ്രാർത്ഥന അവർ പരിത്യജിക്കാനിടവരാതിരിക്കത്തക്കവിധത്തിൽ മേൽനോട്ടവും ശാസനയും നിർബന്ധവും പ്രയോഗിച്ചേ കഴിയൂ. എന്നാൽ രണ്ടും മൂന്നും മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന നെടുനീളൻ പ്രാർത്ഥനകൾകൊണ്ട് വലിയ പ്രയോജനമുണ്ടെന്നു തോന്നുന്നില്ല. ഇവ അധികവും കുംഭകർണ്ണസേവയിലാണ് പര്യവസാനിക്കുക. ഒരു മണിക്കൂറിൽ കൂടുതൽ സമയമുള്ള പ്രാർത്ഥന വെട്ടിച്ചുരുക്കേണ്ടതാണ്; എന്നാൽ അരമണിക്കൂറിൽ കുറയുകയുമരുതു. അക്ഷരങ്ങൾ സ്പഷ്ടമായും വിഴുങ്ങാതെയും ഉച്ചരിക്കുവാൻ കുട്ടികളെ നിർബന്ധിക്കണം. പാട്ടുള്ളിടത്തോളം മുട്ടിന്മേൽ നിൽക്കുവാനും പരിശീലിപ്പിക്കണം. അങ്ങനെ കുടുംബം ഒരു യഥാർത്ഥദൈവാലയമായിത്തീരട്ടെ.

അസഭ്യഭാഷണങ്ങൾ, പ്രാക്ക്, ദൈവദൂഷണം അടക്കത്തിനു വിരോധമായ പാപകർമ്മങ്ങൾ ഇവയെല്ലാം ദൈവാലയത്തെ മലിനപ്പെടുത്തുന്നുവെന്നു എല്ലാവരും ധരിച്ചിരിക്കട്ടെ. സർവ്വോപരി, പ്രയത്നം പ്രാർത്ഥനയാകുന്നു (Laborare est orare) എന്നുള്ള പരമാർത്ഥം എല്ലാവരുടേയും ഹൃദയത്തിൽ ആഴമായി പതിയണം. ജോലികൾ ദൈവസ്തുതിക്കായി നിർവ്വഹിക്കപ്പെടുമ്പോൾ അതു പ്രാർത്ഥനയായി രൂപാന്തരം പ്രാപിക്കുന്നു. "നിങ്ങൾ തിന്നുകയോ, കുടിക്കുകയോ, വേറെ എന്തെങ്കിലും ജോലികൾ നിർവ്വഹിക്കുകയോ ചെയ്താലും എല്ലാം ദൈവമഹത്വത്തിനായിചെയ്യുവിൻ" എന്നുള്ള വി. പൗലോസിന്റെ വാക്കുകൾ സുപ്രസിദ്ധങ്ങളാണല്ലോ. വീട് അടിച്ചുവാരുകയോ, അടുക്കളപ്പണിയിൽ ഏർപ്പെട്ടിരിക്കയോ, കുട്ടികളെ കുളിപ്പിക്കയോ, വസ്ത്രങ്ങൾ അലക്കുകയോ, കോഴികളെ കൂട്ടിലടയ്ക്കുകയോ, കന്നുകാലികൾക്കു വെള്ളംകൊടുക്കുകയോ, എന്തുതന്നെ ചെയ്താലും എല്ലാം ദൈവസ്തുതിക്കായി ചെയ്യുന്നുവെങ്കിൽ അവയെല്ലാം നിശ്ശബ്ദമായ പ്രാർത്ഥനകളായിത്തീരും; അങ്ങനെ പ്രാർത്ഥനാലയമെന്ന അപരനാമം വീടിനെ സംബന്ധിച്ചടത്തോളം എല്ലായ്പ്പോഴും അന്വർത്ഥമായിക്കൊണ്ടിരിക്കും. കുടുംബക്ലേശങ്ങൾ—രോഗം, മരണം, ദാരിദ്ര്യം, മനോവേദന—എന്നിവയെല്ലാം കുടുംബമാകുന്ന ദൈവാലയത്തിൽ അർപ്പിക്കപ്പെടുന്ന ബലികളായിരിക്കും. "കർത്താവേ, അങ്ങേ കൂടാരങ്ങൾ എത്ര മനോഹരങ്ങൾ! അങ്ങേ ഭവനത്തിൽ വസിക്കുന്നവർ ആയിരംവട്ടം ഭാഗ്യവാന്മാരാകുന്നു."

(ജെ. ചെമ്മണൂർ)

## ഫാദർ ഡാമിയന്റെ എഴുത്ത്

"എനിക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക. എന്റെ അന്ത്യമടുത്തിരിക്കുന്നു" എന്നത്രെ 1888 നവംബർ 4-ാംനു മൊളോക്കായിയിൽനിന്നും അമേരിക്കയിൽ വിസ്കോൺസിലെ സെന്റ് ഫ്രാൻസിസ് കോളെജിലേക്കു ഫാദർ ഡാമിയൻ എഴുതിയ കത്തിൽ പറഞ്ഞിരിക്കുന്നതു. അടുത്തുവന്ന ഏപ്രിൽ 15-ാംനു അദ്ദേഹം നിര്യാതനാകുകയുംചെയ്തു. ഈയിടെ മേൽപ്പറഞ്ഞ എഴുത്തു കണ്ടുകിട്ടുകയുണ്ടായി. ഫാദർ ഡാമിയനെ സിദ്ധനെന്നു പേർവിളിക്കുന്നതു സംബന്ധിച്ച നടപടികൾ ക്രമാനുഗതമായി പുരോഗമിച്ചുവരുന്നു.

ബ. അൽഫോൻസാമ്മയുടേയും വി. റീത്താപുണ്യവതിയുടേയും മദ്ധ്യസ്ഥസഹായത്താൽ, ഡാക്ടർമാപോലും അസാദ്ധ്യമെന്നു പറഞ്ഞ രോഗം പരിപൂർണ്ണസുഖമായതിൽ കൃതജ്ഞത.

എന്ന് മുള്ളിക്കൽ
സെബാസ്റ്റ്യൻ മറിയാമ്മ, അത്തുങ്കൽ

പുസ്തകാഭിപ്രായം

പരിശുദ്ധ ദൈവമാതാവിന്റെ

## തിരുഹൃദയഭക്തി

ആഗസ്റ്റ്മാസവണക്കം

[ഗ്രന്ഥകർത്താ: ഫാദർ മാത്യു ആലക്കളം. പ്രസാധകർ: ഫാത്തിമാ സ്റ്റോർസ്, മാന്നാനം. പേജ് 180 വില. 1—2—0]

മാതാവിന്റെ വിമലഹൃദയത്തോടുള്ള ഭക്തി നവീനമല്ലെങ്കിലും ഫാത്തിമാദർശനങ്ങൾക്കു ശേഷമാണ് അതു അതിവേഗം പ്രചരിച്ചുതുടങ്ങിയതു. 1942-ൽ മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് ലോകം മുഴുവനും മറിയത്തിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചകാര്യം സ്മരണീയമത്രെ. ഫാത്തിമാനാഥയുടെ പര്യടനാനന്തരം നമ്മുടെ ഈ കേരളക്കരയിലും പ്രസ്തുതഭക്തി സംബന്ധിച്ച് അഭിനവമായ ഒരുണർവ്വുണ്ടായിട്ടുണ്ട്. മാതാവിന്റെ വിമലഹൃദയത്തിനെതിരായി ചെയ്യപ്പെടുന്ന ദ്രോഹങ്ങൾക്കു പരിഹാരം ചെയ്യണമെന്നുള്ളതു ഫാത്തിമാസന്ദേശത്തിന്റെ ഒരു പ്രധാനഘടകമാണ്. തദർത്ഥം നാം കൂടുതലായി പ്രാർത്ഥിക്കയും പ്രായശ്ചിത്തകൃത്യങ്ങളനുഷ്ഠിക്കയും ചെയ്യണമെന്നത്രെ മാതാവിന്റെ അഭിലാഷം. അങ്ങനെ മാതാവിന്റെവിമലഹൃദയത്തെ ആശ്വസിപ്പിക്കുമ്പോൾ നാം ഈശോയുടെ ദിവ്യഹൃദയത്തേയും ആശ്വസിപ്പിക്കുന്നു. കാരണം, ആ രണ്ടു ഹൃദയങ്ങളും തമ്മിൽ അത്ര അഭേദ്യമായ ബന്ധമാണുള്ളതു.

ഏവംവിധം "വിമലഹൃദയഭക്തി"ക്കു വർദ്ധമാനമായ പ്രചാരം സിദ്ധിച്ചുവന്നതിനാലും, ആ ഭക്തിപുഷ്ടിക്കു എന്നും നമ്മുടെ അനുപേക്ഷണീയമായ ഒരു കർത്തവ്യമായിരിക്കുന്നതിനാലും, പ്രകൃതഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം ഏറ്റം അവസരോചിതമായിരിക്കുന്നുവെന്നതിനു സംശയമില്ല. ഇതിന്റെ കർത്താവാകട്ടെ, സുപ്രസിദ്ധ ധ്യാനപ്രസംഗകനും പല ആദ്ധ്യാത്മികഗ്രന്ഥങ്ങളുടേയും കർത്താവുമായ റവ. ഫാദർ മാത്യു ആലക്കളമാണ്. "മറിയത്തോടുള്ള യഥാർത്ഥഭക്തിയെ സംബന്ധിച്ച്" മാതാവിന്റെ വലിയ ഭക്തനും ആധുനിക വിശുദ്ധനുമായ ഗ്രിഞ്ഞോൻ ദി മോണ്ട്ഫോർട്ട് പ്രകടമാക്കിയിട്ടുള്ള ആശയങ്ങളും പ്രമാണങ്ങളും അനുകരിച്ചു ഫാത്തിമാ വെളിപാടുകളെ ആധാരമാക്കിയുമാണ് ഈ പുസ്തകം എഴുതിയിരിക്കുന്നതു" എന്നത്രെ ഗ്രന്ഥകാരൻ ഗ്രന്ഥത്തിന്റെ സ്വഭാവത്തെപ്പറ്റി മുഖവുരയിൽ പറഞ്ഞിരിക്കുന്നതു. പുസ്തകത്തിന്റെ അവസാനത്തിൽ ചേർത്തിരിക്കുന്ന മനോഹരഗാനങ്ങൾ അതിമനോരഞ്ജകമായിട്ടുണ്ട്. ഈ കൃതിയിൽ പലേടങ്ങളിലും മാതാവിനെ കുറിക്കുന്നതിനു "അവൾ" എന്ന സർവ്വനാമം പ്രയോഗിച്ചിരിക്കുന്നതു അത്ര ഉചിതമായിട്ടുണ്ടെന്നു ഞങ്ങൾക്കു തോന്നുന്നില്ല എന്നൊരു ഭിന്നാഭിപ്രായവും രേഖപ്പെടുത്തിക്കൊള്ളട്ടെ. വിമലഹൃദയഭക്തിക്കായി പ്രതിഷ്ഠിതമായിരിക്കുന്ന ആഗസ്റ്റ് മാസത്തിൽ ഈ "വണക്കമാസ"പ്പുസ്തകം എല്ലാം കുടുംബങ്ങളിലും വാങ്ങി ഉപയോഗിക്കുന്നതു സമുചിതമായിരിക്കും. ഫാത്തിമാചൈതന്യം നിലനിർത്തുന്നതിനും തദ്വാരാ ആദ്ധ്യാത്മികാഭിവൃദ്ധി പ്രാപിക്കുന്നതിനും അതു സഹായകമാകാതിരിക്കയില്ല. "വണക്കമാസ"ത്തിനു ഒരു ജ്ഞാനവായനയുടേയും പ്രാർത്ഥനയുടേയും ഫലസിദ്ധിയുണ്ടെന്നുള്ളതു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഗ്രന്ഥത്തിനു പ്രചുരപ്രചാരമാശംസിക്കയും തൽകർത്താവിനെ അനുമോദിക്കുകയും ചെയ്യുന്നു.

ചിന്താവീഥി

# ജനനനിരോധനം പ്രതിവിധിയല്ലെന്നു ഐക്യരാഷ്ട്രസമിതി

ഐക്യരാഷ്ട്രസംഘടനയുടെ (U. N. O.) പ്രത്യേകവകുപ്പുകളായുള്ള സർവ്വരാജ്യസംഘടനകളിൽ ഒന്നാണു വിദ്യാഭ്യാസം ശാസ്ത്രവും സംസ്കാരവും സംബന്ധിച്ചു കാര്യങ്ങൾ ഏറ്റെടുത്തിരിക്കുന്ന "യുനെസ്കോ"—UNESCO. ഈ സംഘടന ഇക്കഴിഞ്ഞ മെയ്മാസത്തിൽ അതിന്റെ 5-ാമത്തെ വാർഷികസമ്മേളനം ഇറ്റലിയിലെ കലാകേന്ദ്രമായ ഫ്ളോറൻസു പട്ടണത്തിൽ നടത്തുകയുണ്ടായി. കഴിഞ്ഞവർഷത്തിൽ ഡോക്ടർ രാധാകൃഷ്ണൻ ആ സംഘടനയുടെ എക്സിക്യൂട്ടീവിന്റെ പ്രസിഡണ്ടായിരുന്നു. ഇൻഡ്യൻ ഡെലിഗേഷന്റെ നേതാവെന്ന നിലയിൽ അദ്ദേഹം ഇക്കൊല്ലത്തെ വാർഷികസമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു. "ജനപ്പെരുപ്പവും ആഹാരവും" എന്ന പ്രശ്നത്തെ പുരസ്കരിച്ചു് പ്രസ്തുത സംഘടന ഔദ്യോഗികമായി ഒരു പ്രക്ഷേപണിപ്രസംഗം നടത്തി. അല്ല ഫലമുണ്ടായി; ജനപ്പെരുപ്പത്തിന്റെ ആധിക്യത്താൽ പരിഭ്രാന്തരായി ജനനനിരോധനത്തിനുവേണ്ടി വാദകോലാഹലം കൂട്ടുന്ന ആളുകളുടെ വായടയ്ക്കുവാൻ, ആ പ്രക്ഷേപണത്തിന്റെ പ്രധാനഭാഗമാണു് ഞങ്ങൾ താഴെ ചേർക്കുന്ന മുഴുവനും:—

### യുനെസ്കോയുടെ പ്രക്ഷേപണം

മനുഷ്യരുടെ സംഖ്യ ഭക്ഷ്യവിഭവങ്ങളെക്കാൾ വർദ്ധിക്കുകയാണോ? ആണെന്നാണു് ഒരഭിപ്രായം. ആ തോതിലായ വേഗത്തിൽ ജനനനിരോധനം നാം നടത്തുന്നില്ലെങ്കിൽ, കൂടുതൽ കൂടുതൽ യുദ്ധങ്ങൾക്കും പഞ്ഞങ്ങൾക്കുമല്ലാതെ ഭക്ഷ്യവിഭവങ്ങളുടെ കണക്കനുസരിച്ചു മനുഷ്യരുടെ സംഖ്യയെ ക്രമപ്പെടുത്തുവാൻ സാദ്ധ്യമല്ലെന്നാണു് ഈ അഭിപ്രായം.

മാൽത്തസു് (Malthus) എന്ന പേരുള്ള ഒരു ഇംഗ്ലീഷുകാരനാണു് 150 കൊല്ലങ്ങൾക്കുമുമ്പു് പ്രസ്തുതാഭിപ്രായം ഏറ്റവും വിശദമായി പ്രകാശിപ്പിച്ചതു്. യൂറോപ്പിൽ ഏക്കറൊന്നിനു 10 പറ (Bushel) വിളയുന്ന ധാന്യങ്ങൾകൊണ്ടു യൂറോപ്പിലെ 2000 ലക്ഷം വരുന്ന ജനങ്ങളെ പോറ്റുവാൻ സാദ്ധ്യമല്ലെന്നു് അദ്ദേഹം ഖണ്ഡിതമായി പ്രസ്താവിച്ചു. ലക്ഷോപലക്ഷങ്ങളായി മനുഷ്യർ പെരുകുന്നതിനെ തടഞ്ഞില്ലെങ്കിൽ ജീവിക്കുവാനുള്ള മത്സരം അവരെ നാമാവശേഷമാക്കുമെന്നു് അദ്ദേഹം പ്രഖ്യാപനം നല്കി. ഭാഗ്യവശാൽ മാൽത്തസിനു തെറ്റിപ്പോയെന്നു സംഭവങ്ങൾ തെളിയിച്ചിരിക്കുന്നു.

ഇന്നു്—150 വർഷങ്ങൾക്കുശേഷം—യൂറോപ്പിലെ ജനസംഖ്യ 5000 ലക്ഷമാണു്; ധാന്യത്തിന്റെ വിളവാകട്ടെ ഏക്കറൊന്നിനു് 30 പറയുമാണു്. മാൽത്തസിന്റെ ദീർഘദൃഷ്ടി ഒരു സംഗതി കണ്ടില്ലതന്നെ. അമേരിക്കായിലും മറ്റും പുതിയ കൃഷിഭൂമി ആവിർഭവിച്ചു; വിളവു വർദ്ധിപ്പിക്കുന്ന മാർഗ്ഗങ്ങൾ (ഫെർട്ടിലൈസേഴ്സ്), കൊല്ലത്തിൽ പലപ്രാവശ്യം വിളവെടുക്കുന്ന സമ്പ്രദായങ്ങൾ മുതലായി കൃഷിവിഷയത്തിൽ പുതിയ കണ്ടുപിടുത്തങ്ങൾ പ്രയോഗിക്കുന്നതും മൂലം യൂറോപ്പിലെ ജനസംഖ്യയും ആഹാരവും തമ്മിൽ പൊരുത്തമില്ലെന്നുള്ള പ്രശ്നം പരിഹരിക്കപ്പെട്ടുമെന്നു് അദ്ദേഹം കണ്ടില്ല.

ഇന്നു് ഈ പ്രശ്നം കൂടുതൽ വിഷമകരമായിത്തീർന്നിരിക്കുകയാണു്, പ്രത്യേകിച്ചു് ഏഷ്യായിലും ആഫ്രിക്കായിലും തെക്കെ അമേരിക്കായിലും. അവിടങ്ങളിൽ ഭക്ഷ്യോല്പാദനം കുറവും ജനനനിരക്കു വർദ്ധിച്ചുമിരിക്കുന്നു. മാൽത്തസിന്റെ വിഷാദാത്മകമായ പ്രവചനം അവിടങ്ങളിലെങ്കിലും യഥാർത്ഥീകരിക്കപ്പെടുമോ?

ശാസ്ത്രജ്ഞന്മാർ മറുപടി പറയുന്നു, അങ്ങനെ സംഭവിക്കണമെന്നില്ലെന്നു്. ലോകത്തിൽ അധിവസിക്കുന്ന നാം ശാസ്ത്രജ്ഞാനത്തേയും വ്യവസായികനേട്ടങ്ങളേയും പ്രയോജനപ്പെടുത്തുന്നപക്ഷം, നമുക്കു്, കുറഞ്ഞപക്ഷം നമ്മുടെ സന്താനങ്ങൾക്കു്, സകലമനുഷ്യരുടേയും, വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന അവരുടെ കുടുംബത്തിന്റേയും ആവശ്യത്തിനു വേണ്ട ഭക്ഷ്യവിഭവങ്ങൾ ഉല്പാദിപ്പിക്കുവാൻ കഴിയുമെന്നാണു് അവർ പറയുന്നതു്. യുദ്ധാനന്തരം നാം കണ്ടുകഴിഞ്ഞു, നാളത്തെ ലോകത്തെ തീറ്റിപ്പോറ്റുമെന്നുള്ള ശാസ്ത്രീയ കണ്ടുപിടുത്തങ്ങളിൽ ചിലതെല്ലാം:—

1) ചൈനായിൽ 10 ലക്ഷം കന്നുകൾ കൊല്ലംതോറും റിൻഡർപെസ്റ്റു് എന്ന വ്യാധിയാൽ ചത്തൊടുങ്ങിയിരുന്നു. ഒരു കന്നു് ഓരോ വിളവുകാലത്തും 3 മുതൽ 5 വരെ ടൺ നെല്ലു വിളയിക്കുന്ന ഭൂമി ഉഴുതുപാകപ്പെടുത്തുന്നതിനു പ്രയോജനപ്പെട്ടിരുന്നതിനാൽ അതു മാത്രമായിരുന്നു ഓരോ ദരിദ്രകർഷകകുടുംബങ്ങളുടെ ജീവസന്ധാരണത്തിനു് ആധാരം. യുദ്ധകാലത്തു് ഈ വ്യാധിക്കെതിരായി ശാസ്ത്രജ്ഞന്മാർ ഒരു മരുന്നു കണ്ടുപിടിച്ചു കുത്തിവെച്ചു. കഴിഞ്ഞവർഷത്തിൽ 150 ലക്ഷം കന്നുകളെയാണു് കുത്തിവെച്ചതു്. അതോടുകൂടി കന്നുകളുടെ ചത്തൊടുങ്ങൽ നിലയ്ക്കുകയും ചെയ്തു.

2) പോളണ്ടിൽ 5 കുട്ടികളിൽ ഒന്നിനു ക്ഷയരോഗം പിടിപെട്ടിരുന്നു. എത്രയധികം പാൽ—തിളപ്പിച്ചതോ പാസ്ചുറൈസ്സ് ചെയ്തതോ ആയിരിക്കണം—കുട്ടികൾ കുടിക്കുന്നുവോ അത്രയധികം ശക്തി ക്ഷയരോഗത്തെ തടുത്തുനിൽക്കുവാൻ അവർക്കു ലഭിക്കും. പോളണ്ടിലെ കന്നുകാലികൾ പശുക്കളെ കൊന്നൊടുക്കുന്ന പൊറുക്കാത്ത ഒരു പകർച്ചവ്യാധിയാൽ ബാധിക്കപ്പെട്ടിരുന്നു. കറാ "പെനിസിലിൻ" കുത്തിവെച്ചുകഴിയുമ്പോൾ ഈ വ്യാധി നീങ്ങിക്കിട്ടുന്നു. അങ്ങനെ പോളണ്ടിലെ പശുക്കൾ ഇന്നു കൂടുതൽ പാൽ കൊടുത്തുകൊണ്ടിരിക്കുകയാണു്.

3) നമ്മുടെ പൂർവ്വികന്മാർ അവരുടെ ജന്മിമാർക്കു വിളവിന്റെ ഒരു ഭാഗം കൊല്ലംതോറും കപ്പംകൊടുത്തിരുന്നല്ലോ. നാമാകട്ടെ എലികൾക്കും ചില പ്രാണികൾക്കുമാണു് അതു കൊടുത്തുകൊണ്ടിരിക്കുന്നതു്. ഈ ജന്തുക്കൾ ലോകത്തിലാകെയുള്ള ധാന്യവിളവിന്റെ 10-ൽ ഒരംശം കൊല്ലംതോറും വെട്ടിവിഴുങ്ങിക്കൊണ്ടിരിക്കുകയാണു്. അമേരിക്കയിലെ മദ്ധ്യഭാഗത്തും തെക്കുഭാഗത്തുമുള്ള മനുഷ്യസംഖ്യയെ തീറ്റിപ്പോറ്റാൻ മതിയാകുന്ന ധാന്യമാണു് ഇങ്ങനെ നശിക്കുന്നതു്.

4) സർഡീനിയായിൽ ഓരോ കൊല്ലവും വെട്ടുകിളികൾ (Locusts) ചെന്നു് വിളവുവിഴുങ്ങുകയും ജനങ്ങളെ പട്ടിണിയിടുകയും ചെയ്തിരുന്നു. കഴിഞ്ഞ കൊല്ലത്തിലും വെട്ടുകിളികൾ ചെല്ലുകയുണ്ടായി. അത്തവണ അവയെ നേരിടുകതന്നെ ചെയ്തു. കണ്ണുനീരുകളോ വിലാപങ്ങളോകൊണ്ടല്ല, പ്രത്യുത തീജ്വാല അവയുടെ മേൽ പ്രക്ഷേപിച്ചും "ബെൻസിൻ ഹെക്സാക്ലോറൈഡ്" എന്നു വിളിക്കപ്പെടുന്ന വളരെ ശക്തിയേറിയ ശലഭധ്വംസകമായ മരുന്നു പ്രയോഗിച്ചുമാണു്. ആധുനികങ്ങളായ ഈ ആയുധങ്ങൾ സർഡീനിയായിലെ വിളവുകളെ വെട്ടുകിളികളുടെ ബാധയിൽനിന്നു സംരക്ഷിച്ചു.

5) ലോകത്തിൽ 10 ആളുകളിൽ 7-ം കൃഷികൊണ്ടാണു് ജീവിച്ചുപോരുന്നതു്. എന്നാൽ ഭൂതലത്തിന്റെ കരഭാഗത്തിൽ 12-ൽ ഒരംശമേ അവർ കൃഷിചെയ്യുന്നുള്ളു. ആധുനികശാസ്ത്രത്തിന്റെ സമ്പ്രദായങ്ങൾ പ്രയോഗിച്ചു് ഈ കൃഷിഭൂമി ഇരട്ടിയാക്കുവാൻ നമുക്കു കഴിയും. ഫിൻലൻഡിൽ ചെയ്തുകഴിഞ്ഞിരിക്കുന്നതുപോലെ മഞ്ഞുകട്ടയാൽ പൊതിഞ്ഞുകിടക്കുന്ന ഭൂഭാഗങ്ങൾ ഉഴുതശരിപ്പെടുത്തുവാൻ നമുക്കു കഴിയും. ബുൾഡോസറും ഡി. ഡി. ടി. യും ഉപയോഗിച്ചും വായുവിന്റെ നിലപാടു ക്രമപ്പെടുത്തിയും അമേരിക്കയിലെ ചൂടുള്ള ആമസോൺ വനാന്തരങ്ങളെ 'കൃഷിഭൂമിയാക്കുവാൻ നമുക്കു കഴിയും.

6) ഇലക്ട്രിക്ശക്തിയാൽ വായുവിൽനിന്നു നാം നൈട്രജൻ തിരിച്ചെടുക്കുകയും അതിൽനിന്നു കൃത്രിമമായ ഫെർട്ടിലൈസർ ഉണ്ടാക്കി കൃഷിഭൂമിയെ നവീകരിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണു്. കൃഷിഭൂമിയല്ലാതെതന്നെ ഇനിയൊരിക്കൽ ഭക്ഷ്യവിഭവങ്ങൾ ഉല്പാദിപ്പിക്കുവാൻ നമുക്കു കഴിഞ്ഞെന്നുംവരാം. കെമിക്കൽ സൊല്യൂഷൻ അടങ്ങിയ ടാങ്കുകളിൽ പരീക്ഷണാർത്ഥം വളരെയധികം പച്ചക്കറിസാധനങ്ങൾ വിളയിച്ചിട്ടുണ്ടു്. കൽക്കരിയിൽനിന്നു വിറ്റാമിനുകൾ നാം ഇപ്പോൾ നിർമ്മിക്കുകയും പുൽമൺകട്ടയിൽനിന്നു (Reat) തിന്നാൻ കൊള്ളുന്ന കൊഴുപ്പുണ്ടാക്കുവാൻ അടുത്ത ഭാവിയിൽ സാധിക്കുമെന്നു നാം കാണുകയും ചെയ്തിരിക്കുന്നു. വളരെയധികം ശുദ്ധമായ പ്രോട്ടീൻ അടങ്ങിയ ഒരുതരം യീസ്റ്റു് ചൈനയിലെ പഞ്ഞം ബാധിച്ചവർക്കു റേഷൻ കണക്കിനു വിതരണം ചെയ്യുന്നതും അടുത്തുതന്നെയുണ്ടാകും. സമുദ്രഗർഭത്തിൽ മറഞ്ഞുകിടക്കുന്ന ഭക്ഷ്യവിഭവങ്ങളെ കണ്ടുപിടിക്കുവാൻ നാം തുടങ്ങിയിട്ടുപോലുമില്ല.

7) മനുഷ്യരിലധികവും ലോകത്തിലെ നദീതീരങ്ങളിലാണു വസിക്കുന്നതു്. നദികളിൽ വെള്ളം പൊങ്ങുകയും വിളവുകൾ നശിക്കുകയും മേൽമണ്ണു ഒലിച്ചുപോവുകയും അങ്ങനെ ജനങ്ങൾ ദാരിദ്ര്യത്തിൽ മുഴുകുകയും ചെയ്യുക സാധാരണമാണല്ലോ. അപ്രകാരമുള്ള ഒരു നദിയായിരുന്നു അമേരിക്കയിലെ ടെന്നസ്സി—മഹാമിസ്സിസ്സിപ്പിയുടെ ഒരു ശാഖ. 15 കൊല്ലങ്ങൾക്കുമുമ്പു ഈ ടെന്നസ്സിയുടെ ശൂന്യമായ താഴ്വരയിലേക്കു് എൻജിനിയറന്മാർ അണിനിരന്നുചെല്ലുകയും ടി. വി. എ. എന്ന പ്രസിദ്ധമായ പണിയാരംഭിക്കുകയും ചെയ്തു. ഇന്നാകട്ടെ ആ നദീതീരങ്ങളിൽ വെള്ളപ്പൊക്കം തടഞ്ഞുനിർത്തുവാൻ 33 പുതിയ അണകൾ നില്ക്കുന്നുണ്ടു്. ആ നദിയുടെ അങ്ങനെ കെട്ടിനിർത്തിയിട്ടുള്ള വെള്ളം ഇലക്ട്രിക്കു് ശക്തിയെ ഉല്പാദിപ്പിക്കുകയും ചെയ്യുന്നു. ഇലക്ട്രിസിറ്റി കർഷകന്റെ കുടുംബങ്ങൾക്കും അവന്റെ കുട്ടികളുടെ സ്കൂളുകൾക്കും വെളിച്ചം നൽകുന്നു. അതു് അവന്റെ പശുക്കളെ കറക്കുന്നു, വസ്ത്രങ്ങൾ കഴുകുവാൻ അവന്റെ ഭാര്യയെ സഹായിക്കുന്നു, ആ താഴ്വരയെ ഐശ്വര്യത്താൽ അനുഗൃഹീതമാക്കിയിരിക്കുന്ന പുതിയ വലിയ വ്യവസായങ്ങൾക്കു ശക്തികൾ നൽകുകയും ചെയ്തിരിക്കുന്നു.

ലോകമാസകലം, ഇൻഡ്യയിൽതന്നെയും, താഴ്വരകൾ വികസിപ്പിക്കുന്ന ഉദ്യമങ്ങൾ സാദ്ധ്യമാണു, അവ നടന്നുപോരുന്നുമുണ്ടു്. യോർദ്ദാൻ നദി പലസ്തീനായിലെ ഉണക്കഭൂമിക്കു വെള്ളം നല്കും. മെക്സിക്കോയിലെ പപ്പലോവാപ്പൻ താഴ്വരയിലേക്കും ഇങ്ങനെയുള്ള ശക്തിയും പുരോഗതിയും എത്താതിരിക്കുകയില്ല. ആഫ്രിക്കായിലെ അപരിഷ്കൃതമായിക്കിടക്കുന്ന നൈജർ നദിയുടെ കാര്യംപോലും ഇങ്ങനെതന്നെയാണു്. (തുടരും)

## ഏജൻറുമാരുടെ ശ്രദ്ധയ്ക്കു്

ഞങ്ങളുടെ ചില ഏജൻറുമാർ പത്രവില സമയത്തു അടച്ചു പത്രം വാങ്ങിക്കാത്തതുകൊണ്ടും ചിലർ പിന്നീടു സംഖ്യ അടയ്ക്കുമെങ്കിലും മുടങ്ങിയ പത്രം വേണ്ടായെന്നു പറയുന്നതുകൊണ്ടും ഞങ്ങൾക്കു വലിയ നഷ്ടത്തിനിടയായിത്തീരുന്നു. അതിനാൽ പത്രം പ്രസിദ്ധപ്പെടുത്തുന്നതിനു ഒരാഴ്ച മുമ്പായിട്ടെങ്കിലും പത്രവില മുൻകൂർ അടയ്ക്കാത്ത ഏജൻറുമാർക്കുള്ള പത്രം മേലാൽ അടിക്കുന്നതല്ലെന്നു എല്ലാ ഏജൻറുമാരുടെയും അറിവിനായി പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു

മാനേജർ

## പാക്കിസ്ഥാൻ തീർത്ഥകർ

72 പേരടങ്ങിയ ഒരു സംഘം വിശുദ്ധവത്സരതീർത്ഥകർ മേയ് മാസത്തിൽ വിമാനമാർഗ്ഗം കറാച്ചിയിൽനിന്നും പുറപ്പെടുകയുണ്ടായി. 12 ദിവസം റോമിൽ ചെലവഴിച്ചശേഷം അസീസി, ഫാത്തിമ, ലൂർദ്ദ് മുതലായ സ്ഥലങ്ങൾ സന്ദർശിച്ചു. ലൂർദ്ദിൽവച്ചു് അത്ഭുതകരമായി പരിഗണിക്കപ്പെടാവുന്ന ഒരു രോഗശമനം അവർ ദർശിച്ചതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. തളർവാതം നിമിത്തം കൈകളുടേയും കാലുകളുടേയും സ്വാധീനശക്തി പരിപൂർണ്ണമായി നഷ്ടപ്പെട്ടിരുന്ന ഫ്രഞ്ചുകാരനായ ഒരു രോഗിയെ ഉന്തുവണ്ടിയിൽ കൊണ്ടുചെന്നു അവിടത്തെ കുളത്തിലിറക്കി കുളിപ്പിച്ചു. ഏതാനും മിനിട്ടുകൾ കഴിഞ്ഞപ്പോൾ കൈകളും കാലുകളും അനക്കുന്നതിനു് അയാൾക്കു സാധിച്ചു. അനന്തരം ഒരു ഡോക്ടരുടെ സഹായത്തോടുകൂടി ഉന്തുവണ്ടിയിൽനിന്നിറങ്ങി, നടന്നുതുടങ്ങി.

കഴിഞ്ഞമാസത്തിന്റെ അവസാനത്തിൽ തീർത്ഥകസംഘം ലണ്ടനിലെത്തി. അവിടെവച്ചു് ന്യൂമൻ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ അവർക്കു ഹൃദ്യമായ ഒരു സ്വീകരണം നല്കപ്പെട്ടു. ലണ്ടനിൽനിന്നും മടക്കംവഴി തീർത്ഥകർ സ്വിറ്റ്സർലൻഡും വെനീസും സന്ദർശിച്ചു ആകപ്പാടെ അവർ 11,000 മൈൽ യാത്രചെയ്തതായിട്ടാണു കണക്കാക്കപ്പെട്ടിരിക്കുന്നതു്.

## കൊറിയായിൽ സഭയുടെ സ്ഥിതി

ദക്ഷിണകൊറിയ കമ്മ്യൂണിസ്റ്റ് ശക്തികൾക്കു കീഴടങ്ങേണ്ടിവന്നാൽ അവിടെയുള്ള 165,000-ത്തോളം വരുന്ന കത്തോലിക്കരുടെ മതാനുഷ്ഠാനസ്വാതന്ത്ര്യം നഷ്ടിഭവിക്കുമെന്നതിനു സംശയമില്ല. ഉത്തരകൊറിയായിലെ 55,000 ത്തോളം വരുന്ന കത്തോലിക്കർക്കു്, 1945-ൽ ആ രാജ്യവിഭാഗം റഷ്യയുടെ നിയന്ത്രണത്തിലായതുമുതൽ സ്വാതന്ത്ര്യം നഷ്ടിഭവിച്ചിരിക്കയാണു്. അവിടെയുണ്ടായിരുന്ന വിദേശീയവൈദികരിലും കന്യാസ്ത്രീകളിലും ഭൂരിഭാഗവും അറസ്റ്റുചെയ്യപ്പെടുകയുണ്ടായി. വൈദികവിദ്യാപീഠങ്ങളും സന്യാസമന്ദിരങ്ങളും ഗവൺമെന്റധികാരികൾ അടച്ചുപൂട്ടി. കാരാഗൃഹവാസമനുഭവിക്കുന്നവരുടെ കൂട്ടത്തിൽ 67 ജർമ്മൻ വൈദികരുണ്ടു്. അവരെ മോചിക്കുവാനായി കിഴക്കും പടിഞ്ഞാറുമുള്ള മതാദ്ധ്യക്ഷന്മാരും രാഷ്ട്രീയാധികാരികളും പുറപ്പെടുവിച്ച അഭ്യർത്ഥനകൾ വിഫലങ്ങളായതേയുള്ളു. കാരാഗൃഹത്തിലടയ്ക്കപ്പെട്ട ഏതദ്ദേശീയ വൈദികരുടെ ഇപ്പോഴത്തെ സ്ഥിതി അജ്ഞാതമായിരിക്കുന്നു. ആകപ്പാടെ കൊറിയായിലുള്ള 250 വൈദികരിൽ, മൂന്നിൽ രണ്ടംശം നാട്ടുകാരാണു്.

യുദ്ധം ആരംഭിച്ചശേഷം ദക്ഷിണകൊറിയായിലെ മിഷനറിമാരെപ്പറ്റി പറയത്തക്കവിവരങ്ങളൊന്നും ലഭിച്ചിട്ടില്ല. അവിടത്തെ രണ്ടു മെത്രാന്മാരിൽ സീയോളിലെ വികാരി അപ്പസ്തോലിക്കയായ മോൺസിഞ്ഞോർ പോൾ റോ യുദ്ധമാരംഭിച്ചപ്പോൾ സ്ഥലത്തില്ലായിരുന്നു. മേയ്മാസത്തിൽ അദ്ദേഹം ഔദ്യോഗികസന്ദർശനാർത്ഥം റോമിലേക്കു പോയതാണു്. ദക്ഷിണകൊറിയായിൽ വേറൊരു മെത്രാനുള്ളതു്, ടയിക്കൂവിലെ വികാരി അപ്പസ്തോലിക്കയായ മോൺ. ജോൺ ചോ ആണു്.

ദക്ഷിണകൊറിയായിലെ ഡെലഗേറ്റു് അപ്പസ്തോലിക്കയായ പാട്രിക് ബയൺ തിരുമേനി സെക്രട്ടറി ഫാദർ ബൂത്തുമൊരുമിച്ചു് സീയോളിലെ ബ്രിട്ടിഷ് പ്രതിനിധിമന്ദിരത്തിൽ അഭയം തേടിയിരിക്കുന്നതായി വിശ്വസിക്കപ്പെടുന്നു.

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the mar Louis Memorial Press
Ernakulam

യാക്കോബായസഭയിൽ

# സമാധാനം സാദ്ധ്യമോ?

(12-ാം പേജ് തുടർച്ച)

ഏററുപറയുകയും ചെയ്യുന്നു. നമ്മുടെ മലങ്കരമെത്രാപ്പോലീത്താമാർ മലങ്കരയിലല്ലാതെ അന്ത്യോക്യായിലൊ യൂറോപ്പിലൊ അധികാരം പ്രയോഗിക്കുന്നില്ലാത്തതുപോലെയാണ് നമ്മുടെ പാത്രിയർക്കീസന്മാരും യൂറോപ്പിലേക്കും മററും മിഷനറിമാരെ അയക്കുകയൊ മററൊ ചെയ്യാതിരിക്കുന്നതു്. എന്നാൽ യൂറോപ്യൻ രാജ്യങ്ങളിലെ പ്രോട്ടസ്റ്റൻറുകാർ മാർപ്പാപ്പായെ അനുകരിക്കുന്നതുകൊണ്ടു് മാത്രമാണ് ലോകത്തിലെവിടെയും അവരുടെ മിഷനറിമാരെ അയക്കുന്നതു്. പുരാതനവിശ്വാസങ്ങളും കാനോനാകളും അവർ പാടെ തിരസ്കരിച്ചിരിക്കയും ആണല്ലോ.

ആദിമ ക്രൈസ്തവസഭ അതിപരിശുദ്ധയായിരുന്നുവെന്നു നാമെല്ലാം സമ്മതിക്കുന്നു. അതിപരിശുദ്ധയായിരുന്ന ആദിമസഭ റോമ്മാ പാത്രിയർക്കീസിനെ റിശ്ശു് പാത്രിയർക്കീസായി അംഗീകരിച്ചിരുന്നെങ്കിൽ അതു് ദൈവികവിശ്വാസം മൂലമായിരിക്കണമല്ലോ. ദൈവികവിശ്വാസത്തിനെതിരായി പുതിയ വിശ്വാസം കൊണ്ടുവരുന്നവർ വി. പൗലോസിൻറ സാക്ഷ്യപ്രകാരം ശാപത്തിനർഹരാണ്. (ഗലാ. 1. 8) വി. പത്രോസിൻറ പിൻഗാമികളും ക്രൈസ്തവസഭയുടെ പരമാധികാരികളും റോമ്മാ മാർപ്പാപ്പാമാരാണെന്നുള്ള അപ്പസ്തോലിക വിശ്വാസത്തിനെതിരായി പുതിയ വിശ്വാസങ്ങൾ നാം പഠിപ്പിക്കുന്നതിനാലാണ് നമ്മുടെ സഭയും ഇതര അകത്തോലിക്കാസഭകളും ഒന്നിനൊന്നു് ക്ഷയിച്ചുപോകുന്നതെന്നു് ഇനിയെങ്കിലും മനസ്സിലാക്കി എത്രയും വേഗം കത്തോലിക്കാസഭയുമായി നാം പുനരൈക്യപ്പെടുകയൊ അത്രയും നമുക്കു ഭാഗ്യം. നേരെമറിച്ചു് മാർത്തോമ്മാ, സി. എം. എസ്. മുതലായ പ്രോട്ടസ്റ്റൻറു് സഭകളിലേക്കു നാം പോകുന്നെങ്കിൽ പരിപാവനമായി നാം കരുതുന്ന കൂദാശകളും മററും നമുക്കു നഷ്ടപ്പെടുമെന്നു മാത്രമല്ല നമ്മുടെ ആത്മരക്ഷ പോലും അപകടത്തിലാകും. ലോകം മുഴുവൻ നേടിയാലും നമ്മുടെ ആത്മാവു് നശിച്ചാൽ അതുകൊണ്ടു് നമുക്കു എന്തു പ്രയോജനം?

റിശ്ശു് പാത്രിയർക്കീസായ റോമ്മാ പാത്രിയർക്കീസ് അബദ്ധവിശ്വാസങ്ങൾ പഠിപ്പിച്ചുവെന്നുള്ള തെററിദ്ധാരണമൂലമോ, തങ്ങൾ പുതുതായി കൊണ്ടുവന്ന ഉപദേശത്തെ ഉപേക്ഷിക്കുവാനുള്ള മടിയോ ദുശ്ശാഠ്യമോ മൂലമോ ആണ് ഓരോ ഭിന്നസഭകൾ ഉണ്ടായിട്ടുള്ളതു് എന്നു് തിരുസഭാചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. എവുത്തിക്കോസിൻറ ഏകസ്വഭാവവാദത്തെയാണ് കൽക്കദോനിയായിൽ വച്ചു് ശപിച്ചിട്ടുള്ളതു്. എവുത്തിക്കോസിൻറ ഉപദേശത്തെ നാമും ശപിക്കുന്നുണ്ടു്. പിന്നെ എന്തുകൊണ്ടു് നാം കൽക്കദോനിയാ സൂനഹദോസ് സ്വീകരിക്കുന്നില്ല?

വി. പത്രോസിൻറ പിൻഗാമിയായ റിശ്ശു് പാത്രിയർക്കീസിനു് സഭയെ ഒരു അബദ്ധവിശ്വാസം പഠിപ്പിക്കാമെന്നു് വാദത്തിനുവേണ്ടി സമ്മതിച്ചാൽ അദ്ദേഹത്തിൽനിന്നു വിട്ടുമാറുന്ന സ്വതന്ത്രസഭകളുടെ പരമാധികാരികൾക്കും അബദ്ധവിശ്വാസങ്ങൾ പഠിപ്പിക്കാമെന്നു വരുമല്ലോ. ഇങ്ങനെ ആയാൽ ക്രൈസ്തവസഭ അവശ്യം ചിന്നിച്ചിതറുകതന്നെ ചെയ്യും. പക്ഷെ "ഏക തൊഴുത്തും ഏക ഇടയനു"മായി ലോകാവസാനംവരെ നിലനിൽക്കേണ്ടതിനായി പത്രോസാകുന്ന പാറമേൽ സർവ്വശക്തനായ ദൈവം സ്ഥാപിച്ച സഭ ഭോഷനായ മനുഷ്യൻ മണലിന്മേൽ പണിത വീടുപോലെ ചിന്നിച്ചിതറുമെന്നു് വിചാരിക്കുവാൻ ആർക്കു കഴിയും? ക്രിസ്തുവും പരിശുദ്ധാത്മാവും സഭയോടുകൂടി എന്നും ലോകാവസാനംവരെ ഉണ്ടാകുമെന്നും അതിനെ സത്യത്തിൽ നയിക്കുമെന്നും ക്രിസ്തു വാഗ്ദാനം ചെയ്തിരിക്കെ സഭ അബദ്ധങ്ങൾക്കു് അധീനമാകുകയൊ നശിച്ചുപോകുകയൊ ചെയ്യുമോ? (മത്താ: 28: 18-20. യോ. 14: 15. 16. 13.)

സഭയുടെ അദൃശ്യതലവൻ യേശുമിശിഹാതന്നെയാകുന്നു. സഭയുടെ ദൃശ്യതലവന്മാരായി അവിടുന്നു് ഏല്പ്പെടുത്തിയിട്ടുള്ളവർ മനുഷ്യരാകയാൽ അവർക്കു് തെററിപ്പോകുവാൻ പാടുണ്ടു് എന്നു് ക്രിസ്തുവിനു് അറിയാമായിരുന്നതിനാൽ സഭയുടെ പരമാധികാരിയായി താൻ നിയമിച്ച വി. പത്രോസിൻറ വിശ്വാസസ്ഥിരതയ്ക്കുവേണ്ടിമാത്രം ക്രിസ്തു പ്രാർത്ഥിക്കുന്നതായി നാം കാണുന്നു. (ലൂക്കാ. 22: 31. 32). വി. പത്രോസിനുവേണ്ടി ക്രിസ്തു ഇവിടെ പ്രാർത്ഥിച്ചതു് അദ്ദേഹത്തിൻറ വ്യക്തിപരമായ ഒരു നന്മയ്ക്കുവേണ്ടിയല്ലായിരുന്നുവെന്നു് അദ്ദേഹത്തിനു പിന്നീടുണ്ടായ അനുഭവത്തിൽനിന്നും നമുക്കു് മനസ്സിലാക്കാം. എന്തുകൊണ്ടെന്നാൽ ഈ പ്രാർത്ഥനയ്ക്കുശേഷമാണല്ലോ ക്രിസ്തുവിനെ മൂന്നു പ്രാവശ്യം ഉപേക്ഷിച്ചു പറയുവാൻ അദ്ദേഹത്തിനു് ഇടയായതു്. അതിനാൽ സഭയുടെ പരമാധികാരിയെന്ന നിലയിലാണ് ഈ തെററാവരം നൽകപ്പെട്ടിട്ടുള്ളതു് എന്നു് സിദ്ധം. പരമാധികാരിയെന്ന നിലയിൽ നൽകപ്പെട്ടതു് അദ്ദേഹത്തിൻറ പിൻഗാമികൾക്കും സിദ്ധിക്കേണ്ടതാണല്ലോ. ക്രിസ്തുവിൻറ ഉപദേശങ്ങൾ നമുക്കു് ഇഷ്ടംപോലെ വിശ്വസിക്കുവാനൊ വിശ്വസിക്കാതിരിക്കുവാനൊ സ്വാതന്ത്ര്യം ഉണ്ടായിരുന്നുവെങ്കിൽ ഇപ്രകാരം തെററാവരത്തോടുകൂടിയ ഒരു വ്യാഖ്യാതാവിൻറ ആവശ്യം ഉണ്ടാകയില്ലായിരുന്നു. അതിനു് നമുക്കു് സ്വാതന്ത്ര്യമില്ല. ക്രിസ്തു ഉപദേശിച്ചവ സകലവും നാം വിശ്വസിക്കണം. (മത്താ. 28: 20. 5: 16; മർക്കോസ്. 16: 16.). ഓരോ വേദവാക്യത്തിനും പല അർത്ഥങ്ങൾ ഉണ്ടാകാം. അതിനു് ദൈവം ഉദ്ദേശിച്ചിരിക്കുന്ന അർത്ഥം എന്താണെന്നു് നമുക്കു വ്യാഖ്യാനിച്ചുതരുവാൻ അധികാരവും ശക്തിയും ഉള്ളവർ വി. പത്രോസും അദ്ദേഹത്തിൻറ പിൻഗാമികളുമാണ്.

"സഭയെ കേൾക്കാത്തവൻ നിനക്കു് ചുങ്കക്കാരനും പുറജാതിയും പോലെയാകട്ടെ." (മത്തായി. 18. 17). സഭ ഒന്നേ ഉള്ളൂ. ആ സഭ കത്തോലിക്കാസഭയാണെങ്കിൽ അതിൻറ അധികാരികളെ ശ്രവിക്കാത്തവർ ചുങ്കക്കാർക്കും പുറജാതിക്കാർക്കും സമന്മാരാണ്. ഇവർക്കു് നിത്യരക്ഷ ലഭിക്കുമോ? അതിനാൽ നാം അറിഞ്ഞുകൊണ്ടു് ഈ സഭയിൽനിന്നും മാറിനിന്നാൽ നമ്മുടെ ആത്മരക്ഷപോലും അപകടത്തിലാകയില്ലയോ? വൃഥാ പറയുന്ന ഓരോ വചനത്തിനുപോലും കണക്കു് കേൾപ്പിക്കേണ്ടിവരുന്ന ആ വിധിദിവസത്തിൽ നാം ഇതേപ്പററി എന്തു സമാധാനം നൽകും?

കത്തോലിക്കാസഭയുടെ പല ഉപദേശങ്ങളും അബദ്ധങ്ങളാണെന്നു് നമുക്കു തോന്നുന്നെങ്കിൽ അതു നമ്മുടെ തെററിദ്ധാരണമൂലമാണ്. ആ തെററിദ്ധാരണകൾ തീർത്തു് കത്തോലിക്കാസഭയുമായി എത്രയും വേഗം പുനരൈക്യപ്പെടണമെന്നു് ഓരോ യാക്കോബായക്കാരനോടും നിങ്ങളുടെ ഈ എളിയ സഹോദരൻ സാദരം അപേക്ഷിച്ചുകൊള്ളുന്നു.

മെത്രാൻ ബാവാകക്ഷിയിൽ പെട്ട എൻറ സഹോദരന്മാരെ, പിസ്കിഗ്ഗ്കാർ ചിങ്ങവനത്തുവെച്ചു് നടത്തിയ സമാധാനാലോചനകളും പരാജയപ്പെട്ടിരിക്കയാണല്ലോ. ഇനിയും ഈ രണ്ടു കക്ഷികളും യാക്കോബായക്കാരായി നിന്നുകൊണ്ടു് യോജിക്കുന്നതിനു് യാതൊരാശയും കാണുന്നില്ല. അതിനാൽ നമ്മുടെ ഐക്യത്തിനുള്ള ഏകമാർഗ്ഗം രണ്ടു കക്ഷികളും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുകമാത്രമാകുന്നു. കാതോലിക്കാ കക്ഷിക്കാരുടെ പട്ടം വാസ്തവമല്ലല്ലോ, എന്നൊരു വാദം ഇവിടെ ഉണ്ടാകുവാൻ പാടുണ്ടു്. അവർക്കു പട്ടമില്ലെന്നു് പാത്രിയർക്കീസും മററും പറയുന്നതു് ചില കാര്യസാദ്ധ്യത്തിനു വേണ്ടിയാണെന്നു് സ്പഷ്ടമാണ്. മുടക്കപ്പെടുന്നതുകൊണ്ടു് ഒരാളുടെ പട്ടവും മററും നഷ്ടപ്പെടുന്നു എന്നാണല്ലോ ഇവരുടെ ഈ നവീനവാദം. മുടക്കപ്പെടുന്നതുമൂലം പട്ടം ഇല്ലാതാകുമെങ്കിൽ മുടക്കുതീർക്കുമ്പോൾ പട്ടം വീണ്ടും നല്കേണ്ടയോ? പക്ഷെ ഇവർ അപ്രകാരം നല്കുന്നില്ല. മാത്രമല്ല കത്തോലിക്കരെ മുടക്കപ്പെട്ടവരായിട്ടാണ് നാം പരിഗണിക്കുന്നതു്. ലെയോൻ മാർപ്പാപ്പയെ നാം പ്രത്യേകം ശപിക്കുന്നുമുണ്ടല്ലോ. എങ്കിലും കത്തോലിക്കർ നല്കുന്ന പട്ടവും മാമ്മോദീസായും മററും വാസ്തവമായിട്ടുള്ളവയാണെന്നു് പാത്രിയർക്കീസ് കക്ഷിക്കാർപോലും സമ്മതിക്കുന്നു. മുടക്കപ്പെട്ട കത്തോലിക്കർ നല്കുന്ന പട്ടവും മററും വാസ്തവമാകാമെങ്കിൽ മുടക്കപ്പെട്ടു എന്നു വൃഥാ പറയപ്പെടുന്ന നമ്മുടെ അബ്ദുൽ മിശിഹാ പാത്രിയർക്കീസ് നല്കിയ പട്ടവും വാസ്തവമാകേണ്ടയോ? അതിനാൽ മെത്രാൻകക്ഷിക്കാർക്കു് പട്ടമില്ലെന്നു പറയുന്നതിൽ യാതൊരർത്ഥവുമില്ല. ആകയാൽ നാം ഇരു കക്ഷികളുമൊന്നിച്ചു് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നപക്ഷം ദീർഘകാലമായി നിലനില്ക്കുന്ന നമ്മുടെ ഭിന്നത അവസാനിക്കുക മാത്രമല്ല നാനാപ്രകാരത്തിലും നാം അഭിവൃദ്ധിപ്പെടുകയും ചെയ്യും. ഈദൃശമായ പുനരൈക്യത്തിനായി പിസ്കിഗ്ഗ്കാരും മററും ഉദ്യമിക്കണമെന്നു് സാദരം അപേക്ഷിച്ചുകൊള്ളുന്നു.

---

## സ്നേഹിതൻ

(2-ാം പേജ് തുടർച്ച)

ചെന്നു കാണേണ്ടതു് തൻറ അനുപേക്ഷണീയ കർത്തവ്യമാകണമെന്നുതന്നെ അവൻറ അന്തഃകരണം അവനെ ഉപദേശിച്ചു. അവൻ യാത്രയായി.

കൊല്ലം ഡിസ്ട്രിക്ട് ആസ്പത്രിയിൽ, നിസ്സഹായനായ മാത്തപ്പനെ ജോസഫ് കണ്ടു. മററു രോഗികളോടൊപ്പംതന്നെ അയാൾ കിടക്കുകയാണ്. അവിടെ പരിജനങ്ങളില്ല; കാറുമില്ല; യജമാനത്വവുമില്ല. ജോസഫ് അത്ഭുതപ്പെട്ടു. ബാങ്കുമാനേജരായിരുന്നപ്പോൾ എല്ലാമുണ്ടായിരുന്നു. കൈയിലുണ്ടായിരുന്ന സമ്പാദ്യങ്ങൾ എല്ലാം തീർന്നുവെന്നു കണ്ടപ്പോൾ സ്നേഹിതന്മാരും പിൻവാങ്ങി. ആരും ആശ്രയമില്ലാതെ ദീനത്തിൻറ വേദനയിൽ ഞെരങ്ങുന്ന മാത്തപ്പനെ കണ്ടപ്പോൾ ജോസഫ് നെഞ്ചത്തു് കൈവച്ചു. "എൻറ കർത്താവേ!" അവൻ നിലവിളിച്ചുപോയി.

മാത്തപ്പനു് സംസാരിക്കുവാൻ സാധിക്കുമായിരുന്നില്ല. എങ്കിലും ജോസഫിനെ ഇന്നു് ആ കണ്ണുകൾ തിരിച്ചറിഞ്ഞു.

ജോസഫ് ദീനവിവരങ്ങൾ ഒരു നേഴ്സിനോടു് തിരക്കി.

"ഹൃദയസംബന്ധമായ ഒരു സുഖക്കേടാണ്. ആരോഗ്യമുള്ള നല്ലരക്തം കുറെ കുത്തിവെച്ചാൽ ഒരുപക്ഷേ ഭേദമായെന്നുവരാം."

നേഴ്സ് പറയുന്നതു ജോസഫ് മിഴിച്ചുനിന്നുകേട്ടു. അവൾ തുടർന്നു:

"പക്ഷേ, എന്തു ഫലം? ഈ വിവരം ഡോക്ടർ രോഗിയോടു് നേരത്തേ പറഞ്ഞതാണ്; എന്നാൽ ഒരു മനുഷ്യനും ഇതുവരെ അതിനു സന്നദ്ധനായി വന്നില്ല."

ജോസഫ് എന്തോ ആലോചനയിൽ മുഴുകിയിരിക്കുന്നതുപോലെ കാണപ്പെട്ടു.

"രക്തം കുത്തിവെച്ചാൽ ദീനം ഭേദമാകുമെന്നുണ്ടെങ്കിൽ അതിനെന്താണു വിഷമം?" ജോസഫ് പറഞ്ഞു.

"എന്താണു വിഷമമെന്നോ? വിഷമമില്ലെങ്കിൽ ഈ "പേഷ്യൻറിനെ" അങ്ങനെ സഹായിക്കുവാൻ ആരും വരാഞ്ഞതെന്താണു്?" നേഴ്സ് ചോദിച്ചു.

"ഇപ്പോൾ വന്നതായി വിചാരിക്കുക."

"ആരു്, നിങ്ങളോ?"

"അതേ." അവൻ സമ്മതിച്ചു.

ഡോക്ടർ വന്നു ജോസഫിൻറ രക്തം പരിശോധിച്ചു. ആവശ്യമുള്ളിടത്തോളം രക്തം എടുത്തുകൊള്ളുവാൻ അവൻ അനുജ്ഞ നല്കി.

* * *

ജോസഫ് നാട്ടിൽ തിരിച്ചെത്തി. രക്തം വളരെയധികം അവൻറ ദേഹത്തുനിന്നും എടുക്കപ്പെട്ടിരുന്നു. ദേഹം നന്നേ ക്ഷീണിച്ചുവശായി. വയലിൽ ജോലിചെയ്യുന്നതിനു് അവൻ അപ്രാപ്തനായിത്തീർന്നു. പരിക്ഷീണഗാത്രനായ ജോസഫ് തൻറ കർത്തവ്യം നിർവ്വഹിച്ചതിൽ കൃതകൃത്യനായി കഴിഞ്ഞുകൂടി. മഴക്കാലം വന്നു. ജോസഫിനു ഒരു പനിയും ചുമയും ബാധിച്ചു. അവൻ കിടക്കയിൽതന്നെ കഴിഞ്ഞുകൂടി. ഓരോ ദിവസം ചെല്ലുന്തോറും ക്ഷീണം വർദ്ധിച്ചു വർദ്ധിച്ചുവന്നു.

ഒരു രാത്രിയിൽ തണുപ്പു് വളരെ കൂടുതലായിരുന്നു. ജനാലയിൽക്കൂടി ഒരു കുളിർകാററു് കടന്നുവന്നു് ജോസഫിൻറ കിടക്കയുടെ ചുററുമിരുന്നു വിലപിച്ച ബന്ധുജനങ്ങളെ ആശ്വസിപ്പിച്ചു. കൊല്ലത്തുനിന്നും വന്നയുടനെ പനിപിടിച്ചു എന്നുമാത്രം അവർക്കറിയാം. അതിൽ കൂടുതൽ അവരെ അറിയിക്കുവാൻ അവൻ സന്നദ്ധനായിരുന്നില്ല. "ഒരു സ്നേഹിതനുവേണ്ടി തൻറ ജീവൻ കൊടുക്കുന്നതിൽപ്പരം ത്യാഗമില്ല" എന്നുള്ള ദിവ്യസൂക്തത്തിൻറ അർത്ഥം അവൻ ശരിക്കു മനസ്സിലാക്കിയിരുന്നു.


അന്നു പരമത്യാഗിയായ ആ സ്നേഹദായകൻ വഞ്ചനനിറഞ്ഞ ലോകത്തോടു് അന്ത്യയാത്ര പറഞ്ഞു. ഒരു കൊച്ചു ചീവീടിൻറ ദീർഘമായ വിലാപധ്വനി അവിടെയെങ്ങും മുഴങ്ങി. അനന്തമായ അന്തരീക്ഷത്തിൽക്കൂടി ഒരു വാനമ്പാടി ഏതോ ശോകഗാനം പാടിക്കൊണ്ടു പറന്നുപോയി.

* * *

ഇന്നും കാണാം പലപ്പോഴും ആ ശവക്കല്ലറയുടെ സമീപത്തായി മാത്തപ്പൻ ഇരുന്നു വിലപിക്കുന്നതു്. ചെറുപ്പത്തിൽ തങ്ങൾ പറഞ്ഞ ആ കഥ അവരിൽ എത്ര അന്വർത്ഥമായി എന്നു ഓർക്കുമ്പോൾ മാത്തപ്പൻറ കണ്ണുകൾ ബാഷ്പാകുലമാകും; അവൻ ഒരു കൊച്ചുകുട്ടിയെപ്പോലെ അവിടെയിരുന്നു നിലവിളിക്കും.

തനിക്കുവേണ്ടി ജീവനർപ്പിച്ച ആ ഭ്രാതാവിൻറ കല്ലറയുടെ സമീപത്തിരുന്നു കണ്ണീരൊഴുക്കിയിട്ടെങ്കിലും തൻറ കൃതഘ്നതയുടെ കനത്ത പാപഭാരം നീക്കുവാൻ അവൻ ബദ്ധപ്പെടുകയാണു്!

ദ്രോഹത്തെ സ്നേഹംകൊണ്ടു് ജയിച്ച ആ പാവനചരിതൻറ ദിവ്യസന്ദേശം ഇന്നും ആ ആറടി മണ്ണു് പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്നു.




"ഇന്നും കാണാം പലപ്പോഴും ആ ശവകല്ലറയുടെ സമീപത്തായി മാത്തപ്പൻ ഇരുന്നു വിലപിക്കുന്നതു്."

Sathya Deepam

Vol. 23 Ernakulam July 26 1950 No. 46

## യാക്കോബായ സഭയിൽ

# സമാധാനം സാദ്ധ്യമോ?

(1-ാം പേജ് തുടർച്ച)

ളും ആട്ടുകളേയും, കുഞ്ഞാടുകളേയും, പെണ്ണാടുകളേയും മേയ്ക്കുവാനുള്ള അധികാരവും സ്വർഗ്ഗരാജ്യമാകുന്ന സഭയുടെ താക്കോലുകളും മറ്റു ശ്ലീഹന്മാരെ വിശ്വാസത്തിൽ ഉറപ്പിക്കുവാനുള്ള ചുമതലയും വി. പത്രോസിനു മാത്രമാണല്ലോ യേശുമിശിഹാ നൽകിയിരിക്കുന്നതു്. (യോഹ. 21: 15—18. മത്താ. 16: 17—19 ലൂക്കാ 22: 31—32) അതിനാൽ വി. പത്രോസിൽനിന്നും അദ്ദേഹത്തിന്റെ പിൻഗാമികളിൽനിന്നും ആടുകൾക്കും കുഞ്ഞാടിനും പെണ്ണാടിനും മാറിനിൽക്കുവാൻ പാടുള്ളതല്ല. സഭയുടെ അധികാരം രാഷ്ട്രീയാധികാരികളുടേതുപോലെ (ലൗകികമായ) ഒന്നല്ല. സഭയുടെ അധികാരികളെ ദൈവമായ ക്രിസ്തു നേരിട്ടു നിയമിച്ചിട്ടുള്ളതാണു്. അവരെ ദൈവത്തെ എന്നപോലെ നാം അനുസരിക്കണമെന്നു് അവിടുന്നു് നമ്മോടു ആജ്ഞാപിക്കുകയും ചെയ്യുന്നു. "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. എന്റെ പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു" എന്നാണല്ലോ യേശുമിശിഹാ ശ്ലീഹന്മാരോടു അരുളിച്ചെയ്യുന്നതു്. (മത്താ. 28: 18) ക്രിസ്തുവിനെ വിമർശിക്കുവാനും നിയന്ത്രിക്കുവാനും നമുക്കു് അധികാരമില്ലാത്തതുപോലെ തന്നിൽനിന്നും സർവ്വാധികാരവും പ്രാപിച്ചിരിക്കുന്ന സഭയുടെ അധികാരികളേയും നമുക്കു നിയന്ത്രിക്കുവാനും വിമർശിക്കുവാനും അധികാരമില്ല. അവരെ നിയന്ത്രിക്കേണ്ടതു് അവരുടെ പരമാധികാരിയും പരമാധികാരിയെ നിയന്ത്രിക്കേണ്ടതു് ദൈവവുമാകുന്നു. ആകയാൽ ഓരോ രാഷ്ട്രങ്ങൾ സ്വാതന്ത്ര്യം പ്രാപിക്കുന്നതുപോലെ സഭയുടെ പരമാധികാരികളിൽനിന്നും നമുക്കു സ്വാതന്ത്ര്യം പ്രാപിക്കുവാൻ പാടില്ല.

മേൽപ്പറഞ്ഞ ലക്ഷണങ്ങൾ നമ്മുടെ യാക്കോബായ സഭയ്ക്കുണ്ടോ? അന്ത്യോക്യായിലും കിഴക്കും മാത്രം അധികാരമുള്ള ഒരു പാത്രിയർക്കീസിന്റെ കീഴിലുള്ള ഒരു സ്വതന്ത്രസഭയാണല്ലോ നമ്മുടേതു്. അപ്പോൾ പടിഞ്ഞാറും വടക്കും തെക്കും വേറെ സഭകൾ ഉണ്ടാകണം. അതിനാൽ നമ്മുടെസഭ ഏകവും കാതോലികവുമല്ല. 451-ലെ കൽക്കദോനിയാ സൂനഹദോസിൽവച്ചു മുടക്കപ്പെട്ട ഏക സ്വഭാവവാദികളെ 518 ൽ ദേശംതോറും യാക്കോബ് ബുർദാന കൂട്ടിച്ചേർത്തു് സ്ഥാപിച്ച നമ്മുടെസഭ എങ്ങനെ അപ്പോസ്തോലികമാകും? അന്ത്യോക്യാ സിംഹാസനത്തിൽ യഥാർത്ഥ പാത്രിയർക്കീസ് മാണോ നടത്തുമ്പോൾ അന്ത്യോക്യാപാത്രിയർക്കീസെന്ന നാമധേയത്തിൽ മറ്റൊരിടത്തു് യാക്കോബ്ബുർദാന വാഴിച്ച പാത്രിയർക്കീസിന്റെ പിൻഗാമികളാണല്ലോ നമ്മെ ഇപ്പോൾ ഭരിക്കുന്നതു്. നമുക്കു യാക്കോബായക്കാർ എന്ന പേരു സിദ്ധിച്ചതു ഈ യാക്കോബ്ബുർദാനയിൽനിന്നാണല്ലോ.

വി. പത്രോസിനു ശ്ലീഹന്മാരുടെ ഇടയിൽ പ്രഥമസ്ഥാനമുണ്ടായിരുന്നുവെന്നല്ലാതെ അവരുടെമേൽ അധികാരമുണ്ടായിരുന്നില്ലയെന്നു് നമ്മുടെ ചില ആളുകൾ വാദിക്കുന്നുണ്ടു്. എന്നാൽ ഈ അഭിപ്രായം നമ്മുടെ പൂർവ്വന്മാരായ പരിശുദ്ധപിതാക്കന്മാർക്കു് ഇല്ലായിരുന്നുവെന്നു് അവർ ഉണ്ടാക്കിയിട്ടുള്ളതും നാം ഇപ്പോഴും ഉപയോഗിക്കുന്നതും സ്വീകരിക്കുന്നതുമായ പ്രാർത്ഥനകളിലും കാനോനാകളിലുംനിന്നു് വ്യക്തമാകുന്നുണ്ടു്. (1) വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിന്റെ തലേദിവസത്തെ പ്രുമിയോനിൽ നമ്മുടെ മല്പാന്മാർ ഇങ്ങനെ ചൊല്ലുന്നു: "ബുദ്ധിഹീനന്മാരായ 12 പേരെ തന്റെ വ്യാപാരത്തിൽ താൻ തെരഞ്ഞെടുക്കയും.........പൂർണ്ണതയിൽ ശ്രേഷ്ഠനായ വി. പത്രോസിനെ തലവനും സഭയുടെ അടിസ്ഥാനവുമാക്കിത്തീർക്കയും തന്റെ ശ്ലീഹന്മാരിൽ പ്രധാനും ശ്രേഷ്ഠനുമായി നിയമിച്ചു ഏറ്റവും വലിയ പട്ടണമായ റോമ്മായിലേക്കു് അവനെ പറഞ്ഞയക്കയും ചെയ്തു" (2) ഈ തിരുനാൾ ദിവസത്തിലെ തന്നെ പെങ്കീസാ നമസ്കാരക്രമം സന്ധ്യാപ്രാർത്ഥനയിൽ വി. പത്രോസിനെ ഇങ്ങനെ സ്തുതിക്കുന്നു: "ശ്ലീഹന്മാരുടെ തലവനായ ശീമയോൻ വലിയ ഭാഗ്യം. അവനെ നമ്മുടെ രക്ഷിതാവു് സഭയുടെ അടിസ്ഥാനമാക്കിവച്ചു. എന്റെ ആടുകളേയും കുഞ്ഞാടുകളേയും പെണ്ണാടുകളേയും മേയിക്കുക എന്നു് അവനോടു പറയുകയും ചെയ്തു" ഇങ്ങനെ വി. പത്രോസിന്റെ പരമാധികാരത്തെ സൂചിപ്പിക്കുന്ന നിരവധി പ്രാർത്ഥനകൾ നമുക്കുണ്ടു്.

വി. പത്രോസിനു മറ്റു ശ്ലീഹന്മാരുടെമേൽ യഥാർത്ഥത്തിൽ അധികാരമുണ്ടായിരുന്നുവെന്നു് വി. ശ്ലീഹന്മാരും അവരെ തുടർന്നു ആദിമക്രിസ്ത്യാനികളും വിശ്വസിച്ചിരുന്നതിനാലാണല്ലോ യാക്കോബായക്കാരായ നാമും ഗ്രീക്കു് ഓർത്തഡോക്സുകാരും മറ്റും സ്വീകരിക്കുന്ന നിഖ്യാകാനോനാകൾ എന്നറിയപ്പെടുന്ന 84 കാനോനാകളിൽ പെട്ട 8-ാം കാനോനാ നിർമ്മിക്കുവാൻ കാരണമായതു്. പ്രസ്തുത കാനോനാ ഇങ്ങനെയാണു്: "ഒരു പാത്രിയർക്കീസിനു് തന്റെ അധികാരത്തിൻകീഴുള്ളവരുടെമേൽ ന്യായപ്രകാരം ഇഷ്ടമുള്ളതെല്ലാം പ്രവർത്തിക്കുവാൻ അധികാരമുള്ളതുപോലെ എല്ലാ പാത്രിയർക്കീസന്മാരുടെമേലും റോമ്മായിലെ പാത്രിയർക്കീസിനു് അധികാരമുണ്ടു്, ഭാഗ്യവാനായ പത്രോസിനു് പൊതുവിൽ എന്നതുപോലെ."

വി. പത്രോസിനും അദ്ദേഹത്തിന്റെ പിൻഗാമികൾക്കും ക്രൈസ്തവസഭയിൽ പരമാധികാരമുണ്ടെങ്കിൽ ഈ പരമാധികാരികളിൽനിന്നും നമുക്കു് ഒരുപ്രകാരത്തിലും മാറിനില്ക്കുവാൻ പാടുള്ളതല്ലല്ലോ. വി. പത്രോസിനു് തനിച്ചു് കെട്ടുവാനും അഴിക്കുവാനും അധികാരം നല്കപ്പെട്ടിട്ടുള്ളതിനാൽ അദ്ദേഹത്തിന്റെ പിൻഗാമിയും റീശ് പാത്രിയർക്കീസുമായ ലെയോൻ മാർപ്പാപ്പാ നമ്മെ മുടക്കിയിട്ടുണ്ടെങ്കിൽ ക്രിസ്തുവിന്റെ വാഗ്ദാനപ്രകാരം ആ മുടക്കു് സ്വർഗ്ഗത്തിലും അംഗീകരിക്കപ്പെടാതിരിക്കയില്ല. അതിനാൽ നമുക്കു മുടക്കുണ്ടെങ്കിൽ അതു നീക്കാതെ രക്ഷയില്ല. കെട്ടുവാനും അഴിക്കുവാനും ശ്ലീഹന്മാർക്കു പൊതുവെ അധികാരമുണ്ടല്ലോ എന്നു പറയുമായിരിക്കാം. (മത്താ. 18: 18) ഇവിടെ ശ്ലീഹന്മാരുടെ തലവനായി യേശുമിശിഹാ നിയമിച്ച വി. പത്രോസിനോടുകൂടിയുള്ള അവരുടെ ഗണത്തിനാണു് അവിടുന്നു് ഈ അധികാരം നല്കുന്നതു്. "നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും" എന്നാണു് അവിടുന്നു് അരുളിച്ചെയ്തിരിക്കുന്നതു്. അതിനാൽ തലവനായ വി. പത്രോസിന്റെ അധികാരത്തിൽനിന്നും മാറിനിന്നുകൊണ്ടു് ശ്ലീഹന്മാർ ഓരോരുത്തർ തനിച്ചു് കെട്ടിയാലും അഴിച്ചാലും അതിനു വിലയുണ്ടാകയില്ല. എന്നാൽ വി. പത്രോസിനോടു തനിച്ചു് "നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും" എന്നും മറ്റും യേശുമിശിഹാ അരുളിച്ചെയ്തിട്ടുള്ളതിനാൽ മറ്റു ശ്ലീഹന്മാരെ കൂടാതെ വി. പത്രോസിനു് തനിച്ചു് കെട്ടുകയും അഴിക്കുകയും ചെയ്യാമെന്നും മറ്റു ശ്ലീഹന്മാർ എല്ലാവരുംകൂടി കെട്ടിയതുപോലും തനിക്കഴിക്കാമെന്നും വ്യക്തമാകുന്നുണ്ടല്ലോ. ഇവിടെയാണു് പരമാധികാരം സ്ഥിതിചെയ്യുന്നതു്. സ്വർഗ്ഗരാജ്യമാകുന്ന സഭയുടെ താക്കോലുകൾ വി. പത്രോസിനു് നല്കുമെന്നു പറയുന്നതിന്റെ അർത്ഥവുംഇതുതന്നെയാണു്. ആകയാൽ ഇതിൽനിന്നും വി. പത്രോസിന്റെ പിൻഗാമികളായ റീശ് പാത്രിയർക്കീസന്മാർ തനിച്ചു് ഒരു മുടക്കു് കല്പിച്ചാലും മറ്റു മെത്രാന്മാരോടുകൂടി ഒരു പൊതുസുന്നഹദോസിൽവച്ചു മുടക്കിയാലും രണ്ടിന്റെയും വില ഒന്നുതന്നെയാണെന്നും, റീശ് പാത്രിയർക്കീസിനെക്കൂടാതെ മറ്റെല്ലാം പാത്രിയർക്കീസന്മാരും മെത്രാന്മാരുംകൂടി മുടക്കിയാലും അതിനു് യാതൊരു വിലയുമില്ലെന്നും സ്പഷ്ടമാകുന്നില്ലയോ? റീശ് പാത്രിയർക്കീസന്മാർക്കു് ഇത്രവലിയ ഒരധികാരം നല്കപ്പെട്ടിട്ടുണ്ടെങ്കിൽ അതിനെ അവർ ദുരുപയോഗിക്കുവാൻ പാടില്ലയോ എന്നു ചിലർക്കു് ഒരു സംശയം ഉണ്ടാകാം. സർവ്വശക്തനായ ദൈവമാണു് അവർക്കു ഈ അധികാരം നല്കിയിരിക്കുന്നതു്. അതിനാൽ അവരെ അവിടുന്നു് പ്രത്യേകവിധം നിയന്ത്രിച്ചുകൊള്ളുമെന്നു് നമുക്കു് ന്യായപൂർവ്വം അനുമാനിക്കാം.

'ഭൂലോകത്തിന്റെ നാലുഭാഗത്തിനൊപ്പിച്ചു് നാലു പാത്രിയർക്കീസന്മാർ ഉണ്ടായിരിക്കണം. അവരുടെയെല്ലാം വലിയതലവൻ (റീശ, റബ്ബാ) റോമ്മിൽ ഇരിക്കുന്ന ദേഹമായിരിക്കണം. അദ്ദേഹത്തോടുകൂടി അലെക്സാന്ത്രിയായിലെ പാത്രിയർക്കീസും, അദ്ദേഹത്തോടുകൂടി കുസ്തന്തീനോപ്പോലീസിലെ പാത്രിയർക്കീസും, അദ്ദേഹത്തോടുകൂടി അന്ത്യോക്യായിലും കിഴക്കും അധികാരമുള്ള അന്ത്യോക്യാപാത്രിയർക്കീസും ആയിരിക്കണം." എന്നാണല്ലോ നമ്മുടെ ഹൂദായകാനോൻ പറയുന്നതു്. ഈ പരിശുദ്ധ കാനോനായെ നമ്മുടെ ചില ആളുകൾ, ഉന്നതസ്ഥിതിയിൽ ഇരിക്കുന്നവർപോലും, വ്യാഖ്യാനിക്കുന്നതു് വലിയ തലവനോടുകൂടി മറ്റുപാത്രിയർക്കീസന്മാരും ആയിരിക്കണം എന്നു പറഞ്ഞിരിക്കുന്നതിനാൽ അവരും തലവന്മാർതന്നെ എന്നാണു്.

ക്രൈസ്തവസഭ ഏകമാണെന്നും വി. പത്രോസിനു് പരമാധികാരം ഉണ്ടെന്നും വിശ്വസിക്കുന്ന യാക്കോബായസഭയിലെ അംഗങ്ങൾ ക്രൈസ്തവസഭയിൽ സ്വതന്ത്രന്മാരായ നാലുതലവന്മാർ ഉണ്ടാകുമെന്നു് മേലുദ്ധരിച്ച കാനോനായെ അസ്ഥാനമാക്കി വ്യാഖ്യാനിക്കുന്നതു് കഷ്ടംകഷ്ടമെന്നല്ലാതെ എന്തുപറയട്ടെ. തങ്ങളുടെ വിശ്വാസത്തിനനുസരണമായി വേദപുസ്തകവാക്യങ്ങളെ ക്രമംതെറ്റി വെട്ടിത്തിരുത്തിയിട്ടുള്ള പ്രൊട്ടസ്റ്റന്റുകാരുടെ പ്രവൃത്തിയും ഇതും തമ്മിൽ വല്ല വ്യത്യാസവും ഉണ്ടോ? ഈ വ്യാഖ്യാനംകൊണ്ടു് സാധുക്കളായ നമ്മെ ഇവർക്കു വഞ്ചിക്കുവാൻ സാധിച്ചേക്കാം. സർവ്വജ്ഞനായ ദൈവത്തെ വഞ്ചിക്കുവാൻ കഴിയുമോ?

വി. പത്രോസിനു് പരമാധികാരമില്ലെന്നു് നമ്മിൽ ചിലരെല്ലാം വാദിക്കുന്നുണ്ടെങ്കിലും ഭൂരിപക്ഷവും അദ്ദേഹത്തിനു് പരമാധികാരമുണ്ടെന്നുതന്നെ സമ്മതിക്കുന്നുണ്ടു്. പക്ഷേ വി. പത്രോസ് തന്റെ പരമാധികാരസിംഹാസനം സ്ഥാപിച്ചതു് റോമ്മായിലല്ല അന്ത്യോക്യായിലാണെന്നാണു് ഇവരുടെ വാദം. വി. പത്രോസിന്റെ പരമാധികാരസിംഹാസനം അന്ത്യോക്യായിലല്ല റോമ്മായിലാണു് സ്ഥാപിതമായതു് എന്നുള്ളതിനു് ആയിരക്കണക്കിനു് തെളിവുകൾ ഉണ്ടെങ്കിലും ഒരു പ്രത്യക്ഷതെളിവുകൂടി എടുത്തു ഈ ചെറിയ ലേഖനത്തിൽ ചേർത്തുകൊള്ളട്ടെ.

അന്ത്യോക്യാ പാത്രിയർക്കീസന്മാർ വി. പത്രോസിന്റെ പരമാധികാരമുള്ള പിൻഗാമികളായിരുന്നുവെങ്കിൽ അവർക്കു ലോകമെങ്ങും അധികാരം ഉണ്ടായിരിക്കേണ്ടതായിരുന്നു. എന്തുകൊണ്ടെന്നാൽ വി. പത്രോസിനോടു് ലോകമെങ്ങുമുള്ള സകല ആടുകളേയും കുഞ്ഞാടുകളേയും മറ്റും മേയ്ക്കുവാനാണു് അവയുടെ ഉടമസ്ഥൻ കല്പിച്ചിരിക്കുന്നതു്. അവയുടെ എല്ലാം കണക്കു് അദ്ദേഹം ആടുകളുടെ ഉടമസ്ഥനെ കേൾപ്പിക്കേണ്ടിവരും. എന്നാൽ പിതാവേ, ഞാനും നീയും ഒന്നായിരിക്കുന്നതുപോലെ ഇവരും ഒന്നാകേണ്ടതിനു് ഞാൻ പ്രാർത്ഥിക്കുന്നു എന്നരുളിച്ചെയ്തുകൊണ്ടു് ലോകാവസാനംവരെ ഏകമായി നിലനില്ക്കേണ്ടതിനായി യേശുമിശിഹാ വി. പത്രോസിന്റെ പരമാധികാരത്തിൻകീഴ് സ്ഥാപിച്ച ഈ സഭയെ വി. പത്രോസിനോ അദ്ദേഹത്തിന്റെ പിൻഗാമികൾക്കോ നാലു സ്വതന്ത്രസഭകളായി വിഭജിക്കുവാൻ അധികാരമില്ല. (യോഹ. 20:23) എന്തുകൊണ്ടെന്നാൽ നിങ്ങൾ പോയി സകല ജാതികളോടും ഉപദേശിച്ചു് ... ...ഞാൻ പഠിപ്പിച്ചിട്ടുള്ളവ സകലതും ആചരിപ്പാൻ അവരെ പഠിപ്പിക്കുവിൻ എന്നാണല്ലോ അവിടുന്നു് അരുളിച്ചെയ്യുന്നതു്. (മത്താ: 28:18,19) അതിനാൽ ക്രിസ്തുവിന്റെ നിഷ്ഠകൾക്കെതിരായി പ്രവർത്തിക്കുവാൻ ഇവർക്കധികാരമില്ല. നമ്മുടെ അന്ത്യോക്യാപാത്രിയർക്കീസന്മാരാകട്ടെ അവർക്കു് അന്ത്യോക്യായിലും കിഴക്കും മാത്രമേ അധികാരമുള്ളു എന്നു് പറയുന്നു. ആ സ്ഥലങ്ങളിലെ ആടുകളുടെയും കുഞ്ഞാടുകളുടെയും കാര്യം മാത്രം അവർ അന്വേഷിക്കുന്നു. മറ്റുസ്ഥലങ്ങളിലെ ആടുകളും കുഞ്ഞാടുകളും ധൂർത്തപുത്രനെപ്പോലെ തങ്ങളുടെ അധികാരത്തിൽനിന്നും വിട്ടുപിരിഞ്ഞുപോയതാണെങ്കിൽ അവരെയും ഈ ഏകതൊഴുത്തിലേക്കു കൊണ്ടുവന്നു് ക്രിസ്തുവിന്റെ ആഗ്രഹമനുസരിച്ചു ഒരു തൊഴുത്തും ഒരു ഇടയനുമാക്കുവാൻ ഇവർ ശ്രമിക്കേണ്ടതല്ലയോ? എന്നാൽ ഇവർക്കു മറ്റു സ്ഥലങ്ങളിൽ അധികാരമുണ്ടെന്നു് വാദിക്കപോലും ചെയ്യുന്നില്ല. ഇതിന്റെ കാരണമെന്താണു്?

പൗരസ്ത്യസഭകളുടെ കാനോനാകൾ അനുസരിച്ചു് അന്ത്യോക്യാ, അലക്സാന്ത്രിയാ, കൊൺസ്റ്റാന്റിനോപ്പിൾ എന്നീ സിംഹാസനങ്ങളിലെ പാത്രിയർക്കീസന്മാർക്കു് അവരവർക്കു് നിശ്ചയിച്ചിട്ടുള്ള സ്ഥലങ്ങളിൽ മാത്രമേ അധികാരമുണ്ടായിരുന്നുള്ളു. ഒരു പാത്രിയർക്കീസിനു് മറ്റു പാത്രിയർക്കീസന്മാരുടെ അധികാരാതിർത്തിയിൽ അധികാരം പ്രയോഗിക്കുവാൻ പാടില്ലായിരുന്നു. പൂർവ്വപിതാക്കന്മാരും കാനോനാകളും അനുസരിച്ചു് ഈ പാത്രിയർക്കീസന്മാർ ഇന്നും വർത്തിക്കുന്നതിനാലാണു് ഇവരുടെ ഭരണാതിർത്തിക്കു പുറത്തുള്ള സ്ഥലങ്ങളിലേക്കു് മിഷനറിമാരെ അയക്കയോ മറ്റു് അധികാരങ്ങൾ പ്രയോഗിക്കയോ ചെയ്യാതിരിക്കുന്നതു്. റോമ്മാപാത്രിയർക്കീസന്മാർക്കാകട്ടെ വി. പത്രോസിന്റെ പിൻഗാമികൾ എന്ന നിലയിൽ ലോകമെങ്ങും അധികാരമുള്ളതിനാൽ ലോകമെങ്ങുമുള്ള സകല മനുഷ്യരെയും അവരുടെ ഭരണത്തിൻകീഴുള്ള ഏകസഭയിലേക്കു് കൊണ്ടുവരേണ്ട ചുമതല തങ്ങൾക്കുണ്ടെന്നുള്ള ഉത്തരവാദബോധത്തോടെ തിരുസഭയുടെ ആരംഭകാലംമുതൽ അവർ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും മിഷനറിമാരെ അയക്കയും മറ്റും ചെയ്യുന്നു. ഇതിനാലാണു് മാർപ്പാപ്പായുടെ കീഴിലുള്ള കത്തോലിക്കാസഭ ഭൂലോകത്തിന്റെ എല്ലാ ദിക്കിലും മൂലയിലും നമുക്കു ദർശിക്കുവാൻ കഴിയുന്നതു്. മറ്റു് പാത്രിയർക്കീസന്മാരുടെ കീഴിലുള്ളവരെ അവരവരുടെ പരിമിതമായ അധികാരാതിർത്തിയിൽ മാത്രമേ നാം കാണുന്നുള്ളു. ആകയാൽ മാർപ്പാപ്പാമാർ വി. പത്രോസിന്റെ പിൻഗാമികളും ക്രൈസ്തവസഭയുടെ പരമാധികാരികളുമാണെന്നു് ആദ്യകാലംമുതലുള്ള അവരുടെ പ്രവൃത്തികൾ സ്വയം തെളിയിക്കുകയും മറ്റു് പാത്രിയർക്കീസന്മാർക്കു് പരമാധികാരമില്ലെന്നു് അവരുടെ ഇതുവരെയുള്ള പ്രവൃത്തികൾ സ്വയം

(ശേഷം, 11-ാം പേജിൽ)